Newspaper for malayalees Worldwide ◆Estd.2020

# വാചകം

VACHAKAM

CHICAGO
Vol.5 / Issue 15/ Pages32
05
നവംബർ 2025
ബുധനാഴ്ച
1201 തുലാം 12

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



Newspaper for malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 15/ Pages32
05
നവംബർ 2025
ബുധനാഴ്ച
1201 തുലാം 12

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

# അമിതാവേശം വേണ്ട!

# ഡെമോക്രാറ്റുകൾക്ക് മുന്നറിയിപ്പുമായി നിരീക്ഷകർ




അമേരിക്കയിൽ എന്ത് നടക്കുന്നു എന്നറിയാൻ ലോക രാജ്യങ്ങൾക്കെല്ലാം വളരെയധികം ആകാംഷയാണ്. ഇപ്പോൾ യു.എസ് രാഷ്ട്രീയത്തിൽ ഡെമോക്രാറ്റിക് പാർട്ടിക്ക് ഒരു പുതിയ ഉണർവ്വ് നൽകിക്കൊണ്ടാണ് ന്യൂയോർക്കിലെ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നിരിക്കുന്നത്. പ്രതീക്ഷിച്ചതിലും മികച്ച വിജയം നേടിയ പാർട്ടിക്ക് ഇത് ആശ്വാസവും ആവേശവുമാണ്. എന്നാൽ ഈ വിജയത്തിന്റെ യഥാർത്ഥ കാരണങ്ങളെക്കുറിച്ചും, ഈ ഫലങ്ങളെ എങ്ങനെ വ്യാഖ്യാനിക്കണം എന്നതിനെക്കുറിച്ചും ഡെമോക്രാറ്റുകൾ അതീവ ജാഗ്രത പാലിക്കേണ്ടതുണ്ടെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ.അമേരിക്കയിലെ ഏറ്റവും വലിയ നഗരമായ ന്യൂയോർക്കിന്റെ മേയർ സ്ഥാനത്തേക്ക് ട്രംപ് പിന്തുണച്ച ആൻഡ്രൂ ക്യൂമോയെ പരാജയപ്പെടുത്തിക്കൊണ്ടാണ് സോഹ്റാൻ മംദാനി ഉജ്ജ്വല വിജയം നേടിയത്. പ്രസിഡന്റ് ട്രംപ

ശേഷം പേജ് 8ൽ

## ട്രംപിന്റെ തീരുവ: നിയമസാധുതയിൽ സംശയം പ്രകടിപ്പിച്ച് സുപ്രീം കോടതി

ന്യൂയോർക്ക്: ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങൾക്ക് മേൽ പ്രതികാര തീരുവ ചുമത്തിയ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നടപടിയെ യുഎസ് സുപ്രീം കോടതി ശക്തമായി വിമർശിച്ചു. പ്രതികാര തീരുവ ചുമത്താനുള്ള കാരണമായി യുഎസ് ഭരണകൂടം മുന്നോട്ടുവച്ച വാദങ്ങൾ അംഗീകരിക്കാൻ കഴിയുമോ എന്ന് സംശയമുണ്ടെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.ദേശീയ താൽപ്പര്യം സംരക്ഷിക്കുന്നതിനും യുഎസ് സമ്പദ്‌വ്യവസ്ഥ തകരുന്നത് തടയുന്നതിനുമാണ് വിവിധ രാജ്യങ്ങളിൽ പ്രതികാര തീരുവ ചുമത്തിയതെന്ന് പ്രസിഡന്റിന്റെ ഭരണകൂടത്തിനുവേണ്ടി ഹാജരായ യുഎസ് സോളിസിറ്റർ ജനറൽ ജോൺ സോവർ വാദിച്ചു. കേസിലെ വാദങ്ങൾ ഇപ്പോഴും കോടതിയിൽ തുടരുകയാണ്. ട്രംപിൻറെ തീരുവകൾ ചട്ടവിരുദ്ധമാണെന്ന് നേരത്തേ യു എസ് കോർട്ട് ഓഫ് ഇൻറർനാഷണൽ ട്രേഡ് വിധിച്ചിരുന്നു. സുപ്രീംകോടതി വിധി ഇന്ത്യ ഉൾപ്പടെ വിവിധ രാജ്യങ്ങൾക്ക് നിർണായകമാണ്. തീരുവ ചട്ടവിരുദ്ധമാണെന്ന് യു എസ് സുപ്രീംകോടതി വിധിച്ചാൽ വാങ്ങിയ പകരം തീരുവ മുഴുവൻ ട്രംപ് ഭരണകൂടം തിരിച്ച് കൊടുക്കണ്ടി വരുമെന്നതാണ് യാഥാർഥ്യം.

ജാഗ്രത! കത്തിവേഷക്കളി വരുന്നു! (സി. രാധാകൃഷ്ണൻ എഴുതുന്നു) ..................പേജ് 04
വിപുലമാകട്ടെ ഓപ്പറേഷൻ 'സൈ ഹണ്ട്' ..................................................... പേജ് 15
'വോട്ടുചോരി' യിലും ജനത്തിന്റെ ചേരിയറിയാൻ നെട്ടോട്ടം ...................... പേജ് 16
ചുടു ചുംബനത്തിന്റെ മായാത്ത മുദ്ര പതിഞ്ഞ നഗരം .............................. പേജ് 17
വേടന്റെ വിയർപ്പ് തുന്നിയിട്ട കുപ്പായവും ഇലക്ഷൻ കാലത്ത് സർക്കാർ എടുത്തണിയുന്ന പളപളപ്പൻ വേഷങ്ങളും .............................. പേജ് 24

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ‘നമ്മുക്ക് കാണാം’: മംദാനിയുടെ വെല്ലുവിളി ഏറ്റെടുത്ത് ട്രംപ്




ന്യൂയോർക്ക്: പുതുതായി തിരഞ്ഞെടുക്കപ്പെട്ട ന്യൂയോർക്ക് സിറ്റി മേയർ സൊഹ്റാൻ മംദാനിയുടെ പ്രസംഗത്തിലെ വെല്ലുവിളിക്ക് മറുപടി നൽകി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ട്രൂത്ത് സോഷ്യലിലെ പോസ്റ്റിലൂടെയാണ് മംദാനിക്ക് ട്രംപ് മറുപടി നൽകിയത്. മേയറും റിപ്പബ്ലിക്കൻ പ്രസിഡന്റും തമ്മിലുള്ള വലിയ രാഷ്ട്രീയ പോരാട്ടത്തിന്റെ തുടക്കമായാണ് ഈ വാക്പോര് കണക്കാക്കപ്പെടുന്നത്.

34കാരനായ മംദാനി തന്റെ വിജയ പ്രസംഗത്തിലൂടെ പ്രസിഡന്റിനോട്, താൻ പറയുന്നത് വ്യക്തമായി കേട്ടോളൂ എന്ന് നേരിട്ട് വെല്ലുവിളിച്ചതിന് മണിക്കൂറുകൾക്ക് ശേഷമാണ്, ‘എന്നാൽ നമുക്ക് തുടങ്ങാം!’ എന്ന് ട്രംപ് തന്റെ ഔദ്യോഗിക ഹാൻഡിലിൽ കുറിച്ചത്. ‘ഡൊണാൾഡ് ട്രംപ്, നിങ്ങൾ ഇത് കാണുന്നുണ്ടെന്ന് എനിക്കറിയാം, എനിക്ക് നിങ്ങളോട് പറയാനുള്ളത് ഇതാണ്... .’ എന്നാണ് മംദാനി തന്റെ അനുയായികളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞത്.

‘ഡൊണാൾഡ് ട്രംപിനാൽ വഞ്ചിക്കപ്പെട്ട ഒരു രാജ്യത്തിന് അദ്ദേഹത്തെ എങ്ങനെ പരാജയപ്പെടുത്താമെന്ന് കാണിച്ചു കൊടുക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ, അത് അദ്ദേഹത്തിന് ജന്മം നൽകിയ ഈ നഗരത്തിനാണ്. ഒരു സ്വേച്ഛാധിപതിയെ ഭയപ്പെടുത്താൻ എന്തെങ്കിലും വഴിയുണ്ടെങ്കിൽ, അത് അയാൾക്ക് അധികാരം നേടാൻ അവസരമൊരുക്കിയ സാഹചര്യങ്ങളെ ഇല്ലാതാക്കുക എന്നതാണ്. ഇങ്ങനെയാണ് നമ്മൾ ട്രംപിനെ തടയുന്നത്. മാത്രമല്ല, അദ്ദേഹത്തിനെ പിന്തുടർന്ന് എത്തുന്ന അടുത്ത ആളെയും നമ്മൾ ഇങ്ങനെ തന്നെ തടയും.’ മംദാനി പറഞ്ഞു.

ട്രംപിന്റെ കുടിയേറ്റ നയങ്ങളെയും സ്വേച്ഛാധിപത്യ പ്രവണതകളെയും നേരിടുന്നതിലായിരിക്കും തന്റെ പ്രധാന ശ്രദ്ധ എന്ന് മംദാനി പ്രതിജ്ഞയെടുത്തപ്പോൾ, മംദാനിയുടെ നേതൃത്വത്തിൻ കീഴിൽ നഗരത്തിനുള്ള ഫെഡറൽ ഫണ്ടിംഗിൽ കുറവ് വരുത്തിയേക്കാമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു.

# സൊഹ്റാൻ മംദാനിക്ക് യുഎസ് പ്രസിഡന്റാകാൻ കഴിയാത്തത് എന്തുകൊണ്ട് ?



ന്യൂയോർക്ക്: അമേരിക്കയിലെ ന്യൂയോർക്ക് സിറ്റി മേയർ തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് നേതാവായ സൊഹ്റാൻ മംദാനി വിജയിച്ചതോടെ വഴി മാറിയത് ചരിത്രം. ഇതോടെ ന്യൂയോർക്ക് നഗരത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ ഇന്ത്യൻ അമേരിക്കൻ വംശജനായ മേയറായി അദ്ദേഹം സ്ഥാനമേൽക്കും. ഡെമോക്രാറ്റിക് പാർട്ടിക്കാരനായ മംദാനിയുടെ വിജയം, അദ്ദേഹത്തെ പരാജയപ്പെടുത്താൻ പരസ്യമായി ആഹ്വാനം ചെയ്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കനത്ത തിരിച്ചടിയായി.

അമേരിക്കയിലെ ഏറ്റവും വലിയ നഗരമായ ന്യൂയോർക്കിൽ ട്രംപ് പിന്തുണച്ച സ്വതന്ത്രസ്ഥാനാർഥിയും മുൻ ഗവർണറുമായ ആൻഡ്രൂ കോമോയെയും റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർഥി കർട്ടിസ് സ്‌ലീവയെയും തോൽപ്പിച്ചാണ് മംദാനിയുടെ വിജയം. മംദാനിക്ക് 50.4 ശതമാനം വോട്ടും (10.36 ലക്ഷം) കോമോക്ക് 41.6 ശതമാനവും(8.54 ലക്ഷം) സ്‌ലീവയ്ക്ക് 7.1 ശതമാനവും (1.46 ലക്ഷം) വോട്ടു കിട്ടി. ഡെമോക്രാറ്റിക് പാർട്ടിയിലെ ഇടതുപക്ഷക്കാരനാണ് 34 കാരനായ മംദാനി.

എന്നാൽ അമേരിക്കൻ രാഷ്ട്രീയത്തിലെ പുത്തൻ താരോദയമായി ഡെമോക്രാറ്റുകൾ മംദാനിയിൽ പ്രതീക്ഷവെക്കുമ്പോഴും അദ്ദേഹത്തിന് യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ലെന്നതാണ് വസ്തുത. പ്രസിഡന്റാകാനുള്ള മാനദണ്ഡങ്ങളിലൊന്ന് സ്ഥാനാർഥി യുഎസിൽ ജനിച്ചിരിക്കണമെന്നാണ്. മംദാനി ജനിച്ചത് യുഗാൺഡയിലാണ്.

യുഎസ് ഭരണഘടനയുടെ ആർട്ടിക്കിൾ രണ്ടിലെ സെക്ഷൻ ഒന്നിൽ ‘സ്വാഭാവികമായി യുഎസിൽ ജനിച്ച പൗരനല്ലാതെ മറ്റാരും... പ്രസിഡന്റ് സ്ഥാനത്തേക്ക് യോഗ്യരല്ല.’ എന്ന് പ്രസ്താവിക്കുന്നു. ഈ നിയമം ആധുനിക അമേരിക്കയിലെ ഏറ്റവും പ്രശസ്തരായ ചില പൊതു വ്യക്തികളെ മാറ്റിനിർത്തി.

എലോൺ മസ്കിന് പ്രസിഡന്റാകാൻ കഴിയില്ല. കാലിഫോർണിയ ഭരിച്ച് കെന്നഡി രാജവംശത്തിൽ ചേർന്നതിനുശേഷവും ആർനോൾഡ് ഷ്വാസ്നെഗർക്കും മത്സരിക്കാൻ കഴിഞ്ഞില്ല. ഇന്ത്യൻ അമേരിക്കൻ ചലച്ചിത്രസംവിധായിക മീരാ നായരുടെയും കൊളംബിയ സർവകലാശാലാ അധ്യാപകനും ഇന്ത്യൻ വംശജനുമായ മഹ്മൂദ് മംദാനിയുടെയും മകനാണ് സൊഹ്റാൻ. സിറിയൻ വംശജയായ ആർട്ടിസ്റ്റും ആനിമേറ്ററുമായ റാമ ദുവാജിയാണ് ഭാര്യ.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## American Diary — 60 years Ago

### *The United States and Cuba signed a "Freedom Flights" for Cuban families*

The U.S military began Operation HUMP, a joint search-and-destroy mission with Australian forces during the Vietnam War. Additionally, the United States and Cuba signed a Memorandum of Understanding to start "Freedom Flights" for Cuban families wanting to emigrate to the U.S.

The "Freedom Flights" (Vuelos de la Libertad) were a U.S.-supported airlift that transported more than 260,000 Cuban emigrants to the United States between December 1965 and April 1973. The agreement was reached after Fidel Castro announced in September 1965 that Cubans wishing to emigrate could leave




from the port of Camarioca, leading to a disorganized boatlift.

The subsequent agreement aimed to manage the migration in an orderly fashion, prioritizing family reunification for Cubans with relatives already in the United States.

November 05, 1965

# സർക്കാർ ഷട്ട്ഡൗൺ; 40 വിമാനത്താവളങ്ങളിൽ 10% വിമാന സർവീസ് കുറച്ചു അമേരിക്ക




അമേരിക്കൻ ഗതാഗത സെക്രട്ടറിയായ ഷോൻ ഡഫി ബുധനാഴ്ച പ്രഖ്യാപിച്ചത് പ്രകാരം, സർക്കാർ ഷട്ട്ഡൗൺ തുടരുന്നതിനാൽ രാജ്യത്തെ 40 പ്രധാന വിമാനത്താവളങ്ങളിലെ വിമാന സർവീസുകൾ 10% കുറയ്ക്കുന്നതായിൽ റിപ്പോർട്ട്. ഇത് വെള്ളിയാഴ്ച രാവിലെ മുതൽ പ്രാബല്യത്തിൽ വരും എന്നാണ് ലഭിക്കുന്ന വിവരം. അതേസമയം ഈ തീരുമാനത്തിലൂടെ ദിവസത്തിൽ ഏകദേശം 3,500 മുതൽ 4,000 വരെ വിമാനങ്ങൾ ബാധിക്കപ്പെടും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. എന്നാൽ ഏത് വിമാനത്താവളങ്ങളാണ് ബാധിക്കപ്പെടുന്നതെന്ന് ഇപ്പോഴും വ്യക്തമാക്കിയിട്ടില്ല.

‘ഇത് മുൻകരുതൽ നടപടിയാണ്’ എന്നാണ് ഡഫി പറഞ്ഞത്. ‘സർവ്വീസുകൾ കുറയ്ക്കാതെ പോവുകയാണെങ്കിൽ, ലോകത്തിലെ ഏറ്റവും സുരക്ഷിതമായ വിമാന സർവീസ് സംവിധാനം എന്ന പ്രശസ്തി നിലനിർത്താൻ കഴിയില്ല’ എന്നാണ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ (FAA) മേധാവിയായ ബ്രയാൻ ബെഡ്ഫോർഡിന്റെ പ്രതികരണം. എന്റെ വ്യവസായ ജീവിതത്തിൽ ഇതുപോലെ ചെയ്യുന്നത് ആദ്യമായാണ് എന്നും വിഷയത്തിൽ എഅഅ ഉടൻ തന്നെ എയർലൈൻ കമ്പനികളുമായി കൂടിയാലോചന നടത്തും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം ഷട്ട്ഡൗൺ കൂടുതൽ നീണ്ടാൽ കൂടുതൽ വിമാനങ്ങൾ റദ്ദാകാം എന്നും എയർ ട്രാഫിക് സിസ്റ്റം സാധാരണ നിലയിലേക്ക് തിരിച്ചെത്താൻ ആഴ്ചകൾ എടുക്കും എന്നുമാണ് ലഭിക്കുന്ന വിവരം. ‘ഇപ്പോൾ ഉണ്ടാകുന്ന ആഘാതങ്ങളിൽ നിന്ന് പൂർണ്ണമായും മുക്തമാകാൻ ആഴ്ചകൾ വേണ്ടിവരും’ നാഷണൽ എയർ ട്രാഫിക് കൺട്രോളേഴ്സ് അസോസിയേഷൻ പ്രസിഡന്റായ നിക് ഡാനിയൽസ് പറഞ്ഞു.

## റീ...പോളിംഗ്




*രാജ്യത്ത് ജനാധിപത്യം കരുത്തോടെ നിലനിൽക്കും എന്ന് ബീഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ*

കഥയില്ലായ്മകൾ

# ജാഗ്രത! കത്തിവേഷക്കളി വരുന്നു!





സി. രാധാകൃഷ്ണൻ

പണ്ട് ഒരു ശ്വാന സംഘടന ദൈവത്തെ ചെന്നു കണ്ട് ഒരു പരാതി പറഞ്ഞു: പൊതുവേ മനുഷ്യർ പശുക്കളെ സ്നേഹിക്കുന്ന അത്ര ഞങ്ങളെ സ്നേഹിക്കുന്നില്ല. ഇതിനൊരു പരിഹാരം ഉണ്ടാക്കി തരണം!

കുറച്ചിട ക്ഷമിക്കാൻ ദൈവം അവരോട് പറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ അവർക്ക് വിശന്നു തുടങ്ങി. അതോടെ അവരുടെ സൗമ്യ സ്വഭാവം നഷ്ടപ്പെട്ടു.

അതിനിടയിലേക്കാണ് ദൈവത്തിന്റെ വക വളരെ സ്വാദുള്ള ആഹാരം കൊണ്ടുവന്നു നൽകിയത്. അത് കണ്ടതും എല്ലാവരും കൂടി അതിൽ ചാടി വീണ് പരസ്പരം കടിച്ചു കീറി. സ്വർഗ്ഗത്തിലെ സമാധാനപാലകർ അവരെ ഒരു ഭാഗത്തേക്ക് അടിച്ചൊതുക്കി.

അവരെ ഇങ്ങനെ മാറ്റി നിർത്തി ദൈവം കുറച്ച് പശുക്കളെ വിളിച്ചു വരുത്തി അവർക്ക് തിന്നാൻ ഇഷ്ടം പോലെ പച്ചപ്പുല്ല് ഇട്ടുകൊടുത്തു. വളരെ സമാധാനമായി വട്ടം കൂടി നിന്ന് അവർ ആ പുല്ല് എല്ലാവരും ഒരുമിച്ച് ആഹാരം ആക്കി.

അതു കണ്ട് നായ്ക്കൾക്ക് കാര്യം മനസ്സിലായി. പക്ഷേ, ഭൂമിയിൽ തിരിച്ചെത്തുന്ന സമയം കൊണ്ട് അവ ആ പാഠം മറന്നു പോയി.

നാട്ടിലെ വഴക്കുകളും വക്കാണുകളും കാണുമ്പോൾ ഇത് ഓർമ്മ വരുന്നു. ഇത്രയൊന്നും വിവരവും വിദ്യാഭ്യാസവും ഇല്ലാത്ത കാലത്ത് മനുഷ്യർ തമ്മിൽ ഇതിലേറെ സൗഹൃദം ഉണ്ടായിരുന്നു എന്നാണ് തോന്നുന്നത്. സമൂഹം ഇത്രയൊന്നും ശിഥിലമായിരുന്നില്ല. ജാതി മത വർഗ്ഗ താൽപര്യങ്ങൾ സൗഹൃദത്തിന് അപായമായിരുന്നില്ല ഇന്നുള്ള അളവിൽ. വല്ല പിണക്കവും ഉണ്ടായാൽ തന്നെ അത് പെട്ടെന്ന് പറഞ്ഞു തീരും.

ഇന്ന് കാര്യം അങ്ങനെയല്ല. ഞാൻ എത്ര പേരെ ജാതി മതം തുടങ്ങിയവയുടെ പേരിൽ തമ്മിൽ തല്ലിക്കൊന്നു അത്രയാണ് എന്റെ ജീവിതവിജയം എന്നാണ് സ്ഥിതി. വെറും തമ്മിൽ തല്ലും അല്ല, വെട്ടും കുത്തും കുടിപ്പകയും വരെയാണ് ബാക്കി! നാളേക്കുള്ള എന്റെ മൂലധനമാണ് ഇന്ന് എന്റെ ഇരകൾക്ക് ഇടയിൽ ഞാനുണ്ടാക്കി വയ്ക്കുന്ന കുടിപ്പകകൾ.

പ്രശ്നംഏതായാലുംചർച്ചമുറുകുംതോറും പക വർദ്ധിക്കുന്നതായാണ് പലപ്പോഴും കാണുക. ഈ വിരോധാഭാസത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ എന്റെ നാട്ടിലെ ഒരു വക്കീൽ ഗുമസ്ഥൻ എനിക്ക് ഒരു വിശ്വാസനീയമായ വിശദീകരണം തന്നു: എവിടെയെങ്കിലും ഒരു കലാപം ഉണ്ടായാൽ അതിന് കാരണം ആരെന്ന് അറിയണമെങ്കിൽ ആ കലാപം കൊണ്ട് ആർക്കാണ് ലാഭമുണ്ടായത് എന്ന് നോക്കിയാൽ മതി എന്നാണ് ആ ആപ്തവാക്യം!

ഉദാഹരണത്തിന് പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ ശത്രുതയുണ്ടാക്കി യുദ്ധം ഏർപ്പാടാക്കുന്നത് ആരെന്ന് അറിയണമെങ്കിൽ ആ യുദ്ധം കൊണ്ട് ആർക്കാണ് ഏറ്റവും വലിയ ലാഭം എന്ന് അന്വേഷിക്കുക. കുളം കലക്കിയത് ആര് എന്ന് അറിയണമെങ്കിൽ കലങ്ങിയ കുളത്തിൽ നിന്ന് മീൻ പിടിച്ചു കൊണ്ടു പോയത് ആരെന്ന് നിശ്ചയിക്കുക!

പക്ഷേ, അതിർത്തികളും ആയുധങ്ങളും ശത്രുതകളും ഉണ്ടാക്കുന്നവർ തന്നെ സമാധാനത്തിന്റെ പതാകാഹകരായി വരുന്നത് സൂക്ഷിക്കുക.

ഭരിക്കാൻ ഉള്ള സർക്കാറിനെ തെരഞ്ഞെടുക്കാനുള്ള പ്രവർത്തനത്തിന് ഇപ്പോൾ പറയുന്നത് ഇലക്ഷൻ എൻജിനീയറിങ് എന്നാണ്. ഏത് മാരകവികാരം ഊതി കത്തിച്ചാൽ ഏതു വിഭാഗത്തിന്റെ എത്ര വോട്ട് കിട്ടും എന്ന് കണക്കുകൂട്ടുന്നതിനുള്ള പേരാണ് ഇത്. കണക്ക് കൂട്ടിയാൽ മാത്രം പോരാ വക്കാണങ്ങളുടെ പടുത്തു കെട്ടുകൾ പണിഞ്ഞ് ചവിട്ടി കയറാനുള്ള വഴി തയ്യാറാക്കുകയും വേണം.

ഏതാനും ആഴ്ചകളിൽ ഈ ഒരു പണി ചെയ്തു കഴിഞ്ഞാൽ കഥകളിക്കാരുടെ ഭാഷയിൽ പിന്നെ സുഖം

പാവം നമുക്കോ, ഹാ, കഷ്ടവും

ഇതാ, ഈ കലാപരിപാടിക്ക് കേരളത്തിൽ സമയമായി. ഇതൊരു നാണം കെട്ട തട്ടിപ്പാണ് എന്ന് പറയരുത്. പറഞ്ഞാൽ ജനാധിപത്യ വിരോധിയായ മൂരാച്ചി എന്ന ചീത്തപ്പേര് വീഴും!



# ഫോമാ സെൻട്രൽ റീജിയന്റെ നാഷണൽ ബിസിനസ് സമ്മേളനം ഉജ്ജ്വലമായി നടത്തപ്പെട്ടു

ഷിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നാഷണൽ ബിസിനസ് സമ്മേളനത്തിനു മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് വേദിയായി. നവംബർ 2 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2.30നു ആരംഭിച്ച സമ്മേളനത്തിൽ ഫോമാ ദേശീയ നേതാക്കൾ, ഫോമയുടെ ബിസിനസ്സ് ഫോറം ചെയർമാൻ, ഫോമാ സെൻട്രൽ റീജിയൻ നേതാക്കൾ എന്നിവരുൾപ്പെടെ നിരവധി നേതാക്കൾ പങ്കെടുത്തു. ജോസ് മണക്കാട്ട്, ഷന മോഹൻ എന്നിവർ പരിപടികൾക്ക് നേതൃത്വം നൽകി.

നാഷണൽ ബിസിനസ് ചെയർമാൻ ബേബി ഊരാളിൽ ബിസിനസ് സമ്മിറ്റ് ഉദ്ഘാടനം ചെയ്തു. ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫോമാ എക്സിക്യൂട്ടിവ് ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്, ദേശീയ വനിതാ പ്രതിനിധി മഞ്ജു പിള്ള തുടങ്ങിയവർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

ഷിക്കാഗോയിലെ പ്രമുഖ ബിസിനസ് സംരംഭകരായ ജോർജ് മൊളക്കൽ, ടോം സണ്ണി, അബിൻ കുര്യാക്കോസ്, റോബിൻ തോമസ്, അജി മാത്യു, ജോസഫ് കണ്ണൂക്കാടൻ, ഷാൻ കാതലിമുട്ടം, ജെറി തെക്കേൽ, ബിജു കിഴക്കേക്കുറ്റ്, ജോസ് കോലഞ്ചേരി തുടങ്ങിയവർ ബിസിനസ് ആരംഭം, നിർമ്മിത ബുദ്ധി എങ്ങനെ നമ്മുടെ ദൈനം ദിന ജീവിതത്തെ ബാധിക്കുന്നു, പുതിയ നികുതി നിയമങ്ങൾ, സാമ്പത്തിക ആസൂത്രണം എന്നിവയെ സംബന്ധിച്ച് പ്രഭാഷണങ്ങൾ നടത്തി.

ജോൺസൻ കണ്ണൂക്കാടൻ, ഷന മോഹൻ, അച്ചൻകുഞ്ഞു മാത്യു, ജോസ് മണക്കാട്ട്, ജോൺ പാട്ടപ്പതി, ചെയർമാൻ ആന്റോ കവലക്കൽ, ബാബു മാത്യു, ജോസി കുരിശിങ്കൽ, സണ്ണി വള്ളിക്കളം, റീജിയണൽ കോർഡിനേറ്റർ സാബു കട്ടപ്പുറം, രാജൻ തലവടി എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ എല്ലാ വിശിഷ്ടാതിഥികൾക്കും ബിസിനസ് സംരംഭകർക്കും സ്പോൺസർമാരായ ജോർജ് മൊളക്കൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ചാക്കോച്ചൻ കിഴക്കേക്കുറ്റ്, സജി വർഗീസ്, ടോം സണ്ണി, ടോണി കിഴക്കേക്കുറ്റ്, ജെറിക്സ് തെക്കേൽ, സ്റ്റീവ് ക്രിഫേസ്, ഫാമിലി ഡെന്റൽ ആൻഡ്രൂ & ജോസഫ് ചാമക്കാല, ജോസഫ് & നിഷ കിടങ്ങയിൽ, ബാബു മാത്യു, നാൻസി നൊവാക്, തോമസ് കരികുളം, കൈരളി ഫുഡ്സ്, ആഗ്നെസ് മാത്യു, സിറിയക് കൂവക്കാട്ടിൽ, ഷോൺ അച്ചേട്ട് എന്നിവർക്കും പങ്കെടുത്ത എല്ലാ മലയാളി സുഹൃത്തുക്കൾക്കും കൃതജ്ഞത രേഖപ്പെടുത്തി. മനോഹരമായി ഈ സമ്മേളനം സംഘടിപ്പിച്ചതിന് ഫോമാ ദേശീയ നേതൃത്വം സെൻട്രൽ റീജിയന്റെ ചുമതലക്കാരെ പ്രത്യേകം അഭിനന്ദിച്ചു.

◗ ബിജു മുണ്ടക്കൽ



# സീറോ മലബാർ കൺവെൻഷന് ന്യൂയോർക്ക് ലോങ്ങ്ഐലൻഡ് പള്ളിയിൽ ഉജ്ജ്വല കിക്കോഫ്



ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവെൻഷന്റെ പ്രചരണാർത്ഥം ന്യൂയോർക്കിലെ ലോങ്ങ് ഐലൻഡ് സെന്റ് മേരീസ് സീറോ മലബാർ ദേവാലയം സന്ദർശിച്ച കൺവെൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നൽകി. ഇടവക വികാരി ഫാദർ ജോൺസ്റ്റി തച്ചാറ, ട്രസ്റ്റിമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവകജനം എന്നിവർ ജൂബിലി കൺവീനർ ഫാദർ ജോൺ മേലേപ്പുറം, ജൂബിലി ചെയർമാൻ ജോസ് ചാമക്കാല, ബിജി സി. മാണി എന്നിവരെ സ്വാഗതം ചെയ്തു.

ഫാദർ ജോൺ മേലേപ്പുറം രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളുടെ വിവരങ്ങൾ നൽകി. ജോസ് ചാമക്കാലയും, ബിജി സി. മാണിയും കൺവെൻഷന്റെ വിവിധ വശങ്ങളെ കുറിച്ച് പ്രതിപാദിച്ചു. ഡിസംബർ 31ന് മുൻപ് രജിസ്ട്രേഷൻ നടത്തി ഏർലി ബേർഡ് നിരക്കുകൾ ഉപയോഗപ്രദമാക്കുവാൻ ഏവരെയും ടീം ആഹ്വാനം ചെയ്തു. ഇടവകയിൽ നിന്നുള്ള കൺവെൻഷൻ പ്രതിനിധികളായ തോമസ് മാത്യു, ഷെറി ജോർജ്, ജോസഫ് മാത്യു, മാത്യു കൊച്ചുപുരക്കൽ(ട്രസ്റ്റി) എന്നിവർ രജിസ്ട്രേഷന് നേതൃത്വം നൽകി. ട്രസ്റ്റിമാരായ കുര്യക്കോസ് സെബാസ്റ്റ്യൻ, ഷിനു എബ്രഹാം, സിബി ജോർജ് എന്നിവർ കൺവെൻഷൻ ടീമിനോട് ചേർന്ന് രജിസ്ട്രേഷൻ നടപടികളിൽ സഹകരിച്ചു. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവെൻഷൻ ടീമിന് വലിയ ഊർജ്ജം പകർന്നു. കൺവെൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരിയച്ചൻ ഉറപ്പുനൽകി.

2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലാണ് (McCormick Place) സിറോ മലബാർ യുഎസ്എ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഒന്നിച്ച് ചേർക്കുന്ന ഈ സംഗമം, വിശ്വാസത്തെ മുറുകെ പിടിക്കുന്ന ഏവർക്കും ഒന്നിച്ചു ചേരാനും, ആശയങ്ങൾ പങ്കുവയ്ക്കുവാനും, പ്രവാസി ലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനും, ഉള്ള ഒരു അവസരം ആയിരിക്കും. ഈ കൺവെൻഷനിൽ ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റുകളും വിവിധ സംഘടനകളുടെ കൂട്ടായ്മകളും. നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും, വൈവിധ്യമാർന്ന കലാപരിപാടികളും, മത്സരങ്ങളും ഒരുക്കിയിരിക്കുന്നു. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്.

ഈ മഹത്തായ ആത്മീയ, സാംസ്കാരിക സംഗമത്തിൽ പങ്കെടുക്കുവാൻ രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ഈ ക്ഷണിക്കുന്നു. രൂപതയിലെ എല്ലാ പള്ളികളിലെയും കൺവെൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി എല്ലാ ഇടവകകളും സന്ദർശിക്കുവാൻ ശ്രമിക്കുന്നതായി കൺവെൻഷൻ ടീം അറിയിച്ചു. വിവരങ്ങൾ പങ്കുവയ്ക്കുക വഴി കൺവെൻഷൻ രജിസ്ട്രേഷൻ എളുപ്പമാവുകയും കൂടുതൽ വിശ്വാസികളെ ഈ മഹാ കൂട്ടായ്മയിൽ പങ്കു ചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു.

ലോങ്ങ്ഐലൻഡ് ഇടവകയിലെ വികാരിയച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 30 ലേറെ രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവെൻഷൻ ടീമിന് കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*

# അറ്റ്ലാന്റായിലെ സെന്റ് അൽഫോൻസാ ഫൊറോന പള്ളിയിൽ സീറോ മലബാർ കൺവെൻഷൻ കിക്കോഫ് വിജയകരം



രജത ജൂബിലി ആഘോഷിക്കുന്ന ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന കൺവെൻഷന്റെ കിക്കോഫ് അറ്റ്ലാന്റായിലെ സെന്റ് അൽഫോൻസാ ഫൊറോന പള്ളിയിൽ നടന്നു. കൺവെൻഷൻ കൺവീനർ ഫാദർ തോമസ് കടുകപ്പിള്ളിൽ, ആൻഡ്രൂസ് തോമസ്, സജി വർഗീസ് എന്നിവരെ ഇടവകാംഗങ്ങൾ ഹാർദ്ദവമായി സ്വീകരിച്ചു.

സെന്റ് അൽഫോൻസാ പള്ളി വികാരി ഫാ. റൂബൻ താന്നിക്കൽ ഇടവകയിലെ കൺവെൻഷൻ പ്രതിനിധികളായ അബ്രഹാം ആഗസ്തി (ട്രസ്റ്റി), ജൂലി സോജൻ, റെജിമോൻ മാത്യു, സിസ്റ്റർ അഞ്ജലി എന്നിവർ കൺവെൻഷൻ കിക്കോഫിന് നേതൃത്വം നൽകി. ആൻഡ്രൂസ് തോമസും സജി വർഗീസും കൺവെൻഷൻ രജിസ്ട്രേഷൻ നടപടികൾ വിശദമായി അവതരിപ്പിച്ചു. ട്രസ്റ്റിമാരായ സോജൻ തോമസ്, തോമസ് ജോബ്, ഡെറിൻ സാജ് എന്നിവർ കൺവെൻഷൻ ടീമിനോട് ചേർന്ന് സഹകരിച്ചു. ഇടവകയിലെ ആവേശകരമായ പ്രതികരണം ടീം അംഗങ്ങൾക്ക് വളരെ സന്തോഷം പകർന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ രജിസ്ട്രേഷനിൽ പങ്കുചേർന്ന ഇടവകയിലെ യുവജനങ്ങളുടെ പങ്കാളിത്തം ശ്ലാഘനീയമായിരുന്നു.

അറ്റ്ലാന്റായിലെ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 55 ലേറെ രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവെൻഷൻ ടീമിന് കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*



# ഷിക്കാഗോ മലയാളി അസോസിയേഷൻ 2025–27 ഭരണസമിതി പ്രവർത്തന ഉദ്ഘാടനം പ്രൗഢഗംഭീരമായി



ഷിക്കാഗോ: വടക്കേ അമേരിക്കയിലെ ആദ്യത്തേതും ഏറ്റവും വലുതുമായ മലയാളി സംഘടനയായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2025–27 കാലയളവിലേക്കുള്ള ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനവും 69–ാമത് കേരളപ്പിറവി ദിനാഘോഷവും മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു.

ഷിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ബിജു മുണ്ടക്കൽ കഴിഞ്ഞ 53 വർഷത്തെ മഹത്തായ പാരമ്പര്യമുള്ള അസോസിയേഷന്റെ വളർച്ചയെക്കുറിച്ചു പരാമർശിച്ചു കൊണ്ട് ആരംഭിച്ച സമ്മേളനത്തിൽ മുഖ്യാതിഥികളെയും മുൻ അധ്യക്ഷന്മാരെയും ഷിക്കാഗോ മലയാളി സമൂഹത്തെയും സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു.

ഷിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റുമാരായി വിവിധ കാലയളവുകളിൽ പ്രവർത്തിച്ച പതിനൊന്നു പേരുടെ സാന്നിധ്യത്തിൽ ഈയിടെ സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് ജെസ്സി റിൻസി പുതിയ പ്രസിഡന്റ് ജോസ് മണക്കാട്ടിന് ദീപം പകർന്നു നൽകിക്കൊണ്ട് ചുമതലകൾ കൈമാറിയത് ഹൃദ്യമായി.

മുൻ അധ്യക്ഷന്മാരെ പ്രതിനിധീകരിച്ച് സംസാരിച്ച ജോയ് വാച്ചാച്ചിറ പുതിയ തലമുറയെ എങ്ങനെ സംഘടനയിലേക്ക് ആകർഷിക്കാം എന്നും അവരിലേക്ക് നമ്മുടെ മൂല്യങ്ങൾ എങ്ങനെ പകരാം എന്നതിനെക്കുറിച്ചും സംസാരിച്ചു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ജോസ് മണക്കാട് അധ്യക്ഷനായിരുന്നു. തന്റെ അധ്യക്ഷ പ്രസംഗത്തിൽ അടുത്ത രണ്ടു വർഷം കൊണ്ട് സംഘടനയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുമെന്നും നിരവധി പ്രവർത്തനങ്ങൾ ഇതുമായി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി.

തുടർന്ന് സംസാരിച്ച സിറോ മലബാർ സഭ ഷിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പുതിയ നേതൃത്വത്തിന്റെ കീഴിൽ അസോസിയേഷൻ ശക്തി പ്രാപിക്കട്ടെ എന്ന് ആശംസിക്കുകയും പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ഷിക്കാഗോ ഇന്ത്യൻ കോൺസൽ ഹെഡ് ലിമ മാത്യു, ഫാ.സിജു മുടക്കോടിൽ, ഫൊക്കാന നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, ഫോമാ സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ എന്നിവർ ആശംസകൾ അറിയിച്ചു കൊണ്ട് സംസാരിച്ചു.

തുടർന്ന് മാർ ജോയ് ആലപ്പാട്ട്, ലിമ മാത്യു, ഫാ.സിജു മുടക്കോടിൽ, ജോസ് മണക്കാട്ട്, ബിജു മുണ്ടക്കൽ, അച്ചൻകുഞ്ഞു മാത്യു, ലൂക്ക് ചിറയിൽ, സാറ അനിൽ, പ്രിൻസ് ഈപ്പൻ, പ്രവീൺ തോമസ്, ജോൺസൻ കണ്ണൂക്കാടൻ എന്നിവർ ചേർന്ന് നിലവിളക്കു കൊളുത്തി കേരളപ്പിറവി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രിൻസ് ഈപ്പൻ പൊതു സമ്മേളനത്തിന്റെ എംസി ആയിരുന്നു. ട്രഷറർ അച്ചൻകുഞ്ഞു മാത്യു കൃതജ്ഞത രേഖപ്പെടുത്തിയാതോടൊപ്പം മലയാളി സമൂഹത്തിന്റെ സഹകരണം തുടർന്നും അഭ്യർത്ഥിച്ചു.

തുടർന്ന് മിസ് സാറ അനിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കലാപരിപാടികൾ അതിഗംഭീരമായി. കേരളത്തനിമയാർന്ന നൃത്തങ്ങളുമായി വേദിയിൽ നിറഞ്ഞാടിയ പ്രതിഭ ആൻഡ് സരിത ടീമിന്റെ സെമി ക്ലാസിക്കൽ ഡാൻസും ഭരതനാട്യവും പ്രൗഢഗംഭീരമായ സദസ്സിനെ കയ്യിലെടുത്ത ഷിക്കാഗോ മണവാളെൻസിന്റെ പ്രകടനവും കേരളപ്പിറവി ദിനത്തിൽ ഷിക്കാഗോ മലയാളികൾക്ക് കണ്ണിനു കുളിർമയായി.

*ബിജു മുണ്ടക്കൽ*

# എസ്ബി അസംപ്ഷൻ കോളേജ് അലുമ്നയ് നോർത്ത് അമേരിക്ക: നാഷണൽ കൺവെൻഷൻ 2026 ജൂലൈ 9ന് ഷിക്കാഗോയിൽ




ഷിക്കാഗോ: ചങ്ങനാശേരി സെന്റ് ബെർക്ക്മെൻസ്, അസംപ്ഷൻ കോളജുകളിൽ ഉന്നതവിദ്യാഭ്യാസം ചെയ്ത് അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിയ പൂർവ്വവിദ്യാർഥികളുടെ പ്രഥമ ദേശീയ കൺവെൻഷൻ 2026 ജൂലൈ 9 വ്യാഴാഴ്ച്ചഷിക്കാഗോയിൽവച്ച്നടത്തും. ദേശീയതലത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന കൺവെൻഷനിൽ, യുഎസ്സിലെ എല്ലാ സ്റ്റേറ്റുകളിൽ നിന്നും വിവിധ കാലഘട്ടങ്ങളിൽ പഠിച്ച എസ്ബി അസംപ്ഷൻ അലുമ്നയ് കുടുംബസമേതം പങ്കെടുക്കും.

വ്യാഴാഴ്ച രാവിലെ ഒൻപതിന് ഷിക്കാഗോ സീറോമലബാർ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ എസ്ബി കോളേജിന്റെ പൂർവ്വവിദ്യാർഥിയും വത്തിക്കാനിൽ മതാന്തര സംവാദ ഡിക്കസ്റ്ററി പ്രീഫെക്റ്റുമായ കർദ്ദിനാൾ മാർ ജോർജ്ജ് ജേക്കബ് കൂവക്കാട്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. ചങ്ങനാശേരി ആർച്ചു ബിഷപ് മാർ തോമസ് തറയിൽ (രക്ഷാധികാരി) മുഖ്യപ്രഭാഷണം നടത്തും. എസ്ബി കോളേജ് പ്രിൻസിപ്പൽ റവ. ഡോ.റ്റെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ (മുൻ പ്രിൻസിപ്പൽ) എന്നിവർ അതിഥികളായി പങ്കെടുക്കും. പ്രമുഖ അലുമ്നയ് ആദരം, ഗ്രൂപ്പ് ചർച്ചകൾ, കലാപരിപാടികൾ എന്നിവ സ്നേഹവിരുന്നോടെ രണ്ടുമണിക്ക് സമാപിക്കുമെന്ന് സംഘടനയുടെ നാഷണൽ കോർഡിനേറ്റർസ് മാത്യു ഡാനിയേൽ, പിന്റോ കണ്ണംപള്ളി എന്നിവർ അറിയിച്ചു. ശതാബ്ദിയും പ്ലാറ്റിനം ജൂബിലിയും പിന്നിട്ട തങ്ങളുടെ മാതൃവിദ്യാലയങ്ങൾക്ക് ചടങ്ങിൽ അലുമ്നയ് ആദരം അർപ്പിക്കും.

കൺവെൻഷന്റെ വിജയത്തിനായി പൂർവ്വവിദ്യാർഥികളായ റവ.ഫാ കുര്യൻ നെടുവേലിചാലുങ്കൽ (പ്രൊക്യൂറേറ്റർ, ഷിക്കാഗോ രൂപത), റവ. ഷിന്റോ വർഗീസ് (മിനസോട്ട) എന്നിവർ ഉപരക്ഷാധികാരികളും ദയാലു ജോസഫ് (കാലിഫോർണിയ) നാഷണൽ കോർഡിനേറ്ററുമായി പ്രത്യേക സമിതി രൂപീകരിച്ചു.

എസ്ബി കോളേജിന്റെ പൂർവ്വവിദ്യാർഥിയായ തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നടന്ന ഏകോപനശ്രമങ്ങളുടെ സാക്ഷാത്ക്കാരമായ കൺവെഷൻ കുടുംബസമേതം പങ്കെടുത്തുകൊണ്ട് വൻവിജയമാക്കാൻ നാഷണൽ കൗൺസിൽ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക: ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ, പ്രൊഫ. ജെയിംസ് ഓലിക്കര, കാർമൽ തോമസ്, ബോബൻ കളത്തിൽ: 847-345-0280 (ഷിക്കാഗോ), ടോം പെരുമ്പായി, ലീലാ മാരേട്ട്, പിന്റോ കണ്ണമ്പള്ളി: 973-337-7238 (ന്യൂയോർക്ക് & ന്യൂജേഴ്സി), ഡോ. തോമസ് താന്നിക്കൽ, സജോ ജേക്കബ്: 714-472-0813 (കാലിഫോർണിയ), മിസിസ് റോഷൻ ചെറിയാൻ: 914-419-6743 (ഹ്യൂസ്റ്റൺ), ജോർജ്ജ് ജോസഫ്: 817-791-1775 (ഡാളസ്), ജോസ്കുട്ടി നൈനാപറമ്പിൽ: 937-671-6079 (ഫ്ളോറിഡ), അനിൽ അഗസ്റ്റിൻ: 404-484-4295 (അറ്റ്ലാന്റ), നീന പി. മുരിക്കൻ, ജോസ്കുട്ടി നടക്കപ്പാടം: 847-630-9788 (അരിസോണ), സാം ആന്റോ: 615-243-3312(ടെന്നസി)

വിശദ വിവരങ്ങൾക്ക്: https://www.sbandassumptionalumniusa.org

*തോമസ് ഡിക്രൂസ്*





## ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ജപമാലമാസത്തിന്റെ സമാപനം ഭക്തിനിർഭരമായി

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ ജപമാലമാസാചരണത്തിന്റെ സമാപനം ഭക്തിനിർഭരമായി നടത്തപ്പെട്ടു. ഒക്ടോബർ 31 വെള്ളിയാഴ്ച്ച വൈകുന്നേരം ഷിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങളോടെയാണ് കൊന്തമാസത്തിന്റെ സമാപനം നടത്തപ്പെട്ടത്. ഒക്ടോബർ ഒന്ന് മുതൽ പത്തുവരെ പത്ത് ദിവസങ്ങൾ നീണ്ടു നിന്ന കൊന്തനമസ്കാരം വൈകിട്ട് ഏഴുമണിക്കുള്ള വിശുദ്ധ കുർബ്ബാനയോടുകൂടിയും തുടർന്നുള്ള പത്തുദിവസങ്ങളിൽ രാവിലെ 8.15നുള്ള വിശുദ്ധ കുർബ്ബാനയോടും കൂടിയാണ് നടത്തപ്പെട്ടത്. ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും ദൈവാലയത്തിൽ ജപമാല സമർപ്പണം നടത്തുവാൻ സാധിച്ചു എന്നതിനെ ദൈവാനുഗ്രഹമായി കാണണം എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. അമേരിക്ക ഹാലോവീൻ ആഘോഷങ്ങളിൽ മുഴുകിയിരിക്കുന്ന ഒക്ടോബർ 31 വെള്ളിയാഴ്ചയിലെ സായം സന്ധ്യയിൽ കുട്ടിളോടൊപ്പം ജപമാലമാസത്തിന്റെ സമാപനത്തിൽ പങ്കുചേരുവാൻ എത്തിയിരിക്കുന്ന എല്ലാവരെയും അഭിവന്ദ്യ മാർ മാർ ജോയി ആലപ്പാട്ട് അഭിനന്ദിക്കുകയും കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, ഇടവക സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ ജപമാല മാസത്തിന്റെ ഒരുക്കങ്ങൾക്കും നടത്തിപ്പിനും നേതൃത്വം നൽകി.



## ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശുദ്ധ യൂദാസ് തദ്ദേവൂസിന്റെ തിരുനാൾ ആഘോഷിച്ചു

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വിശുദ്ധ യൂദാസ് തിരുനാൾ ആഘോഷിച്ചു. ഒക്ടോബർ 22ന് ആരംഭിച്ച 9 ദിവസം നീണ്ടുനിന്ന നൊവേനയ്ക്ക് ശേഷം ഒക്ടോബർ 30 വ്യാഴാഴ്ചയാണ് ആഘോഷപൂർവ്വമായ തിരുനാൾ കൊണ്ടാടിയത്. 25 ഓളം ഇടവകാംഗങ്ങൾ പ്രസുദേന്തിമാരായിരുന്ന തിരുനാളിന് മുഖ്യ കാർമികത്വം വഹിച്ചത് ഷിക്കാഗോ തിരുഹൃദയ കത്തോലിക്കാ ഫൊറോനാ ഇടവകവികാരി ഫാ. എബ്രഹാം കളരിക്കലായിരുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാസ് തദ്ദേവൂസിന്റെ തിരുനാളിന്റെയും ഭക്തിയുടെയും ചരിത്രം അദ്ദേഹം തന്റെ പ്രസംഗത്തിൽ വിവരിക്കുകയും, വിശുദ്ധനോടുള്ള ഭക്തി ഏറെ പ്രാധാന്യത്തോടെ വർഷങ്ങളായി പരിപാലിച്ചുപോരുന്ന സെന്റ് മേരീസ് ഇടവകയെ പ്രശംസിക്കുകയും ചെയ്തു. തിരുനാളിനൊരുക്കമായി ഒമ്പത് ദിവസങ്ങളിലായി രാവിലെയും വൈകിട്ടുമായി വിശുദ്ധ കുർബ്ബാനകളോട് ചേർന്ന് നടത്തപ്പെട്ട നൊവേനകൾ. ഓരോ ദിവസവും പൊതുവായുള്ള പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചികൊണ്ടാണ് നടത്തപ്പെട്ടത്. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, ഇടവക സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ തിരുനാളിന്റെ ഒരുക്കങ്ങൾക്കും നടത്തിപ്പിനും നേതൃത്വം നൽകി.

*അനിൽ മറ്റത്തിക്കുന്നേൽ*




## നായർ അസോസിയേഷൻ 11–ാം വാർഷികവും കേരളപ്പിറവിയും ആഘോഷിച്ചു

ഷിക്കാഗോ:നായർഅസോസിയേഷൻ ഓഫ്ഗ്രേറ്റർഷിക്കാഗോയുടെപതിനൊന്നാമത് വാർഷികവും കേരളപ്പിറവി ആഘോഷവും ഡസ്പ്ലയിൻസിലുള്ള പ്രിയറി ലേയ്ക്ക് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടന്നു.

പ്രസിഡന്റ് വിജി എസ്. നായരുടെ അദ്ധ്യക്ഷതയിൽനടന്നചടങ്ങിൽപ്രസിഡന്റ് ഏവരേയും സ്വാഗതം ചെയ്യുകയും 2014 നവംബർ ഒന്നിനു രൂപീകൃതമായ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയും പ്രത്യേകിച്ച് അമേരിക്കയിലും ഇന്ത്യയിലും നടത്തിയ ചാരിറ്റിയെക്കുറിച്ചും അതിനുവേണ്ടി അകമഴിഞ്ഞ സഹായം നൽകി ഏവരോടും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്തു. ഭാവിയിലും നിങ്ങളോരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണവും കൂട്ടായ പ്രവർത്തനവും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. കൂടാതെ 1956 നവംബർ ഒന്ന് ഏതൊരു മലയാളിക്കും അഭിമാനകരമായ ദിനമാണെന്നും കാരണം ഭാഷാടിസ്ഥാനത്തിൽ കേരളമെന്ന് നമ്മുടെ കൊച്ചു സംസ്ഥാനം രൂപംകൊണ്ടു, ആ ദിവസം നമ്മൾ കേരളപ്പിറവിയായി എല്ലാവർഷവും ആഘോഷിക്കുന്നു. ഏവർക്കും കേരളപ്പിറവി ആശംസകൾ നൽകുകയും ചെയ്തു.

രാധാകൃഷ്ണൻ നായർ കേരളപ്പിറവിയെക്കുറിച്ച് സംസാരിക്കുകയും ആശംസകൾ നൽകുകയും ചെയ്തു. തദവസരത്തിൽ 'റിട്ടയർമെന്റ് ജീവിതം എങ്ങനെ സുരക്ഷിതമാക്കാം' എന്ന വിഷയത്തിൽ ഒരു സെമിനാർ റിജി മാഞ്ചിറയിൽ നടത്തുകയും വിവിധ റിട്ടയർമെന്റ് പ്ലാനുകളെക്കുറിച്ചും ബനിഫിറ്റ്സിനെക്കുറിച്ചും സംസാരിക്കുകയും ഏവരുടേയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കെ.എച്ച്.എൻ.എ മുൻ പ്രസിഡന്റും സ്കോക്കി കമ്മിഷണറുമായ അനിൽകുമാർ പിള്ള ചടങ്ങിൽ സന്നിഹിതരായിരുന്നു.

വിവിധ പരിപാടികൾക്ക് എം.ആർ.സി പിള്ള, രഘുനാഥൻ നായർ, പ്രസന്നൻ പിള്ള, ജിതേന്ദ്ര കൈമൾ, രാജഗോപാലൻ നായർ, പ്രസാദ് പിള്ള, ദീപക് നായർ, വിജയപിള്ള തുടങ്ങിയവർ നേതൃത്വം നൽകി. അരവിന്ദ് പിള്ള എം.സിയായി പ്രവർത്തിക്കുകയും സദസ്സിനു നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

*സതീശൻ നായർ*



## കുട്ടിവിശുദ്ധരുടെ സംഗമ വേദിയായി ഷിക്കാഗോ ബെൻസൻവിൽ തിരുഹൃദയ ഇടവക

ഷിക്കാഗോ:ബെൻസൻവിൽതിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെ സകലവിശുദ്ധരുടെയും തിരുനാൾ കുട്ടി വിശുദ്ധരുടെ സംഗമ വേദിയായി മാറി. മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിലാണ് സകലവിശുദ്ധരുടെയും തിരുനാൾ പ്രത്യേകമായി ആഘോഷിച്ചത്. 2025 നവംബർ 2 ഞായറാഴ്ച കുട്ടികൾ എല്ലാവരും അവരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ വേഷവിധാനങ്ങളോടെ ദൈവാലയത്തിലെത്തി. കുട്ടികളുടെ വിശുദ്ധകുർബാനയ്ക്കു മുമ്പായി അവർ പ്രദക്ഷിണമായി ദേവാലയത്തിലെത്തി. കുട്ടികൾ അണിഞ്ഞ വിശുദ്ധരുടെ വസ്ത്രത്തിന്റെ ആത്മാവിലേക്ക് ആഴ്ന്നിറങ്ങാൻ പ്രാർത്ഥിക്കുകയും കുട്ടികളെ അതിനായി പരിശീലിപ്പിക്കുകയും ചെയ്യണമെന്ന് വികാരി ഫാ. അബ്രാഹം കളരിയ്ക്കൽ തന്റെ സന്ദേശത്തിൽ പ്രത്യേകം ഓർമ്മിപ്പിച്ചു. പരിപാടികൾക്ക് സി.സി.ഡി. ഡയറക്ടർ കൊളീൻ കീഴങ്ങാട്ട്, അസി. ഡയറക്ടർമാരായ ജോബി ഇത്തിത്തറ, രഞ്ജിത മംഗലത്ത്, ഹാന ചേലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

*ലിൻസ് താന്നിച്ചുവട്ടിൽ,*

# ഷിക്കാഗോ എക്യൂമെനിക്കൽ സൺഡേ സ്കൂൾ ഫെസ്റ്റ് 2025

ഷിക്കാഗോ: 42 ാമത് ഷിക്കാഗോ എക്യൂമെനിക്കൽ സൺഡേ സ്കൂൾ ഫെസ്റ്റ് 2025, നവംബർ 1 ശനിയാഴ്ച, ഷിക്കാഗോ തിരുഹൃദയ ക്നാനായ ഫൊറോനാ ദൈവാലയത്തിൽ ഐക്യത്തിന്റെ, ആത്മീയതയുടെ, കലാപാരമ്പര്യത്തിന്റെ ഭംഗിയോടെ നടന്നു. 17 ഇടവകളിൽ നിന്നുള്ള 175 കുട്ടികൾ പങ്കെടുത്ത എക്യൂമെനിക്കൽ കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നായ ഈ മഹോത്സവം, കുട്ടികൾക്ക് അവരുടെ ആത്മീയതയും കലാപാടവവും പ്രകടിപ്പിക്കാനുള്ള മനോഹര വേദിയായി.



ഷിക്കാഗോ തിരുഹൃദയ ക്നാനായ ഫൊറോനാ ദൈവാലയ വികാരി റവ. ഫാ. ഏബ്രാഹം കളരിക്കൽ പ്രാർത്ഥനയോടെ പ്രോഗ്രാം ആരംഭിച്ചു. സൺഡേ സ്കൂൾ ഫെസ്റ്റ് ചെയർമാൻ റവ. ഫാ. ജോ വർഗീസ്, എക്യൂമെനിക്കൽ പ്രസിഡന്റ് റവ. ഫാ. തോമസ് മാത്യു (ജോബി അച്ചൻ) എന്നിവർ ആമുഖപ്രഭാഷണം നടത്തി. കൺവീനർ ബിനോയി കിഴക്കനടി സ്വാഗതം അറിയിച്ചു.

ചെയർമാൻ റവ. ഫാ. ജോ വർഗീസ്, കൺവീനർ ബിനോയി കിഴക്കനടി, എക്യൂമെനിക്കൽ പ്രസിഡന്റ് റവ. ഫാ. തോമസ് മാത്യു (ജോബി അച്ചൻ), വൈസ് പ്രസിഡന്റ് റവ. ഫാ. ബിജു യോഹന്നാൻ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ട്രഷറർ ജോർജ് മാത്യു, വിവിധ ഇടവകകളിലെ വൈദികർ, ഫെസ്റ്റ് കമ്മിറ്റി അംഗങ്ങൾ, എക്യൂമെനിക്കൽ കൗൺസിൽ അംഗങ്ങൾ എന്നിവർ ഫെസ്റ്റിന് നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ റവ. ഫാ. തോമസ് മാത്യു സമാപന സന്ദേശം നൽകി. തുടർന്ന് സമ്മാനദാന ചടങ്ങ് നടന്നു. വ്യക്തിഗത ഇനങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ജെറിൻ മാത്യു (കലാതിലകം), സെറാഫിൻ (കലാപ്രതിഭ) എന്നിവർക്ക് പ്രത്യേക ട്രോഫി നൽകി ആദരിച്ചു. കൺവീനർ ബിനോയി കിഴക്കനടി ദൈവത്തിനും, ഫെസ്റ്റ് വിജയകരമായി നടത്താൻ സഹകരിച്ച ഏവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. തുടർന്ന് ചെയർമാൻ റവ. ഫാ. ജോ വർഗീസ് സമാപന പ്രാർത്ഥന നടത്തി. വൈകുന്നേരം നാലരയോടെ ഫെസ്റ്റ് ഭംഗിയായി സമാപിച്ചു.

*അച്ചൻകുഞ്ഞ് മാത്യു*

# അമിതാവേശം വേണ്ട! ഡെമോക്രാറ്റുകൾക്ക് മുന്നറിയിപ്പുമായി നിരീക്ഷകർ

(ഒന്നാം പേജ് തുടർച്ച)

ന്റെ തിരിച്ചുവരവിന് ശേഷമുള്ള, ആദ്യത്തെ പ്രധാന തിരഞ്ഞെടുപ്പ് എന്ന പ്രത്യേകതയും ഈ തിരഞ്ഞെടുപ്പിന് ഉണ്ടായിരുന്നു. ഡെമോക്രാറ്റുകൾ പ്രതീക്ഷിച്ചതിലും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

ഈ ഫലങ്ങൾ ട്രംപിന് ഒരു വലിയ തിരിച്ചടിയായിട്ടാണ് വിലയിരുത്തപ്പെടുന്നത്. ട്രംപിന്റെ അംഗീകാര റേറ്റിംഗ് ഏറ്റവും താഴ്ന്ന നിലയിലായിരിക്കുന്ന സാഹചര്യത്തിൽ, ഈ തിരഞ്ഞെടുപ്പ് ഫലങ്ങൾ അദ്ദേഹത്തിന്റെ ഭരണത്തോടുള്ള ജനങ്ങളുടെ അസംതൃപ്തിയുടെ പ്രതിഫലനമാണെന്നാണ് വിലയിരുത്തൽ.

ന്യൂജേഴ്സിയിൽ മിക്കി ഷെറിൽ, വിർജീനിയയിൽ അബിഗെയ്ൽ സ്പാൻബർഗർ എന്നിവർ ഡബിൾ ഡിജിറ്റ് ഭൂരിപക്ഷത്തിൽ വിജയിച്ചു. ഒരു വർഷം മുൻപ് കമലാ ഹാരിസ് ട്രംപിനെതിരെ നേടിയ പ്രകടനത്തേക്കാൾ മികച്ച വിജയമായിരുന്നു ഇത്.

1961 ന് ശേഷം ന്യൂജേഴ്സിയിൽ തുടർച്ചയായി മൂന്ന് ഗവർണർ തിരഞ്ഞെടുപ്പുകളിൽ ഡെമോക്രാറ്റുകൾ വിജയിക്കുന്നത് ഇത് ആദ്യമാണ്.

### നിയമനിർമ്മാണ സഭകളിലെ മുന്നേറ്റം ഇങ്ങനെ:

റിപ്പബ്ലിക്കൻമാരുടെ ജില്ലാ അതിർത്തികൾ പുനർനിർണ്ണയ ശ്രമങ്ങളെ ചെറുക്കാൻ ലക്ഷ്യമിട്ട് കാലിഫോർണിയയിലെ വോട്ടർമാർ പുതിയ കോൺഗ്രസ് ജില്ലാ അതിർത്തികൾക്ക് അംഗീകാരം നൽകി. പെൻസിൽവാനിയ സുപ്രീം കോടതിയിലെ മൂന്ന് നിർണ്ണായക സീറ്റുകൾ ഡെമോക്രാറ്റുകൾ നിലനിർത്തി.

വിർജീനിയ സംസ്ഥാന നിയമസഭയിൽ ഹൗസ് ഡെമോക്രാറ്റുകൾ 13 സീറ്റുകൾ പിടിച്ചെടുത്ത് കഴിഞ്ഞ 40 വർഷത്തിനിടയിലെ ഏറ്റവും വലിയ ഭൂരിപക്ഷം നേടി.

തിരഞ്ഞെടുപ്പിൽ ട്രംപ് നേരിട്ട് ഇല്ലെങ്കിൽ പോലും അദ്ദേഹത്തിന്റെ ഭരണ നേട്ടങ്ങൾ ചർച്ചയായപ്പോൾ വോട്ടർമാർ അദ്ദേഹത്തെ പിന്തുണച്ചില്ല എന്ന് ഈ ഫലങ്ങൾ തെളിയിക്കുന്നു. ട്രംപിന്റെ നയങ്ങളെ അതേപടി അനുകരിക്കാൻ ശ്രമിച്ച റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികൾക്ക് പോലും പരാജയം നേരിട്ടു.

### വിജയത്തിന് പിന്നിലെ അപകടം

അതേസമയം ഈ വിജയങ്ങളിൽ മതിമറന്ന്, ഫലങ്ങൾ തെറ്റായി വ്യാഖ്യാനിക്കുന്നത് വിജയത്തേക്കാൾ മോശമായേക്കാം എന്നാണ് രാഷ്ട്രീയ നിരീക്ഷകർ ഡെമോക്രാറ്റുകൾക്ക് നൽകുന്ന മുന്നറിയിപ്പ്.

2022 ലെ ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സ് തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ചതിലും മികച്ച പ്രകടനം കാഴ്ചവെച്ചപ്പോഴും, നിലവിലെ സ്ഥിതി തൃപ്തികരമാണെന്ന് കരുതി ജോ ബൈഡനെ രണ്ടാമതും മത്സരിക്കാൻ അനുവദിച്ചത് ഡെമോക്രാറ്റുകൾക്ക് തിരിച്ചടിയായത് അത്തരത്തിൽ സംഭവിച്ച ഒരു മറവിയുടെ ഭാഗമായിരുന്നു എന്നാണ് വിലയിരുത്തൽ.

### അമിത ആവേശം വേണ്ടെന്ന് പറയുന്നതെന്തുകൊണ്ട് ?

ഊർജ്ജസ്വലരായ പ്രതിപക്ഷം: അധികാരത്തിൽ ഇല്ലാത്ത പാർട്ടിക്ക് എപ്പോഴും കൂടുതൽ ഊർജ്ജസ്വലത ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

**എതിരാളികളുടെ ബലഹീനത:** ന്യൂയോർക്കിൽ, വിവാദങ്ങളിൽ കുടുങ്ങിയ ക്യൂമോയെപ്പോലെ ഒരു എതിരാളിയെയാണ് മംദാനിക്ക് ലഭിച്ചത്. വിർജീനിയയിൽ, എതിരാളിയായി വന്ന ഇയേൾസിയേഴ്സിന് നാല് വർഷം മുൻപ് വിജയിച്ച ഗ്ലെൻ യങ്കിന്റെ രാഷ്ട്രീയ പാടവമില്ലായിരുന്നു.

**മോശം ഇമേജ്:** തുടർച്ചയായ വിജയങ്ങൾ ഉണ്ടായിട്ടും ഡെമോക്രാറ്റിക് പാർട്ടിയുടെ പൊതുജന പിന്തുണ ഇപ്പോഴും ദുർബലമാണ്. ജൂലൈയിൽ പാർട്ടിയുടെ അംഗീകാര റേറ്റിംഗ് 30 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലെത്തിയിരുന്നു.

കഴിഞ്ഞയാഴ്ചത്തെ ഒരു അഭിപ്രായ വോട്ടെടുപ്പ് അനുസരിച്ച്, 68% അമേരിക്കക്കാരും ഡെമോക്രാറ്റുകൾ പൊതുജനങ്ങളിൽ നിന്ന് അകന്നുപോയവരാണ് എന്ന് വിശ്വസിക്കുന്നു. (ട്രംപിനെക്കുറിച്ച് ഇങ്ങനെ അഭിപ്രായമുള്ളത് 63 ശതമാനം ആണ്).

### പാർട്ടിയുടെ ഭാവി

ഈ തിരഞ്ഞെടുപ്പ് ഫലങ്ങൾ പാർട്ടിയുടെ ഭാവി എന്തായിരിക്കണം എന്നതിനെക്കുറിച്ച് വ്യത്യസ്തമായ സൂചനകളാണ് നൽകുന്നത്. ന്യൂയോർക്കിൽ, 34 വയസ്സുള്ള സോഷ്യലിസ്റ്റായ സോഹ്റാൻ മംദാനി, യുവാക്കളെ ഇലക്ട്രിഫൈ ചെയ്തുകൊണ്ട് നഗരത്തിലെ ആദ്യത്തെ മുസ്ലീം മേയറായി. ഇത് പാർട്ടിയുടെ ഇടതുപക്ഷത്തിന് വലിയൊരു വിജയമാണ്.

എന്നാൽ ന്യൂജേഴ്സിയിലും വിർജീനിയയിലും വിജയിച്ചത് ദേശീയ സുരക്ഷാ പശ്ചാത്തലമുള്ള, മിതവാദികളായ ഷെറില്ലും സ്പാൻബർഗറുമാണ്.

ഈ രണ്ട് വിഭാഗങ്ങൾക്കും ട്രംപിസത്തിനെതിരായ പോരാട്ടത്തിൽ തങ്ങളാണ് ശരിയായ പരിഹാരം നൽകുന്നതെന്ന് വാദിക്കാൻ ഇത് അവസരം നൽകുന്നു.

എന്നാൽ 50 സംസ്ഥാനങ്ങളും 340 ദശലക്ഷം ജനങ്ങളുമുള്ള ഒരു രാജ്യത്ത്, ഒരു വഴി മാത്രം തിരഞ്ഞെടുക്കുന്നത് ശരിയല്ല. ''എല്ലാ രാഷ്ട്രീയവും പ്രാദേശികമാണ്'' എന്ന തത്വം ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ന്യൂയോർക്കിലെ കോൺഗ്രസ് വനിതയായ അലക്സാൻഡ്രിയ ഒകാസിയോകോർട്ടെസ് പറഞ്ഞതുപോലെ, ഡെമോക്രാറ്റിക് പാർട്ടിക്ക് ഒരു ഒറ്റ മുഖം ആവശ്യമില്ല. തൊഴിലാളിവർഗ്ഗത്തിന് വേണ്ടി പോരാടുന്ന ഏറ്റവും ശക്തരായ പോരാളികളെ എല്ലാ പ്രദേശങ്ങളിലും അണിനിരത്തുക എന്നതാണ് പാർട്ടിയുടെ ലക്ഷ്യം എന്നായിരുന്നു.

ചില സ്ഥലങ്ങളിൽ അത് അബിഗെയ്ൽ സ്പാൻബർഗറെപ്പോലെയും, ചിലയിടങ്ങളിൽ സോഹ്റാൻ മംദാനിയെപ്പോലെയും ആയിരിക്കുമെന്നുമായിരുന്നു അവരുടെ അഭിപ്രായം.

ഈ വിജയങ്ങൾ ഡെമോക്രാറ്റുകൾക്ക് വലിയ ആത്മവിശ്വാസം നൽകുന്നുണ്ടെങ്കിലും, ഇതിനെ പാർട്ടിയുടെ 'ബ്രാൻഡിന്' ലഭിച്ച അംഗീകാരമായി അവർ തെറ്റിദ്ധരിക്കരുത് എന്നാണ് പല അഭ്യുദയകാംഷികളുടെയും പക്ഷം.

പോരാളികളെ അണിനിരത്തുക, ട്രംപിന്റെ ആഢംബര പ്രകടനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ, ജനങ്ങളുടെ ജീവിതച്ചെലവ് വർധനവ് എന്ന പ്രധാന പ്രശ്നത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നിവയാണ് 2024ലെ ഇടക്കാല തിരഞ്ഞെടുപ്പിന് മുൻപ് ഡെമോക്രാറ്റുകൾക്ക് മുന്നിൽ ഉണ്ടായിരുന്ന പ്രധാന വെല്ലുവിളികൾ.



# ട്രംപിന് എന്താണ് സംഭവിച്ചത്! എല്ലാം പുടിന്റെ കളികളോ...?

ദീർഘദൂര ടോമാഹോക്ക് ക്രൂയിസ് മിസൈലുകൾ ഉക്രെയ്ന് നൽകാനുള്ള കരാർ പരിഗണനയിൽ ഇല്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരിക്കുകയാണ്. റഷ്യൻ മണ്ണിലേക്ക് ആഴത്തിൽ പ്രഹരമേൽപ്പിക്കാൻ കഴിവുള്ള ക്രൂയിസ് മിസൈലുകളാണിവ. യൂറോപ്പിലെ സംഘർഷം വർധിപ്പിക്കുന്നതിനെതിരെ അമേരിക്കയിലെ ചില വിഭാഗങ്ങൾ ഇപ്പോഴും ജാഗ്രത പാലിക്കുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. റഷ്യയുമായുള്ള യുദ്ധം രൂക്ഷമാക്കുന്ന നടപടികളോട് ട്രംപ് പ്രകടിപ്പിച്ച ഈ വിമുഖത, നിലവിലെ പാശ്ചാത്യ സഖ്യത്തിൽ ഉടലെടുക്കുന്ന അഭിപ്രായ ഭിന്നതകളിലേക്കും റഷ്യയുടെ ശക്തമായ പ്രതിരോധ നിലപാടിലേക്കും വിരൽ ചൂണ്ടുന്നു.

### ട്രംപിന്റെ വിമുഖത

നാറ്റോ രാജ്യങ്ങൾ മുഖേന ടോമാഹോക്ക് മിസൈലുകൾ ഉക്രെയ്നിലേക്ക് എത്തിക്കാനുള്ള സാധ്യതയെക്കുറിച്ച് താൻ തണുത്ത നിലപാടാണ് സ്വീകരിക്കുന്നതെന്ന് ട്രംപ് വ്യക്തമാക്കിയിരുന്നു. യുദ്ധംരൂക്ഷമാക്കാൻതാൻആഗ്രഹിക്കുന്നില്ലഎന്നായിരുന്നുഅദ്ദേഹത്തിന്റെ പ്രസ്താവന. നിലവിലെ സംഘർഷം വിപുലപ്പെടുത്തുന്നതിലുള്ള അമേരിക്കയുടെ നേരിട്ടുള്ള ഇടപെടലായി കണക്കാക്കാവുന്ന ഈ നീക്കത്തോടുള്ള അദ്ദേഹത്തിന്റെ വിമുഖതയും ആ പ്രസ്താവനയിൽ ഉറച്ച് നിൽക്കുന്നതായാണ് വ്യക്തമാക്കുന്നത്.

മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം, മിസൈലുകൾ വിൽക്കാനുള്ള കരാർ പരിഗണനയിലുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നായിരുന്നു ട്രംപിന്റെ മറുപടി. എന്നിരുന്നാലും, ഭാവിയിൽ തനിക്ക് തീരുമാനം മാറ്റാൻ കഴിയുമെന്ന സാധ്യത അദ്ദേഹം തുറന്നിട്ടിട്ടുണ്ട്. ഒക്ടോബർ 22 ന് വൈറ്റ് ഹൗസിൽ വെച്ച് ട്രംപും നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ടോമാഹോക്ക് വിഷയം ചർച്ച ചെയ്തിരുന്നു. വിഷയം 'അവലോകനത്തിലാണ്' എന്നും അന്തിമ തീരുമാനം അമേരിക്കയുടേതാണെന്നും റുട്ടെ പിന്നീട് പറഞ്ഞിരുന്നു.

### ടോമാഹോക്കുകളും റഷ്യയുടെ മുന്നറിയിപ്പും

ടോമാഹോക്ക്മിസൈലുകൾക്ക്2,500 കിലോമീറ്റർ (1,550 മൈൽ) വരെ ദൂരപരിധിയുണ്ട്. അതുകൊണ്ട് തന്നെ, ഇവ ഉക്രെയ്ന് ലഭിച്ചാൽ റഷ്യയുടെ ഉള്ളിൽ, മോസ്കോ ഉൾപ്പെടെയുള്ള തന്ത്രപ്രധാന ലക്ഷ്യങ്ങളിൽ ആഴത്തിൽ ആക്രമിക്കാൻ പര്യാപ്തമാകും. ഈ നീക്കത്തിന്റെ ഗൗരവം റഷ്യ പൂർണമായി തിരിച്ചറിയുന്നു.

ഉക്രെയ്ന് ടോമാഹോക്കുകൾ നൽകുന്നതിനെതിരെ റഷ്യ ശക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അത്തരം പിന്തുണ റഷ്യഅമേരിക്ക ബന്ധങ്ങളെ കൂടുതൽ വഷളാക്കുകയും സാധ്യമായ സമാധാന ശ്രമങ്ങളെ അപകടത്തിലാക്കുകയും ചെയ്യും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചതായി ട്രംപ് വെളിപ്പെടുത്തി. റഷ്യയുടെ പരമാധികാരത്തെയും സുരക്ഷയെയും നേരിട്ട് ബാധിക്കുന്ന കാര്യത്തിൽ റഷ്യയുടെ നിലപാട് എത്രത്തോളം ദൃഢമാണ് എന്ന് മനസിലാക്കുന്നതിന് വേണ്ടിയായിരുന്നു ഈ സംഭാഷണം.

ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി ആവശ്യപ്പെട്ടിട്ടും, റഷ്യൻ മണ്ണിലേക്ക് ആക്രമണം വ്യാപിപ്പിക്കാൻ സാധ്യതയുള്ള ടോമാഹോക്ക് മിസൈലുകൾ നൽകാനുള്ള നീക്കത്തിൽ നിന്ന് അമേരിക്ക പിന്മാറുന്നത്, സംഘർഷം വർധിപ്പിക്കുന്നതിലെ അന്താരാഷ്ട്രപരമായ അപകടങ്ങളെ പാശ്ചാത്യ നേതൃത്വം ഭയക്കുന്നു എന്നതിന്റെ സൂചനയാണിതെന്നാണ് വിലയിരുത്തപ്പെടുന്നത്.

റഷ്യയുടെ ശക്തമായ എതിർപ്പും ആണവ ശേഷിയുള്ള ആയുധങ്ങളുടെ വിതരണത്തിലെ അപകടസാധ്യതയും കണക്കിലെടുക്കുമ്പോൾ, ഈ വിഷയം സമാധാന ചർച്ചകൾക്ക് പകരം പ്രതികാരത്തിന്റെപാതയിലേക്ക് നീങ്ങാനുള്ള പാശ്ചാത്യശ്രമങ്ങൾക്ക് താൽക്കാലിക പൂട്ടിട്ടിരിക്കുകയാണ്.

# കാലാവസ്ഥ കഠിനമാകുന്നു: ഇല്ലിനോയിൽ ശൈത്യകാല മുന്നറിയിപ്പ്

ഇല്ലിനോയിൽ ഈ ആഴ്ച ശൈത്യകാലം ആരംഭിക്കുന്നതായി റിപ്പോർട്ട്. നവംബർ ആരംഭം വരെ അസാധാരണമായി ചൂട് അനുഭവപ്പെട്ട ഇല്ലിനോയി സംസ്ഥാനത്ത്, ഇനി ഈ ആഴ്ച ശൈത്യം ആരംഭിക്കാൻ പോകുന്നു എന്നാണ് ലഭിക്കുന്ന വിവരം.

കാനഡയിൽ നിന്ന് വരുന്ന ശക്തമായ തണുത്ത വായു, ഷിക്കാഗോയും വടക്കൻ ഇല്ലിനോയി പ്രദേശങ്ങളും ഉൾപ്പെടെ തണുപ്പ് കനക്കുന്ന കാലാവസ്ഥ സൃഷ്ടിക്കുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ മുന്നറിയിപ്പ് നൽകി.

താപനില പെട്ടെന്ന് താഴും എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.

1. ഇപ്പോൾ 50°–60°F വരെ ആയിരുന്ന പകൽ താപനില
2. ശനിയാഴ്ച 40°F ആയി താഴും
3. ഞായറും തിങ്കളും താപനില 30°F പരിധിയിലെത്തും

അതേസമയം ഷിക്കാഗോ ഉൾപ്പെടെ പല പ്രദേശങ്ങളിലും സീസണിലെ ആദ്യ ഫ്രീസ് (ജലം കട്ടപിടിക്കുന്ന തണുപ്പ്) രേഖപ്പെടുത്താൻ സാധ്യതയുണ്ട്. സാധാരണയെ അപേക്ഷിച്ചു രണ്ടാഴ്ച വൈകിയാണ് ഈ വർഷം ആദ്യ ശിശിരകാലം എത്തുന്നത്.

അതുപോലെ തന്നെ ശനിയാഴ്ച രാത്രി മുതൽ ഞായറാഴ്ച രാവിലെ വരെ മഴ ആഞ്ഞു പെയ്ത്, പിന്നീട് തണുത്ത മഴയും, ലഘുവായ മഞ്ഞും ലഭിച്ചേക്കാം എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. എന്നാൽ വഴികളിൽ വലിയ മഞ്ഞു കെട്ടി കിടക്കാൻ സാധ്യത കുറവാണ്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പുലർച്ചയും രാത്രി സമയങ്ങളിലും ചൂടുള്ള വസ്ത്രങ്ങൾ ഉപയോഗിക്കുക
2. ഡ്രൈവ് ചെയ്യുന്നവർ പാലം പ്രദേശങ്ങളിൽ അല്പം ശ്രദ്ധിക്കുക
3. കുട്ടികളും മുതിർന്നവരും പുറത്തുള്ള സമയം കുറയ്ക്കുക



**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#092425

**SEEKING BRIDEGROOM**

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241, India: 91-9946 968570**

#100825

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#110525

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#110525

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#100125

**ബേബി സിറ്ററെ ആവശ്യമുണ്ട്**

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#091725


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ജസ്റ്റിൻ**

#051125


Newspaper for Malayalees Worldwide ◆Estd.2020

വാചകം
VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


## ശതകോടീശ്വരൻ ജറെഡ് ഐസക്മനെ നാസ മേധാവിയാക്കാൻ നീക്കം



വാഷിംഗ്ടൺ: നാസ മേധാവിയായി ടെക് ശതകോടീശ്വരൻ ജറെഡ് ഐസക്മനെ വീണ്ടും നാമനിർദേശം ചെയ്ത് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. കഴിഞ്ഞ വർഷം ഡിസംബറിൽ ഇദ്ദേഹത്തെ നാമനിർദേശം ചെയ്തെങ്കിലും 5 മാസം കഴിഞ്ഞപ്പോൾ, പുനപരിശോധന ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി ട്രംപ് തന്നെ അത് പിൻവലിച്ചിരുന്നു.

രാഷ്ട്രീയ ആശങ്കകൾക്കിടയിൽ നാമനിർദ്ദേശം പിൻവലിക്കാനുള്ള മുൻ തീരുമാനം മാറ്റി, കോടീശ്വരനും സംരംഭകനും ബഹിരാകാശയാത്രികനുമായ ജാരെഡ് ഐസക്മാനെ നാസ അഡ്മിനിസ്ട്രേറ്ററായി പ്രസിഡന്റ് ട്രംപ് ഔദ്യോഗികമായി പുനർനാമകരണം ചെയ്തിരിക്കുകയാണ്. ഷിഫ്റ്റ് 4 ന്റെ സ്ഥാപകനും സിഇഒയുമായ ഐസക്മാൻ, പരിചയ സമ്പന്നനായ ഒരു പൈലറ്റും സ്വകാര്യ ബഹിരാകാശ യാത്രികനുമാണ് അദ്ദേഹം.

ആദ്യത്തെ സ്വകാര്യ ബഹിരാകാശ നടത്തം ഉൾപ്പെടെ നിരവധി സ്പേസ് എക്സ് ദൗത്യങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. യുഎസ് ബഹിരാകാശ പരിപാടി രൂപപ്പെടുത്തുന്നതിൽ സ്വകാര്യ മേഖലയിലെ നേതാക്കളുടെ വർദ്ധിച്ചുവരുന്ന പങ്ക് അദ്ദേഹത്തിന്റെ പുനർനാമകരണം അടിവരയിടുന്നു. സർക്കാർ നയിക്കുന്ന സംരംഭങ്ങളുമായി വാണിജ്യ നവീകരണത്തെ ബന്ധിപ്പിക്കുന്നു. ബഹിരാകാശ സമ്പദ്വ്യവസ്ഥയും പര്യവേക്ഷണ ദൗത്യങ്ങളും മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഐസക്മാന്റെ വൈദഗ്ദ്ധ്യം, നേതൃത്വം, സമർപ്പണം എന്നിവയെ ട്രംപ് പ്രശംസിച്ചു. ഏജൻസിയെ ബഹിരാകാശ നവീകരണത്തിന്റെ ഒരു പുതിയ യുഗത്തിലേക്ക് നയിക്കാൻ ഐസക്മാനെ നിയമിക്കാനാണ് ഒരുങ്ങുന്നത്.

അതേസമയം ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ബിസിനസ് പങ്കാളിയാണ് ഐസക്മൻ.



## മുഹമ്മ പോലീസ് സ്റ്റേഷന് അമേരിക്കൻ മലയാളികളുടെ സല്യൂട്ട്

2024ലെ മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം ലഭിച്ച മുഹമ്മ പോലീസ് സ്റ്റേഷന് അമേരിക്കൻ മലയാളികളുടെ ആദരവ്. മുഹമ്മ സ്വദേശിയും ഷിക്കാഗോയിലെ പ്ലെയിൻ ഫീൽഡ് വില്ലേജ് ട്രസ്റ്റിയും(കൗൺസിലർ) ഇന്ത്യാ പ്രസ്സ് ക്ലബ് മുൻ പ്രസിഡന്റുമായ ശിവൻ മുഹമ്മയും അദ്ദേഹത്തിന്റെ സുഹൃത്തും കൈരളി ടിവി യുഎസ്എ ഡയറക്ടർ ജോസ് കാടാപുറവും മുൻകൈ എടുത്താണ് മുഹമ്മ സ്റ്റേഷനിലെ മുഴുവൻ സേനാംഗങ്ങളെയും ആദരിച്ചത്.

എസ്എച്ച്ഒ വി.സി. വിഷ്ണുകുമാറും മുൻ എസ്.എച്ച്.ഒ ലൈസാദ് മുഹമ്മദ്. എം ചേർന്ന് എൻ അനിൽകുമാർ നീലാംബരിയിൽ നിന്ന് സ്നേഹോപഹാരം ഏറ്റുവാങ്ങി. വാർഡ് മെമ്പർമാരായ നിഷ പ്രദീപും എസ്. ടി. റെജിയും ചേർന്ന് പോലീസ് ഓഫീസർമാരെ പൊന്നാട ചാർത്തി ആദരിച്ചു.

എസ്.ഐ. റിയാസ്, ജി.എസ്.ഐ മനോജ് കൃഷ്ണൻ, പോലീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ.പി. വിനു, മുഹമ്മ ലയൺസ് ക്ലബ് സെക്രട്ടറി ടി ജയകുമാർ, പി.ടാഗോർ മറ്റത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

# ബാധിക്കുക യു.എസ് ജീവനക്കാരെ! ഐബിഎമ്മിലും കൂട്ട പിരിച്ചുവിടൽ

ന്യൂയോർക്ക്: ആമസോണിന്റെയും ഗൂഗിളിന്റെയും മൈക്രോസോഫ്റ്റിന്റെയും പാത പിന്തുടർന്ന് ടെക് മേഖലയിലെ വമ്പനായ ഐബിഎമ്മും. 2005 ലെ സാമ്പത്തിക വർഷത്തിൽ ആഗോള തലത്തിൽ ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിടുമെന്നാണ് കമ്പനി പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യയിലും നിരവധി ഓഫീസുകൾ ഐബിഎമ്മിനുണ്ട്. ബംഗളൂരു, അഹമ്മദാബാദ്, ചെന്നൈ, ഹൈദരാബാദ്, കൊച്ചി ഉൾപ്പെടെയുള്ള പ്രധാന ഇന്ത്യൻ നഗരങ്ങളിൽ നിരവധി ജീവനക്കാരാണ് ഐബിഎമ്മിനുള്ളത്.



2025 അവസാനത്തിലാണ് ജീവനക്കാരുടെ കൂട്ടപ്പിരിച്ചുവിടലെന്നാണ് കമ്പനി വ്യക്തമാക്കിയിരിക്കുന്നത്. ഈ വർഷം ആദ്യം കമ്പനി മാർക്കറ്റിങ്, കമ്മ്യൂണിക്കേഷൻസ് എന്നിവയിലെ തസ്തികകൾ ഒഴിവാക്കിയിരുന്നു. എച്ച്ആർ വിഭാഗത്തിലെ ഇരുന്നൂറോളം തസ്തികകളാണ് എഐ ഏജന്റുമാരെ കൊണ്ട് മാറ്റി സ്ഥാപിച്ചത്. കമ്പനിയുടെ സേവനങ്ങളെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിലേക്ക് മാറ്റുന്നതിന്റെ ഭാഗമായാണ് ആയിരക്കണക്കിന് ജീവനക്കാരെ വെട്ടിക്കുറയ്ക്കുന്നത്. ഇക്കാര്യം ഐബിഎം വക്താവ് തന്നെ സ്ഥിരീകരിച്ചിട്ടുണ്ട്.

നിലവിൽ ഐബിഎമ്മിന് ആഗോള തലത്തിൽ 270000 ജീവനക്കാരുണ്ട്. കമ്പനി അതിന്റെ ഒരു ശതമാനം ജീവനക്കാരെയാണ് പിരിച്ചുവിടുന്നതെന്ന് വക്താവ് അറിയിച്ചു. അതായത് ഏകദേശം 2700 ജീവനക്കാരെ കമ്പനിയിൽ നിന്ന് പിരിച്ചു വിടും. കമ്പനിയുടെ പുനക്രമീകരണത്തിന്റെ ഭാഗമായാണ് ഈ പിരിച്ചുവിടലുകൾ. ഐബിഎം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എഐ അധിഷ്ഠിത ക്ലൗഡ് സേവനങ്ങളിലും സോഫ്റ്റ്‌വെയർ വികസനത്തിലുമാണ്. സോഫ്റ്റ്‌വെയർ ബിസിനസ് വരുമാനത്തിൽ 10 ശതമാനം വർധനയാണ് സാമ്പത്തിക വർഷത്തിൽ കമ്പനിക്ക് ഉണ്ടായത്.

ഐബിഎമ്മിന്റെ ഏറ്റവും പുതിയ നീക്കം കോർപ്പറേറ്റ് മേഖലയിൽ ആരുടെയും ജോലി സുരക്ഷിതമല്ല എന്ന് മുന്നറിയിപ്പാണ് ജീവനക്കാർക്ക് ലഭിക്കുന്നത്. നിരവധി കമ്പനികളാണ് തങ്ങളുടെ ജീവനക്കാരെ ഒഴിവാക്കി ആർട്ടിഫിഷ്യൽ ഇന്റലിജൻസിലേക്ക് കൂടുമാറുന്നത്. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഉൽപാദന ക്ഷമത വർധിപ്പിക്കാനുമാണ് ജീവനക്കാരെ പിരിച്ചുവിടുന്നത് എന്നാണ് കമ്പനികൾ നൽകുന്ന വിശദീകരണം.

കഴിഞ്ഞ മാസം ഇകൊമേഴ്സ് മേഖലയിലെ വമ്പനായ ആമസോൺ 14000 കോർപ്പറേറ്റ് ജോലികൾ വെട്ടിക്കുറയ്ക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഫേസ്ബുക്കിന്റെ മാതൃസ്ഥാപനമായ മെറ്റ എഐ വിഭാഗത്തിലെ 600 ജോലികൾ ഒഴിവാക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

ഐബിഎമ്മിന്റെ നിലവിലെ പിരിച്ചുവിടൽ യുഎസിലുള്ളവരെ ആയിരിക്കും ബാധിക്കുന്നത്. അധികം വൈകാതെ അന്താരാഷ്ട്ര വിപണികളിലും തൊഴിൽ വെട്ടിക്കുറയ്ക്കൽ ഉണ്ടായേക്കാം എന്നാണ് സൂചന.

## ഒടുവിൽ അയഞ്ഞു ! യു.എസ് ഉൽപ്പന്നങ്ങൾക്കുള്ള 24 % താരിഫ് ഒരു വർഷത്തേക്ക് റദ്ദ് ചെയ്ത് ചൈന

ബീജിംഗ്: യുഎസ് ഉൽപ്പന്നങ്ങൾക്ക് ചൈന ഏർപ്പെടുത്തിയ 24 ശതമാനം താരിഫ് ഒരു വർഷത്തേക്ക് ചൈന നിർത്തിവച്ചു. എന്നിരുന്നാലും, ചില ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം താരിഫ് തുടരുമെന്ന് ചൈനീസ് ധനകാര്യ മന്ത്രാലയം അറിയിച്ചു.

കഴിഞ്ഞയാഴ്ചദക്ഷിണകൊറിയയിൽനടന്നAPEC സിഇഒഉച്ചകോടിയിൽഷി ജിൻപിങ്ങും ഡൊണാൾഡ് ട്രംപും ഈ തീരുമാനമെടുത്തു. നവംബർ 10 മുതൽ ഇത് നടപ്പിലാക്കും. ചില അമേരിക്കൻ കാർഷിക ഉൽപ്പന്നങ്ങൾക്ക് 15 ശതമാനം താരിഫ് ഏർപ്പെടുത്തുമെന്ന് ചൈന പ്രഖ്യാപിച്ചു. നവംബറിൽ ചൈനീസ് ഇറക്കുമതികൾക്ക് 100 ശതമാനം താരിഫ് ട്രംപ് പ്രഖ്യാപിച്ചതിനെ ത്തുടർന്ന് ഒക്ടോബറിൽ പ്രശ്നങ്ങൾ ഉടലെടുത്തു. ഇതിന് മറുപടിയായി, ദക്ഷിണ കൊറിയയിലെ അഞ്ച് യുഎസ് അനുബന്ധ സ്ഥാപനങ്ങൾക്ക് ചൈന ഉപരോധം ഏർപ്പെടുത്തി.

അതിനിടെ, ദക്ഷിണ കൊറിയയിൽ നടന്ന ഉച്ചകോടിയിൽ വ്യാപാരയുദ്ധത്തിന് അയവ് വരുത്താൻ ഇരു രാജ്യങ്ങളുടെയും പ്രസിഡന്റുമാർ തീരുമാനിച്ചു.

## മസ്കിനെ ഒരു ട്രില്യണയർ ആക്കിയേക്കും! ശമ്പള പാക്കേജിൽ വോട്ട് ചെയ്യാനൊരുങ്ങി ടെസ്ല ഓഹരി ഉടമകൾ



ന്യൂയോർക്ക്: ഇലോൺ മസ്കിന്റെ രാഷ്ട്രീയത്തിലേക്കുള്ള തന്റെ കടന്നുകയറ്റത്തോടെ ടെസ്ലയുടെ വിൽപ്പന കുത്തനെ ഇടിഞ്ഞിരുന്നു. എന്നാൽ ഓഹരി വില കുതിച്ചുയർന്നു. ഇപ്പോൾ കമ്പനി തനിക്ക് കൂടുതൽ പണം നൽകണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

വ്യാഴാഴ്ച ടെക്സസിലെ ഓസ്റ്റിനിൽ നടക്കുന്ന ടെസ്ലയുടെ വാർഷിക യോഗത്തിനായി ഒത്തുകൂടുന്ന ഓഹരി ഉടമകൾ, കമ്പനിയുടെ സിഇഒയും ലോകത്തിലെ ഏറ്റവും ധനികനുമായ മസ്കിന് ചരിത്രത്തിലെ ആദ്യത്തെ ട്രില്യണയർ ആകാൻ ആവശ്യമായ ഓഹരികൾ നൽകണോ എന്ന് പ്രോക്സി വോട്ടിലൂടെ തീരുമാനിക്കും.

വരുമാന അസമത്വത്തിന്റെ ഉദാഹരണമായി പോപ്പിന്റെ അഭിപ്രായങ്ങൾ പോലും ഈ വിഷയത്തിൽ ഇരുവശത്തും ചൂടേറിയ ചർച്ചകൾക്ക് തുടക്കമിട്ട ഒരു വോട്ടാണിത്. ഡയറക്ടർ ബോർഡ് മസ്കിനോട് വളരെയധികം കടപ്പെട്ടിരിക്കുന്നുവെന്നും, അടുത്തിടെ അദ്ദേഹത്തിന്റെ പെരുമാറ്റം അശ്രദ്ധമാണെന്നും വാദിച്ച് നിരവധി പെൻഷൻ ഫണ്ടുകൾ പാക്കേജിനെതിരെ രംഗത്തെത്തി.

എന്നാൽ ലക്ഷക്കണക്കിന് സെൽഫ് ഡ്രൈവിംഗ് ടെസ്ല കാറുകൾ പലതും സ്റ്റിയറിംഗ് വീലുകളില്ലാതെ ആളുകളെ കൊണ്ടുപോകുന്ന ടെസ്ലയെ ശക്തമായൊരു ഭാവിയിലേക്ക് നയിക്കാൻ കഴിവുള്ള ഒരേയൊരു വ്യക്തി മസ്ക് ആണെന്നും അദ്ദേഹം ഒരു പ്രതിഭയാണെന്നും പിന്തുണക്കാർ പറയുന്നു. അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഈ വേതനം അനിവാര്യമാണെന്നും അവർ പറയുന്നു.

ടെസ്ല ഓഹരികൾ ലഭിക്കാൻ, കമ്പനിയുടെ വോട്ടിംഗ് അവകാശമുള്ള ഭൂരിഭാഗം ഓഹരി ഉടമകളുടെയും അംഗീകാരം മസ്കിന് നേടേണ്ടതുണ്ട്. സാധ്യതകൾ മെച്ചപ്പെടുത്തിക്കൊണ്ട്, കമ്പനിയുടെ 15% മൂല്യമുള്ള സ്വന്തം ഓഹരികൾക്ക് വോട്ട് ചെയ്യാൻ മസ്കിന് കഴിയും.

സെപ്തംബറിൽ ഫെഡറൽ സെക്യൂരിറ്റീസ് റെഗുലേറ്റർമാർക്ക് വിശദമായ ഫയലിംഗിൽ ഡയറക്ടർ ബോർഡ് ഇത് നിർദ്ദേശിച്ചപ്പോഴാണ് ഓഹരി ഉടമകൾ ആദ്യം ശമ്പള പാക്കേജിനെക്കുറിച്ച് കേട്ടത്. 200 പേജുകളുള്ള ഈ രേഖയിൽ മീറ്റിംഗിൽ വോട്ടിനായി മറ്റ് നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നു. അതിൽ ടെസ്ലയെ മറ്റൊരു മസ്ക് കമ്പനിയായ തൽക്കയിൽ നിക്ഷേപിക്കാൻ അനുവദിക്കണോ, ഭാവിയിൽ ആരാണ് ബോർഡിൽ സേവനമനുഷ്ഠിക്കേണ്ടത് എന്നിവ ഉൾപ്പെടുന്നു.

# 80,000 നോൺഇമിഗ്രന്റ് വിസകൾ റദ്ദാക്കി ട്രംപ് ഭരണകൂടം

വാഷിംഗ്ടൺ: ജനുവരി 20 ന് അധികാരമേറ്റതിന് ശേഷം പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകൂടം മദ്യപിച്ച് വാഹനമോടിക്കുന്നത് ഉൾപ്പെടെ ആക്രമണം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ ചൂണ്ടിക്കാട്ടി റദ്ദാക്കിയതായത് ഏകദേശം 80,000 നോൺഇമിഗ്രന്റ് വിസകൾ. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനാണ് ഇക്കാര്യം വ്യക്തമാക്കിയത്. ആകെ റദ്ദാക്കലുകളിൽ ഏകദേശം 16,000 എണ്ണം ഉഡക കേസുകളുമായും ഏകദേശം 12,000 എണ്ണം ആക്രമണവുമായും ഏകദേശം 8,000 എണ്ണം മോഷണവുമായും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്ഉദ്യോഗസ്ഥരെഉദ്ധരിച്ച്റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. വാഷിംഗ്ടൺ എക്സാമിനറാണ് ഈ സംഖ്യകൾ ആദ്യം റിപ്പോർട്ട് ചെയ്തത്.

റദ്ദാക്കലുകളുടെ വ്യാപ്തി കുടിയേറ്റ നിയന്ത്രണത്തിന്റെ ഒരു വലിയ പ്രവണത വെളിപ്പെടുത്തുന്നു. അതായത് ഇപ്പോഴും സാധുവായ വിസകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികൾ ഉൾപ്പെടെ റെക്കോർഡ് എണ്ണം കുടിയേറ്റക്കാരെ നാടുകടത്തുന്നതിലേക്ക് ഈ നടപടി നയിച്ചുവെന്നാണ് വിവരം. ട്രംപ് ഭരണകൂടം കർശനമായ വിസ സ്ക്രീനിംഗ് ആവശ്യകതകൾ ഏർപ്പെടുത്തുകയും സോഷ്യൽ മീഡിയ പരിശോധന വിപുലീകരിക്കുകയും മൊത്തത്തിലുള്ള പശ്ചാത്തല പരിശോധനകൾ കർശനമാക്കുകയും ചെയ്തോടെയാണ് റെക്കോർഡ് വിസ റദ്ദാക്കൽ നടപ്പിലാക്കിയത്.

RELIABLE TAX & ACCOUNTING INC.
REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING
THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260

tomvo99@comcast.net | www.CPATaxFiling.com

# പുടിനും ഷിയും കരുത്തരുതെന്ന് ട്രംപ് അംഗീകരിച്ചതിന്റെ കാരണം എന്താകും ?

ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള നേതാക്കളെക്കുറിച്ചുള്ള തന്റെ തുറന്ന കാഴ്ചപ്പാടുകൾ പങ്കുവെച്ചിരിക്കുകയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സിബിഎസ് ന്യൂസിന് നൽകിയ അഭിമുഖത്തിൽ, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിനെയും ട്രംപ് വിശേഷിപ്പിച്ചത് 'ശക്തരും ബുദ്ധിമാന്മാരുമായ നേതാക്കൾ' എന്നാണ്. ട്രംപിന്റെ ഈ വാക്കുകൾ, പാശ്ചാത്യ രാജ്യങ്ങൾ പതിവായി വിമർശിക്കുന്ന ഈ നേതാക്കളുടെ ശക്തിയും തന്ത്രപരമായ കഴിവും എത്രത്തോളം വലുതാണെന്ന് അടിവരയിടുന്നു.



### പുടിനും ഷിയും ഗൗരവമുള്ളവർ

ലോകത്തിലെ രണ്ട് പ്രമുഖ നേതാക്കളിൽ ആരെയാണ് കൈകാര്യം ചെയ്യാൻ കൂടുതൽ ബുദ്ധിമുട്ടുള്ളതെന്ന് ചോദിച്ചപ്പോൾ ട്രംപ് ഇരുവർക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് പറഞ്ഞത്, രണ്ട് പേരും മിടുക്കരും ശക്തരുമായ നേതാക്കളാണെന്നാണ്. ട്രംപിന്റെ വാക്കുകളിൽ, പുടിനും ഷിയും കേവലം രാഷ്ട്രീയ കളിക്കാരല്ല, എല്ലാ വിഷയങ്ങളെയും അതീവ ഗൗരവത്തോടെ കാണുന്ന നേതാക്കളാണവർ. ഈ പ്രസ്താവന, ആഗോളതലത്തിൽ ഈ രണ്ട് നേതാക്കളും കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ ഗൗരവവും അവരുടെ ഉയർന്ന നയതന്ത്രപരമായ ബുദ്ധിയും വ്യക്തമാക്കുന്ന ഒന്നാണ്.

റഷ്യയുടെയും ചൈനയുടെയും നേതൃത്വപരമായ കരുത്തിനെ അംഗീകരിക്കുന്ന ട്രംപിന്റെ ഈ സമീപനം, നിലവിലെ അമേരിക്കൻ ഭരണകൂടത്തിന്റെ ശത്രുതാപരമായ നിലപാടുകളിൽ നിന്നുള്ള ഒരു വ്യതിയാനമായി കണക്കാക്കാം.

### ഷിയുമായുള്ളത് തന്ത്രപരമായ സൗഹൃദം

ചൈനീസ് പ്രധാനമന്ത്രി ഷി ജിൻപിങ്ങുമായുള്ള ബന്ധത്തെക്കുറിച്ച് ട്രംപ് പറഞ്ഞത്, തങ്ങൾ വളരെ നന്നായി പെരുമാറുന്നു. എപ്പോഴും അങ്ങനെ തന്നെയാണ്. അദ്ദേഹം ശക്തനായ ഒരു മനുഷ്യനും വളരെ ശക്തനായ നേതാവുമാണെന്നായിരുന്നു. കോവിഡ്-19 പാൻഡെമിക് കാലത്തെ സമ്മർദ്ദങ്ങൾക്കിടയിലും തങ്ങളുടെ ബന്ധം അത് കഴിയുന്നത്ര മികച്ചതായി തുടർന്നു എന്നും ട്രംപ് വാദിച്ചു.

ചൈനയുമായുള്ള താരിഫ് യുദ്ധത്തെ ട്രംപ് ന്യായീകരിച്ചത്, അത് തന്ത്രപരവും താൽക്കാലികവുമാണ് എന്നായിരുന്നു. എന്നാൽ ചൈനയെ ശിക്ഷിക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്ക ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച ഒരു നടപടിയായിരുന്നു ഈ താരിഫ് യുദ്ധം എന്നായിരുന്നു പൊതുവായ നിഗമനം. ചൈനയെ അനാവശ്യമായി സമ്മർദ്ദത്തിലാക്കുന്നതിന് പകരം, സന്തുലിതമായ ഒരു വ്യാപാര അന്തരീക്ഷം സ്ഥാപിക്കുകയാണ് തന്റെ സമീപനത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്നാണ് അദ്ദേഹം അവകാശപ്പെട്ടത്.

ദക്ഷിണ കൊറിയയിൽ ഷി ജിൻപിങ്ങുമായി നടത്തിയ ചർച്ചകൾക്ക് ശേഷം, ചൈനീസ് ഉൽപ്പന്നങ്ങൾക്കു മേലുള്ള തീരുവ 10 ശതമാനം കുറച്ച് 57 ശതമാനത്തിൽ നിന്ന് 47 ശതമാനമായി കുറയ്ക്കാൻ ട്രംപ് നിർബന്ധിതനായി. ഈ നടപടി, അമേരിക്കയുടെ മുൻ നിലപാടിലെ അനാവശ്യ കാർക്കശ്യം കുറയ്ക്കുന്നതിനുള്ള ഒരു മികച്ച നടപടിയുടെ ലക്ഷണമെന്നാന്ന് ട്രംപ് വിശേഷിപ്പിച്ചത്. ചൈനയുമായുള്ള സൗഹൃദപരവും എന്നാൽ തന്ത്രപരവുമായ ഒരു വ്യാപാരബന്ധം നിലനിർത്താൻ താൻ ആഗ്രഹിക്കുന്നുവെന്ന് ട്രംപ് പ്രകടിപ്പിച്ച ഈ നീക്കം, ചൈനീസ് വിപണിയുടെ പ്രാധാന്യവും ചൈനീസ് നേതൃത്വത്തിന്റെ നയതന്ത്രപരമായ സ്വാധീനവും അംഗീകരിക്കുന്നതിന് തുല്യമാണ്.

ലോകത്തിലെ പ്രബല ശക്തികളായ റഷ്യയുടെയും ചൈനയുടെയും നേതാക്കളെ കരുത്തരായ വ്യക്തികളായി ട്രംപ് അംഗീകരിക്കുന്നത്, ഈ ശക്തികൾക്ക് ആഗോള നയതന്ത്രത്തിൽ എത്രത്തോളം ആഴത്തിലുള്ള സ്വാധീനമുണ്ടെന്ന് തെളിയിക്കുന്നു. ഉക്രെയ്ൻ സംഘർഷത്തിന്റെ പേരിൽ ബൈഡൻ ഭരണകൂടത്തെയാണ് ട്രംപ് വിമർശിക്കുന്നത്.

അത് റ ഷ്യൻ ചൈനീസ് നേതൃത്വത്തെ അദ്ദേഹം ട്രംപ് തുല്യശക്തിയോടെ കാണുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണെന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ ശക്തരായ നേതാക്കളുമായി സംയമനത്തോടും തന്ത്രപരമായും ഇടപെടുന്ന ഒരു സമീപനമാണ് ആഗോള സമാധാനത്തിന് ആവശ്യമെന്നും ട്രംപ് തന്നെ സമ്മതിക്കുന്നു.

# വിദഗ്ധ തൊഴിലാളികൾക്ക് വേഗത്തിൽ കുടിയേറ്റ സൗകര്യം പ്രഖ്യാപിച്ചു കാനഡ




2025 ഫെഡറൽ ബജറ്റിന്റെ ഭാഗമായി, എച്ച്-1ബി വിസയുള്ള വിദഗ്ധ തൊഴിലാളികൾക്ക് വേഗത്തിൽ കുടിയേറ്റ സൗകര്യം പ്രഖ്യാപിച്ചു കാനഡ. ഇത് കഴിവുള്ള പ്രൊഫഷണലുകളെ രാജ്യത്തേക്ക് ആകർഷിക്കാനും, രാജ്യത്തിന്റെ റിസർച്ച് ഇൻഒവേഷൻ മേഖലകൾ ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ഈ പുതിയ പദ്ധതി, യുഎസിലെ എച്ച്-1ബി വിസ ഫീസ് കൂട്ടിയതിൽ ബാധിതരായ പ്രൊഫഷണലുകളെ നേരിട്ട് ലക്ഷ്യമിടുന്നതാണ് എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. കാനഡയിലെ ഹെൽത്ത് കെയർ, ഉയർന്ന സാങ്കേതികവിദ്യ, ഗവേഷണം തുടങ്ങിയ മേഖലകളിൽ തൊഴിലാളികളുടെ കുറവ് നിറയ്ക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

'രാജ്യത്തിന്റെ ഇന്നൊവേഷൻ സംവിധാനത്തെ ശക്തിപ്പെടുത്താനും, തൊഴിൽ കുറവ് പരിഹരിക്കാനും, മികച്ച അന്താരാഷ്ട്ര പ്രതിഭകളെ ആകർശിക്കാനും ഈ പദ്ധതി സഹായിക്കും' എന്നാണ് കാനഡ സർക്കാർ വ്യക്തമാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി, കാനഡ 1,000ലധികം അന്താരാഷ്ട്ര ഗവേഷകരെ നിയമിക്കാൻ CA $1.7 ബില്യൺ വരെ വിനിയോഗിക്കും. ഇതിലൂടെ കാനഡയിലെ സർവകലാശാലകൾക്ക് ഉയർന്ന നിലവാരത്തിലുള്ള ഗവേഷണവിദഗ്ധരെ നിയമിക്കാനാകും എന്നാണ് കരുതുന്നത്.

**ഫണ്ടിന്റെ വിഭജനം**

| ഫണ്ട് | കാലാവധി | ഉപയോഗം |
|---|---|---|
| CA $1 ബില്യൺ | 13 വർഷം | Accelerated Research Chairs Initiative |
| CA $400 മില്യൺ | 7 വർഷം | ഗവേഷണ ഇൻഫ്രാസ്ട്രക്ചർ വികസനം |
| CA $133.6 മില്യൺ | 3 വർഷം | അന്താരാഷ്ട്ര PhD, post-doc വിദ്യാർത്ഥികൾക്ക് പിന്തുണ |
| CA $120 മില്യൺ വരെ | 12 വർഷം | അന്താരാഷ്ട്ര അസിസ്റ്റന്റ് പ്രൊഫസർമാർ നിയമിക്കാൻ |

ഇതോടെ വിദേശത്ത് പരിശീലനം നേടിയ ഡോക്ടർമാർക്കും എഞ്ചിനീയർമാർക്കും കാനഡയിൽ ലൈസൻസ് ലഭിക്കുന്ന പ്രക്രിയ വേഗത്തിലാക്കും. പ്രത്യേകിച്ച് ഹെൽത്ത്കെയർ, കൺസ്ട്രക്ഷൻ വിഭാഗത്തിൽ.

'ലോകത്തിലെ മികച്ച പ്രതിഭകളെ ആകർശിച്ച്, രാജ്യത്തിന്റെ മത്സരക്ഷമത കാത്തുസൂക്ഷിക്കുകയാണ് ലക്ഷ്യം' എന്നാണ് ഈ പദ്ധതിയെ കുറിച്ച് കാനഡാ പ്രധാനമന്ത്രിമാർക്ക് കാർണി പറഞ്ഞത്.

# ഇന്ത്യയിൽ നിന്ന് വരുന്ന വിസ അപേക്ഷകളിൽ കർശന പരിശോധന; കാനഡ പുതിയ നിയമം പരിഗണിക്കുന്നു?

കാനഡ കൂട്ടമായി വിസ റദ്ദാക്കാനുള്ള അധികാരം തേടുന്നതായി റിപ്പോർട്ട്. വിദേശികളിൽ നിന്ന് വരുന്ന വിസ അപേക്ഷകളിൽ തട്ടിപ്പ് കണ്ടെത്തിയാൽ, ഒരേ സമയം കൂട്ടമായി വിസകൾ റദ്ദാക്കാൻ കഴിയുന്ന പുതിയ അധികാരം കാനഡ തേടുന്നതായി റിപ്പോർട്ട്. സർക്കാരിന്റെ ആഭ്യന്തര രേഖകൾ ആണ് ഇക്കാര്യത്തിൽ സൂചന നൽകുന്നത്.




ഈ രേഖകൾ പ്രകാരം ഇമിഗ്രേഷൻ, റിഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ (IRCC), കാനഡ ബോർഡർ സർവീസസ് ഏജൻസി (CBSA), കൂടാതെ പേരറിയിക്കാത്ത അമേരിക്കൻ ഏജൻസികളും ചേർന്ന് നടത്തുന്ന വിസ തട്ടിപ്പ് കണ്ടെത്താനും വിസ നിരസിക്കാനും പ്രത്യേക പ്രവർത്തക സംഘം രൂപീകരിച്ചിട്ടുണ്ട് എന്നാണ് ലഭിക്കുന്ന വിവരം. രേഖയിൽ ഇന്ത്യയെയും ബംഗ്ലാദേശിനെയും 'പ്രത്യേകമായി വെല്ലുവിളികൾ നിറഞ്ഞ രാജ്യങ്ങൾ' എന്നാണ് പരാമർശിച്ചിരിക്കുന്നത്.

അതേസമയം പൊതുവിൽ പാൻഡമിക് പോലുള്ള സാഹചര്യങ്ങൾ കൈകാര്യം ചെയ്യാനാണ് ഈ അധികാരം ആവശ്യപ്പെടുന്നതെന്ന് ആണ് കാനഡ സർക്കാർ വ്യക്തമാക്കുന്നത്. എന്നാൽ നിർമാണ രേഖകൾ പ്രകാരം രാജ്യവിശേഷതയുള്ള വിസകൾ കൂട്ടമായി റദ്ദാക്കുന്നതിനും ഈ അധികാരം ഉപയോഗിക്കാമെന്നാണ് വ്യക്തമാക്കുന്നത്.

ഇന്ത്യയിൽ നിന്ന് താൽക്കാലിക വിസ അപേക്ഷകളുടെ പരിശോധനയും ഉറപ്പ് തെളിവുകളും പരിശോധിക്കാൻ കൂടുതൽ സമയം ആവശ്യപ്പെടുന്നുണ്ടെന്ന് ഐആർസിസി ചൂണ്ടിക്കാട്ടി. ഇതുമൂലം വിസ ലഭിക്കാനുള്ള ശരാശരി പ്രോസസ്സിംഗ് സമയം 30 ദിവസത്തിൽ നിന്ന് 54 ദിവസമായി ഉയർന്നു. ഇത് കൂടാതെ വിസ നിരസിക്കലുകളും 2024ൽ വർദ്ധിച്ചു എന്നാണ് റിപ്പോർട്ടുകൾ.

ഈ തീരുമാനം ഇന്ത്യ-കാനഡ ബന്ധത്തെ ബാധിക്കുമോ എന്നാണ് ഉയരുന്ന പ്രധാന ആശങ്ക. ഇന്ത്യയുമായി ബന്ധം 2023 മുതൽ തന്നെ പ്രശ്നങ്ങളിലായിരുന്നു. എന്നാൽ ഇപ്പോൾ രണ്ടുരാജ്യങ്ങളും ബന്ധം പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നാണ് ലഭിക്കുന്ന വിവരം.

എന്നാൽ കൂട്ടവിസ റദ്ദാക്കൽ അധികാരം ഉപയോഗിക്കുന്നത് ബന്ധത്തിൽ വീണ്ടും സമ്മർദ്ദം സൃഷ്ടിക്കാൻ സാധ്യതയുണ്ടോ എന്ന ചോദ്യത്തിന് കാനഡ സർക്കാർ ഇതുവരെ വ്യക്തമായ മറുപടി നൽകിയിട്ടില്ല.



# പി.എം ശ്രീ : കേന്ദ്രത്തിന് കത്തയയ്ക്കാത്തതിൽ സി.പി.ഐയ്ക്ക് അതൃപ്തി

തിരുവനന്തപുരം: പി.എം ശ്രീ പദ്ധതി മരവിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിന് കത്തയയ്ക്കാൻ വൈകുന്നതിൽ സി.പി.ഐയ്ക്ക് അതൃപ്തി. പദ്ധതിയിൽ ഒപ്പുവച്ചതിന് സി.പി.എം നേതൃത്വവുമായി ഇടയുകയും മന്ത്രിസഭാ യോഗം ബഹിഷ്കരിക്കുമെന്ന കടുത്ത തീരുമാനമെടുക്കുകയും ചെയ്ത സി.പി.ഐയെ അനുനയിപ്പിക്കാൻ വച്ച പ്രധാന ഉപാധിയായിരുന്നു കേന്ദ്രത്തിനുള്ള കത്ത്. ഇന്നലത്തെ മന്ത്രിസഭാ യോഗത്തിൽ ഈ വിഷയം സി.പി.ഐ ഉന്നയിക്കുമെന്ന് കരുതിയെങ്കിലും ഉന്നയിച്ചില്ല.

പദ്ധതി നടത്തിപ്പിനെക്കുറിച്ച് പഠിക്കാൻ ഉപസമിതിയെ നിയോഗിക്കാനും സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാനുമായിരുന്നു രണ്ട് പാർട്ടികളും തമ്മിൽ നടത്തിയ ചർച്ചയിൽ ധാരണയായത്. എന്നാൽ ഇത്ര ദിവസമായിട്ടും കേന്ദ്രത്തിന് കത്ത് അയയ്ക്കാതിരിക്കുകയും സമഗ്ര ശിക്ഷാ കേരളം പദ്ധതിയുടെ ആദ്യ ഗഡുവായ 92.41 കോടി കേന്ദ്രം അനുവദിക്കകുയും ചെയ്തതോടെയാണ് തങ്ങൾ കബളിപ്പിക്കപ്പെട്ടെന്ന തോന്നൽ സി.പി.ഐയിൽ ഉടലെടുത്തത്. പി.എംശ്രീ വിഷയത്തിൽ ഉറച്ച നിലപാട് സ്വീകരിക്കുകയും ഏകപക്ഷീയമായി പദ്ധതി ഒപ്പു വച്ച സർക്കാരിനെ പിന്തിരിപ്പിക്കുകയും ചെയ്തത് തങ്ങളുടെ രാഷ്ട്രീയ വിജയമായിട്ടാണ് ചൊവ്വാഴ്ചയിലെ സി.പി.ഐ സംസ്ഥാന കൗൺസിൽ യോഗം വിലയിരുത്തിയത്.

എന്നാൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം കിട്ടിയാലുടൻ കേന്ദ്രത്തിന് കത്തയയ്ക്കുമെന്നാണ് മന്ത്രി വി.ശിവൻകുട്ടി വിശദമാക്കിയത്. ഇക്കാര്യത്തിൽ സി.പി.ഐയ്ക്ക് വിഷമമുള്ളതായി തോന്നുന്നില്ലെന്നും ഏതെങ്കിലും ഒരു പാർട്ടിയുടെ മാത്രം പ്രശ്നമല്ലല്ലോ ഇതെന്നുമായിരുന്നു പ്രതികരണം.




## കത്ത് അയയ്ക്കാത്തത് മന്ത്രിസഭ ചർച്ച ചെയ്തില്ല

പി.എംശ്രീ പദ്ധതിയിൽ കേന്ദ്രഹസർക്കാരുമായി ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിൻവാങ്ങുന്നതായി കേന്ദ്രത്തിന് കത്ത് നൽകാനുള്ള തീരുമാനം നടപ്പാക്കാത്തത് മന്ത്രിസഭാ യോഗത്തിൽ ചർച്ചയായില്ല. സി.പി.എം - സി.പി.ഐ ഉഭയകക്ഷി ചർച്ചയിലെ തീരുമാനം മുഖ്യമന്ത്രി പ്രഖ്യാപിച്ച് ഒരാഴ്ചയായിട്ടും ഇതുവരെ കത്ത് അയച്ചിരുന്നില്ല.

വിവാദങ്ങളും ആശങ്കകളും കണക്കിലെടുത്ത് മന്ത്രിസഭ ഉപസമിതി റിപ്പോർട്ട് ലഭിക്കുന്നതു വരെ പദ്ധതിനടപ്പാക്കുന്നകാര്യങ്ങളുമായിമുന്നോട്ടുപോകില്ലെന്ന് കേന്ദ്ര സർക്കാരിനെ കത്ത് മുഖേന അറിയിക്കുമെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നത്. പദ്ധതിയിൽ ഒപ്പിട്ട് ഒരാഴ്ച കഴിയുന്നതിനു മുൻപ് എസ്എസ്കെ പദ്ധതിയിലേക്കുള്ള കേന്ദ്ര സർക്കാരിന്റെ ആദ്യ ഗഡുതുകയും കേരളത്തിനു ലഭിച്ചു.

## ഫണ്ടിന് ഏതറ്റം വരെയും പോകും: ശിവൻകുട്ടി

അർഹമായ കേന്ദ്രഫണ്ട് നേടിയെടുക്കാൻ ഏതറ്റം വരെയും പോകുമെന്ന് മന്ത്രി വി.ശിവൻകുട്ടി. സ്പെഷ്യൽ സ്കൂൾ എഡ്യൂക്കേറ്റർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് സമഗ്ര ശിക്ഷാ ഫണ്ട് കേന്ദ്രം ഉടൻ അനുവദിക്കുമെന്ന് കരുതുന്നു. ഇക്കാര്യം സുപ്രീംകോടതിയിൽ കേന്ദ്രം ഉറപ്പ് നൽകി എന്നാണ് മനസ്സിലാക്കുന്നത്.

രണ്ടു വർഷത്തിനു ശേഷം സമഗ്ര ശിക്ഷ കേരള വിഹിതത്തിലെ ആദ്യ ഗഡു ലഭിച്ചിരിക്കുകയാണ്. ഇത് വിദ്യാഭ്യാസ അവകാശനിയമ പ്രകാരം കുഞ്ഞുങ്ങൾക്ക് അർഹതപ്പെട്ടതാണ്. 2023-24 മുതലുള്ള 1158 കോടി കേന്ദ്രം നൽകാനുണ്ട്. 2023-24ൽ 188.58, 2024-25 ൽ 513.14, 2025-26 ൽ 456.1കോടി എന്നിങ്ങനെയാണ് കുടിശ്ശിക. 45 ലക്ഷം കുട്ടികളെ നേരിട്ട് ബാധിക്കുന്ന വിഷയം കേരളത്തിൽ

പ്രതിഫലിക്കാത്തത് കേന്ദ്രവിഹിതത്തിന്റെ ഭാരം സംസ്ഥാനം പേറുന്നത് കൊണ്ടാണ്.

## ഗൗരിയമ്മ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്തായത് നിർഭാഗ്യകരം: മുഖ്യമന്ത്രി

തിരുവനന്തപുരം: മുൻമന്ത്രി കെ.ആർ.ഗൗരിയമ്മ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്തായത് നിർഭാഗ്യകരമായ അവസ്ഥയായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അത് ഗൗരിയമ്മയെയും പാർട്ടിയെയും സ്നേഹിക്കുന്നവർക്ക് വലിയ വേദനയുണ്ടാക്കി. എങ്കിലും അവസാന കാലത്ത് പാർട്ടിയുമായി സഹകരിക്കാൻ തീരുമാനിച്ചത് സന്തോഷകരമായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. കെ.ആർ.ഗൗരിയമ്മ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 2025ലെ അന്തർദേശീയ പുരസ്കാരം സാമൂഹ്യ പ്രവർത്തക അരുണ റോയിക്ക് നൽകുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാർട്ടിയുടെആദ്യകാലനേതാക്കളിൽധീരതയുടെ പ്രതീകമായി കേരളം കണ്ട നേതാവായിരുന്നു ഗൗരിയമ്മ. കമ്മ്യൂണിസ്റ്റ് സർക്കാർ കൊണ്ടു വന്ന ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു. ഗൗരിയമ്മ വിഭാവനം ചെയ്ത ദാരിദ്ര്യ മുക്ത കേരളത്തിലേക്കുള്ള ഒരു ചവിട്ടു പടി കടന്ന് സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമാക്കാൻ ഈ സർക്കാരിനായി. ദിവാൻ വാഗ്ദാനം ചെയ്ത മജിസ്ട്രേറ്റ് പദവി ഉപേക്ഷിച്ച് പോരാട്ടത്തിനിറങ്ങിയ ഗൗരിയമ്മയ്ക്കും സിവിൽ സർവീസ് ജീവിതംതുടക്കത്തിലേഉപേക്ഷിച്ച്സാധാരണജനങ്ങളുടെഉന്നമനത്തിനായിഇറങ്ങിത്തിരിച്ചഅരുണ റോയിക്കും സമാനതകളേറെയുണ്ട്. അരുണ റോയിയുടെ നേതൃത്വത്തിൽ നടത്തിയ മുന്നേറ്റങ്ങളുടെ ഫലമായി വിവരാവകാശ നിയമം, തൊഴിലുറപ്പ് നിയമംതുടങ്ങിയവിപ്ലവകരമായപലഅവകാശങ്ങളും രാജ്യത്തുണ്ടായി. എന്നാൽ ഇപ്പോൾ വിവരാവകാശ നിയമത്തിൽ പല ഭേദഗതികൾ കൊണ്ടുവന്ന് ഉദ്ദേശലക്ഷ്യങ്ങൾ ഇല്ലാതാക്കിയെന്നും മുഖ്യമന്ത്രി പറഞ്ഞു.












# ശബരിമല സ്വർണക്കൊള്ള: രാജ്യാന്തര മോഷ്ടാക്കളുടെ ശൈലിയെന്ന് ഹൈക്കോടതി



കൊച്ചി: ശബരിമലയിലെ സ്വർണക്കൊള്ളയ്ക്ക് ക്ഷേത്രകലാവസ്തുക്കൾ മോഷ്ടിക്കുന്ന രാജ്യാന്തര സംഘത്തിന്റെ പ്രവർത്തന രീതിയുമായി സാമ്യമുണ്ടെന്ന് ഹൈക്കോടതി. മതപരമായ സംരക്ഷണം മുതലെടുത്ത് കുപ്രസിദ്ധവിഗ്രഹ മോഷ്ടാവായ സുഭാഷ് കപൂർ ഉൾപ്പെടെ ചെയ്ത ഓപ്പറേഷന് സമാനമാണിത്. ക്ഷേത്ര കലാസൃഷ്ടികൾ രാജ്യാന്തര വിപണിയിൽ മോഹവിലയ്ക്ക് വിൽക്കാനാകും. ശബരിമലയിലെ സ്വർണം പൊതിഞ്ഞ വിലപ്പെട്ട വസ്തുക്കളുടെ ഒറിജിനൽ മാറ്റിവച്ച് പകർപ്പുകൾ ഹാജരാക്കിയുള്ള മോഷണമാണ് നടന്നതെന്ന സംശയം ബലപ്പെട്ടതായും കോടതി പറഞ്ഞു.

ശ്രീകോവിലിന്റെ സ്വർണം പൊതിഞ്ഞ പ്രധാന വാതിൽ അറ്റകുറ്റപ്പണിക്കായി ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയതും അന്വേഷിക്കണം. ദുരൂഹ ഇടപാടുകളെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികൃതരുടെ അറിവോടെയാണെന്ന് രേഖകളിൽ നിന്ന് വ്യക്തമാണ്. കത്തിടപാടുകൾ നടന്നിട്ടുണ്ട്. പിടിച്ചെടുത്ത ദേവസ്വം മിനിട്സിൽ 2025 ജൂലായ് 28ന് ശേഷം ഒന്നും രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണാം. ഇതിന് ശേഷമാണ് ദ്വാരപാലക ശില്പങ്ങൾ ഇക്കുറി അറ്റകുറ്റപ്പണിക്ക് കൊടുത്തതെന്ന് ഓർമ്മിക്കണം. ഇതും ഗൗരവ സ്വഭാവമുള്ള ക്രമക്കേടാണ്.

ചെമ്പുപാളികളാണ് കൊടുത്തുവിടുന്നതെന്ന് തെറ്റിദ്ധരിപ്പിച്ചത് ബോധപൂർവമാണ്. അതിനാൽ ഇവർക്കെതിരെ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ ചുമത്തുന്ന കാര്യം എസ്.ഐ.ടി പരിശോധിക്കണമെന്നും ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ച് ഉത്തരവിട്ടു. 2018-2019ലാണ് ശ്രീകോവിലിന്റെ വാതിൽ അറ്റകുറ്റപ്പണി ഉണ്ണികൃഷ്ണൻ പോറ്റിയെ ഏൽപ്പിച്ചത്. പോറ്റി തൃശൂരിലെ നന്ദൻ എന്ന മരപ്പണിക്കാരനെ ചുമതപ്പെടുത്തി. ബെംഗളൂരുവിൽ വച്ച് മരം കൊണ്ട് പുതിയ വാതിൽ നിർമ്മിച്ച് ഹൈദരാബാദിൽ എത്തിച്ച് ചെമ്പ് പൊതിയുകയും ചെന്നൈയിൽ സ്വർണം പൂശുകയും ചെയ്തു. ശ്രീകോവിലിന്റെ പഴയ വാതിൽ ദേവസ്വം അനുമതിയോടെ മാറ്റിയിരുന്നു. 1998-99ൽ വിജയ് മല്യയുടെ കമ്പനി, 24 ക്യാരറ്റിന്റെ 2519.76 ഗ്രാം സ്വർണം പൊതിഞ്ഞ വാതിലായിരുന്നു ഇത്. പോറ്റി നിർമ്മിച്ച വാതിലാണ് പകരം വച്ചത്. ഇതിൽ സ്വർണം പൂശുന്നതിന് 324.40 ഗ്രാം സ്വർണം മാത്രമാണ് ഉപയോഗിച്ചതെന്ന് മഹസറിൽ വ്യക്തമാണ്.

2019 മാർച്ചിൽ ഇത് സന്നിധാനത്തക്ക് കൊണ്ടുവരും വഴി കോട്ടയം എളമ്പള്ളി അമ്പലത്തിൽ പൂജ നടത്തി. സിനിമാനടനും ദേവസ്വം ഉദ്യോഗസ്ഥരും പങ്കെടുത്തു. പഴയ വാതിലിൽ പൊതിഞ്ഞിരുന്ന സ്വർണം സംബന്ധിച്ച് സമഗ്രമായി അന്വേഷിക്കണം. ഈ കേസുമായി ബന്ധപ്പെട്ട് ദേവസ്വം വിജിലൻസ് പരിശോധന നടത്തുമ്പോൾ പഴയ ശ്രീകോവിൽ വാതിൽ അഷ്ടാഭിഷേക കൗണ്ടറിന് സമീപം വെയിലും മഴയുമേറ്റ് കിടക്കുന്നതായി കണ്ടെത്തി. അപ്പോൾ മാത്രമാണ് സ്ട്രോംഗ് റൂമിലേക്ക് മാറ്റിയത്. ഈ വാതിൽ സ്വർണം പൊതിഞ്ഞതാണോ എന്നും യഥാർത്ഥ വാതിൽ പോറ്റിക്കും കൂട്ടർക്കും അന്ന് കൈമാറിയിരുന്നോയെന്നും കണ്ടെത്തണമെന്നും കോടതി നിർദ്ദേശിച്ചു.

സ്വർണമോഷണം തിട്ടപ്പെടുത്താൻ ശാസ്ത്രീയ അന്വേഷണം ആവശ്യമാണെന്ന് എസ്.ഐ.ടി കോടതിയെ അറിയിച്ചു. ഇത് അംഗീകരിച്ച കോടതി, വിഷയം ഡിസംബർ 3ന് പരിഗണിക്കാൻ മാറ്റി. എ.ഡി.ജി.പി എച്ച്. വെങ്കിടേഷ്, എസ്.പി എസ്. ശശിധരൻ എന്നിവർ കോടതിയിൽ ഹാജരായി പുരോഗതി റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണം ശരിയായ ദിശയിലാണെന്ന് ദേവസ്വംബെഞ്ച് വിലയിരുത്തി.

## സുഭാഷ് കപൂർ

രാജ്യാന്തര കലാസൃഷ്ടി കള്ളക്കടത്തുകാരൻ. ഇന്ത്യൻ വംശജനായ അമേരിക്കൻ പൗരൻ. തമിഴ്നാട്ടിൽ നിന്ന് മോഷ്ടിച്ച 14-ാം നൂറ്റാണ്ടിലെ പാർവതി വിഗ്രഹവും മറ്റും വിദേശത്ത് വിറ്റ കേസിൽ 2011ൽ അമേരിക്കൻ കസ്റ്റംസ് ആൻഡ് ഇമിഗ്രേഷന്റെ പിടിയിലായി. അറസ്റ്റിലായത് ജർമ്മനിയിൽ നിന്ന്. 44 കോടിയുടെ വിഗ്രഹമാണ് കണ്ടെടുത്തത്. അമേരിക്ക കൈമാറിയതിനെ തുടർന്ന് കപൂറിനെ തിരുച്ചിറപ്പള്ളി ജയിലിൽ അടച്ചിരുന്നു.

## കൃത്യമായ തെളിവുകൾ ലഭിച്ചു: എൻ വാസുവിനെ അറസ്റ്റ് ചെയ്യാൻ എസ്ഐടി നീക്കം

തിരുവനന്തപുരം: ദേവസ്വം ബോർഡ് മുൻ പ്രസിഡന്റും തിരുവാഭരണം മുൻ കമ്മീഷണറുമായ എൻ. വാസുവിനെ അറസ്റ്റ് ചെയ്യാൻ എസ്ഐടി നീക്കം. വാസുവിനെതിരെ കൃത്യമായ തെളിവുകൾ ലഭിച്ച പശ്ചാത്തലത്തിലാണ് നീക്കം.

ശബരിമല ശ്രീകോവിലിലെ കട്ടിളപ്പാളി മോഷ്ടിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് വാസുവിനെ അറസ്റ്റ് ചെയ്യാൻ എസ്ഐടി ഒരുങ്ങുന്നത്. കേസിലെ പ്രതികളുടെ മൊഴിയും വാസുവിന് എതിരാണ്.

ശബരിമല ശ്രീകോവിലിലെ കട്ടിളപ്പാളിയിലെ സ്വർണം ചെമ്പെന്ന് രേഖപ്പെടുത്തിയത് വാസുവിന്റെ നിർദേശപ്രകാരമാണെന്നാണ് എസ്ഐടിക്ക് ലഭിച്ചിരിക്കുന്ന വിവരം.

തെളിവുകൾ നിരത്തി വാസുവിനെ വീണ്ടും ചോദ്യം ചെയ്യാനാണ് എസ്ഐടി തീരുമാനം. ഇതിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തിയേക്കും. കേസിൽ മൂന്നാം പ്രതിയായാണ് വാസുവിനെ ചേർത്തിരിക്കുന്നത്.

## ശബരിമല സ്വർണ്ണക്കൊള്ള; എ പത്മകുമാറിനെ പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്യും



ശബരിമല സ്വർണ്ണക്കൊള്ളയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ പത്മകുമാറിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്യുമെന്ന് റിപ്പോർട്ട്. സ്വർണ്ണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൊടുത്തുവിട്ടതിൽ ദേവസ്വം ബോർഡിന്റെ പങ്ക് പരിശോധിക്കുന്നതിനാണ് നീക്കം എന്നാണ് ലഭിക്കുന്ന വിവരം.

അതേസമയം ബോർഡ് മുൻ പ്രസിഡന്റ് എൻ വാസുവിനെ വീണ്ടും ചോദ്യം ചെയ്തേക്കും എന്നും സൂചനകൾ ഉണ്ട്. ദ്വാരപാലക ശിൽപത്തിലെയും കട്ടിള പാളിയിലും സ്വർണ്ണത്തിന്റെ ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള നടപടികളും ഉടൻ ആരംഭിക്കും. 10 ദിവസത്തിനകം പരിശോധന പൂർത്തിയാക്കാനാണ് ഹൈക്കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്.










# എസ്ഐആർ നടപ്പാക്കുന്നത് സർക്കാർ നിയമപരമായി ചോദ്യം ചെയ്യും

തിരുവനന്തപുരം: കേരളത്തിൽ വോട്ടർ പട്ടികയുടെ തീവ്ര പരിശോധന (എസ്ഐആർ) നടപ്പാക്കുന്നത് നിയമപരമായി ചോദ്യം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ തീരുമാനം. യോഗത്തിൽ പങ്കെടുത്ത ബി.ജെ.പി ഒഴികെയുള്ള കക്ഷികൾ സർക്കാർ തീരുമാനത്തെ പൂർണമായും പിന്തുണച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ എസ്ഐആർ ചോദ്യം ചെയ്യാനുള്ള നിയമോപദേശം സർക്കാർ എന്ന നിലയിലും രാഷ്ട്രീയ പാർട്ടി എന്ന നിലയിലും തേടുമെന്നും മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് പുതുക്കിയ വോട്ടർപട്ടിക നിലവിലിരിക്കെ 2002ലെ പട്ടിക അടിസ്ഥാനമാക്കി തീവ്രവോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കാനുള്ള നീക്കം അശാസ്ത്രീയവും ദുരുദ്ദേശപരവുമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

2002 ലെ തെരഞ്ഞെടുപ്പ് പട്ടിക ആധാരമാക്കി വോട്ടർ പട്ടിക പരിഷ്ക്കരിക്കുമ്പോഴുള്ള പ്രയാസങ്ങൾ നിരവധിയാണെന്നും എസ്ഐആർ പ്രത്യേക ഉദ്ദേശ്യത്തോടെ നടപ്പാക്കുന്നതാണെന്നുമുള്ള ആശങ്ക രാഷ്ട്രീയ പാർട്ടികൾ പങ്കുവെച്ചു. മുഖ്യമന്ത്രി പങ്കുവെച്ച ഉത്കണ്ഠയോട് പൂർണമായും യോജിക്കുന്നുവെന്നും കോടതിയിൽ പോയാൽ കേസിൽ കക്ഷി ചേരാൻ തയ്യാറാണെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ നടപടിയാണ് ഇതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറഞ്ഞു. പി.സി. വിഷ്ണുനാഥ് (കോൺഗ്രസ് ഐ), സത്യൻ മൊകേരി (സി.പി.ഐ), പി.കെ. കുഞ്ഞാലിക്കുട്ടി (ഐ.യു.എം.എൽ), സ്റ്റീഫൻ ജോർജ് (കേരള കോൺഗ്രസ് എം), പി.ജെ. ജോസഫ് (കേരള കോൺഗ്രസ്), മാത്യു ടി. തോമസ് (ജനതാദൾ സെക്യുലർ), തോമസ് കെ. തോമസ് (എൻ.സി.പി), ഉഴമലയ്ക്കൽ വേണുഗോപാൽ (കോൺഗ്രസ് എസ്), കെ.ജി. പ്രേംജിത്ത് (കേരള കോൺഗ്രസ് ബി), അഡ്വ. ഷാജ ജി.എസ്. പണിക്കർ (ആർ.എസ്.പി ലെനിനിസ്റ്റ്), കെ.ആർ. ഗിരിജൻ (കേരള കോൺഗ്രസ് ജേക്കബ്), കെ. സുരേന്ദ്രൻ (ബി.ജെ.പി), എൻ.കെ. പ്രേമചന്ദ്രൻ (ആർ.എസ്.പി), അഹമ്മദ് ദേവർകോവിൽ (ഐ.എൻ.എൽ), ആന്റണി രാജു (ജനാധിപത്യ കേരള കോൺഗ്രസ്) എന്നിവർ സംസാരിച്ചു.















# വിപുലമാകട്ടെ ഓപ്പറേഷൻ 'സൈ ഹണ്ട്'




ബാബു കദളിക്കാട്

ഡിജിറ്റൽ ലോകത്തു യഥേഷ്ടം വിഹരിക്കുന്ന തട്ടിപ്പുകാരെ വലയിലാക്കാൻചതുരുപായങ്ങൾപുറത്തെടുക്കുന്നു കേരളപോലീസ്.സൈബർതട്ടിപ്പ് പ്രതിരോധിക്കുകയെന്ന ലക്ഷ്യവുമായി പോലീസിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ഒറ്റദിവസം നടത്തിയ ഓപ്പറേഷൻ 'സൈ ഹണ്ടി'ൽ 263 പേരാണ് അറസ്റ്റിലായത്. സൈബർ തട്ടിപ്പ് സംഘങ്ങൾ സംസ്ഥാനത്ത് എത്രയോ വിപുലമായി പ്രവർത്തിച്ചുവരുന്നുവെന്ന കാര്യം ഇതോടെ വ്യക്തമായെങ്കിലും വൻ സ്രാവുകളിൽ ഒരെണ്ണവും 'സൈ ഹണ്ടി'ൽ കുരുങ്ങിയില്ലെന്നത് പോലീസിനെ വിഷമിപ്പിക്കുന്നുമുണ്ട്.

ഒരുതുള്ളി വിയർപ്പൊഴുക്കാതെ കുടിലബുദ്ധിയും സൈബർ വൈഭവവും ഉപയോഗിച്ച് പലരുടെയും ബാങ്ക് സമ്പാദ്യം മുഴുവൻ ഊറ്റിയെടുക്കുന്ന ആധുനിക കാലത്തെ ഏറ്റവും വലിയ തട്ടിപ്പില്ലാതെയാക്കാനാണ് പോലീസിന്റെനീക്കം.ഓൺലൈൻതട്ടിപ്പിലൂടെലഭിക്കുന്ന പണം കൈമാറുന്നതിനായി കമ്മിഷൻ വാങ്ങി വാടകയ്ക്ക് അക്കൗണ്ടുകൾ നൽകിയവരാണ് 'സൈ ഹണ്ടി'ന്റെ ഭാഗമായി അറസ്റ്റിലായവരെല്ലാം. പക്ഷേ, കുടുങ്ങിയതു പരൽമീനുകൾ മാത്രം. സ്രാവുകൾ ഇപ്പോഴും നിയമവലയ്ക്ക് പുറത്താണെന്നർത്ഥം.

എന്നിരുന്നാലുംഅറസ്റ്റിലായവരിൽ നിന്ന് പ്രധാന കണ്ണികളിലേക്ക് അന്വേഷണത്തിലൂടെ ചെന്നെത്താനാകുമെന്നത് വലിയൊരു സാദ്ധ്യത തന്നെയാണെന്നാണു വിലയിരുത്തൽ. ഇവിടെ നടന്ന സൈബർ തട്ടിപ്പിന്റെ മുഖ്യ ആസൂത്രകരിൽ ഏറിയ പങ്കും സംസ്ഥാനത്തിനു പുറത്തും അന്യരാജ്യങ്ങളിലുമാണ് തമ്പടിച്ചിട്ടുള്ളതെന്നതിനാൽ ദേശീയ,അന്തർദേശീയ ഏജൻസികളുടെ സഹായം തേടാനുള്ള നീക്കം തുടങ്ങിക്കഴിഞ്ഞു.

സൈബർ തട്ടിപ്പുകൾക്കു വേണ്ടി പത്തു ശതമാനം വരെ കമ്മിഷൻ വാങ്ങി സംസ്ഥാനത്ത് പലരും ബാങ്ക് അക്കൗണ്ടുകൾ ദുരുപയോഗം ചെയ്യുന്നതായി നേരത്തേ തന്നെ റിപ്പോർട്ടുണ്ടായിരുന്നു. സ്വർണം കടത്തിക്കൊണ്ടുവരുന്ന ഇടനിലക്കാരുടേതിന് സമാനമായ റോളാണ് ഇവരുടേത്. സ്വർണം അയച്ചവരും അത് ആത്യന്തികമായി കൈപ്പറ്റുന്നവരും ഇടനിലക്കാർ പിടിയിലാവുമ്പോഴും കാണാമറയത്തായിരിക്കും. ഇങ്ങനെയുള്ളവരിൽ ഒരു ശതമാനത്തിലേക്കു പോലും പല കാരണങ്ങളാൽ അന്വേഷണം നീളാറില്ല. അത്തരമൊരു ദുരവസ്ഥ സൈബർ തട്ടിപ്പിന്റെ കാര്യത്തിൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള തുടരന്വേഷണവും നടപടികളും വർദ്ധിത ഊർജ്ജത്തോടെ മുന്നോട്ട് കൊണ്ടുപോയെങ്കിലേ പോലീസിനു വല മുറുക്കാനാകൂ എന്നതാണു സ്ഥിതി.

ഓപ്പറേഷൻ 'സൈ ഹണ്ടി'ന്റെ ഭാഗമായി 382 കേസുകളാണ് സംസ്ഥാനത്തുടനീളമായി പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെന്ന് സംശയിക്കുന്ന 125 പേർക്ക് നോട്ടീസ് നൽകിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത്. ഇവിടെ സിറ്റിയിലും റൂറലിലുമായി 67 കേസുകളെടുത്തു. 35 പേരെ അറസ്റ്റ് ചെയ്തു. ആകെ കണ്ടെത്തിയ തട്ടിപ്പിൽ 34.8 ശതമാനവും ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ടതാണെന്ന് എ.ഡി.ജി.പി എസ്. ശ്രീജിത്ത് വ്യക്തമാക്കി. സംശയാസ്പദമായി ചെക്കുകൾ ഉപയോഗിച്ച് പണം പിൻവലിച്ച 2683 പേരും എ.ടി.എം വഴി പണം പിൻവലിച്ച 361 പേരും അക്കൗണ്ടുകൾ വാടകയ്ക്ക് നൽകിയ, അറസ്റ്റിലാകാത്തവർക്കു പുറമെയുള്ള അഞ്ഞൂറോളം പേരും പോലീസ് നിരീക്ഷണത്തിലാണ്.

ഇരകളിൽ നിന്ന് പരാതി സ്വീകരിച്ച് പ്രതികളെ തേടുന്ന സാധാരണ രീതിയല്ല ഇത്തവണ പോലീസ് സ്വീകരിച്ചത്. പകരം, നാഷണൽ സൈബർ ക്രൈം പോർട്ടലിൽ നിന്ന് ലഭ്യമായ വിവരങ്ങളിലൂടെ പ്രതികളിലേക്കെത്തി. പ്രതികളുടെ സമൂഹ മാദ്ധ്യമ അക്കൗണ്ടുകൾ ഉൾപ്പെടെ പരിശോധിച്ചാണ് ഇടപാടുകൾതിരിച്ചറിഞ്ഞത്.പോലീസ്നിരീക്ഷിക്കുന്നുവെന്ന് അറിഞ്ഞാൽത്തന്നെ അക്കൗണ്ടുകൾ കമ്മിഷൻ മോഹിച്ചു വാടകയ്ക്ക് കൊടുക്കാനുള്ള പ്രവണത പലരും മതിയാക്കും. അതിനാൽ ഇത്തരം റെയ്ഡുകളും നടപടികളും കൃത്യമായ ഇടവേളകളിൽ ആവർത്തിച്ച് ഉണ്ടാകേണ്ടതാവശ്യം.

തിരുവനന്തപുരം നഗരത്തിൽ ആറു മാസത്തിനിടെ 35 കോടി രൂപയാണ് തട്ടിപ്പുകാർ അടിച്ചെടുത്തത്. കേരള ഹൈക്കോടതി മുൻ ജഡ്ജിയും സൈബർ തട്ടിപ്പിൽ കുടുങ്ങിയിരുന്നു. ഓഹരിവിപണിയിൽ വൻതുക ലാഭം വാഗ്ദാനം ചെയ്ത് നടത്തിയ തട്ടിപ്പിൽ ജസ്റ്റിസ് എ. ശശിധരൻ നമ്പ്യാർക്ക് 90 ലക്ഷം രൂപയാണ് നഷ്ടമായത്. ഓൺലൈൻ ഷെയർ ട്രേഡിങ്ങിലൂടെ 850 ശതമാനം ലാഭം വാഗ്ദാനം ചെയ്തായിരുന്നു തട്ടിപ്പ്. കഴിഞ്ഞ ഡിസംബറിലാണ് സംഭവം. ജഡ്ജിയുടെ പരാതിയിൽ രണ്ടുപേർക്കെതിരെ തൃപ്പൂണിത്തുറ ഹിൽ പാലസ് പോലീസ് കേസെടുത്തിട്ടുണ്ട്. വാട്സ്ആപ്പ് വഴിയാണ് തട്ടിപ്പുസംഘം ജഡ്ജിയെ പരിചയപ്പെട്ടത്. ആദിത്യ ബിർള ഇക്വിറ്റി ഗ്രൂപ്പിന്റെ പേരിൽ പലതവണകളായി പണം തട്ടി.

ഓപ്പറേഷൻ 'സൈ ഹണ്ട് ' കേരളത്തിൽ ഒതുങ്ങി നിൽക്കാതെ ദേശീയ തലത്തിൽ വ്യാപകവും കാര്യക്ഷമവുമാക്കേണ്ട സമയം അതിക്രമിച്ചതായി അഭിഭാഷകരും റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥരും ചൂണ്ടിക്കാട്ടുന്നുണ്ട്. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകാരെ പിടികൂടാൻ സി.ബി.ഐ നേരത്തേ ഓപ്പറേഷൻ ചക്ര എന്ന പേരിലുള്ള പ്രത്യേക ദൗത്യം നടത്തിയിരുന്നു. കേരളം, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലായി നടത്തിയ റെയ്ഡുകളിൽ നിരവധി തട്ടിപ്പുകാർ അക്കാലത്തു പിടിയിലായി. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിലൂടെ ആയിരക്കണക്കിന് ഇന്ത്യക്കാരുടെ കോടിക്കണക്കിന് രൂപ കബളിപ്പിച്ചതായി കേന്ദ്രആഭ്യന്തരമന്ത്രാലയംകണ്ടെത്തിയതിനു പിന്നാലെയായിരുന്നു നടപടി. വിദേശ പൗരന്മാർ ഉൾപ്പെട്ട രാജ്യാന്തര സംഘമാണ് തട്ടിപ്പുകൾക്ക് പിന്നിലെന്നു കണ്ടെത്തുകയും ചെയ്തിരുന്നു.

## സി.ബി.ഐ വന്നേക്കും

ഇതിനിടെ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പ് രാജ്യവ്യാപകമാണെന്നു ചൂണ്ടിക്കാട്ടിയ സുപ്രീം കോടതി ഇതുസംബന്ധിച്ച മുഴുവൻ കേസുകളും സി.ബി.ഐക്ക് വിടുമെന്ന് വ്യക്തമാക്കി. ഇതോടെ കേരളത്തിൽ കോടിക്കണക്കിന് രൂപ ഡിജിറ്റൽ അറസ്റ്റിലൂടെ തട്ടിയെടുത്ത നൂറുകണക്കിന് കേസുകൾ സി.ബി.ഐ അന്വേഷിക്കുമെന്നു വ്യക്തമായി. കേരളത്തിലടക്കം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. ഡിജിറ്റൽ അറസ്റ്റ് കേസുകൾ അന്വേഷിക്കാനുള്ള പദ്ധതി തയ്യാറാക്കാൻ സി.ബി.ഐയ്ക്ക് കോടതി നിർദ്ദേശം നൽകിയിരിക്കുകയാണ്. ആറുമാസത്തിനിടെ ഇരുനൂറോളം പേർ തട്ടിപ്പിനിരയായി. സമൂഹത്തിലെ ഉന്നതന്മാർ മുതൽ ചലച്ചിത്ര താരങ്ങളും സംഗീതജ്ഞരും വരെ ഈ നിരയിലുണ്ട്. ചെറിയ തുകകൾ മുതൽ മൂന്നരക്കോടി വരെ നഷ്ടപ്പെട്ടു.

ബാങ്ക് അക്കൗണ്ടിലെ പണം തട്ടിയെടുക്കാൻ സൈബർ കൊള്ളക്കാർ പ്രയോഗിക്കുന്ന പുതിയ അടവാണ് ഡിജിറ്റൽ അറസ്റ്റ്. തട്ടിപ്പുകാർ നിയമപാലകരായി അഭിനയിച്ച് ഇരകളെ ഭയപ്പെടുത്തി നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ കള്ളക്കേസെടുക്കും. അവർ പിന്നീട് പണം ആവശ്യപ്പെടുകയും പണമടയ്ക്കാൻ ഇരകളെ സമ്മർദ്ദത്തിലാക്കുകയും ചെയ്യും. സി.ബി.ഐ, കസ്റ്റംസ്, എൻഫോഴ്സ്മെന്റ്, പോലീസ് ഉദ്യോഗസ്ഥരായും സുപ്രീം കോടതി ജഡ്ജിമാരായും വരെ വേഷംകെട്ടി തട്ടിപ്പ് നടത്തുന്നുണ്ട്. മ്യാൻമാർ, തായ്ലാൻഡ് പോലുള്ള വിദേശരാജ്യങ്ങളിലിരുന്നാണ് ഇത്തരം തട്ടിപ്പുകൾ നടത്തുന്നതെന്ന് സി.ബി.ഐ കോടതിയെ അറിയിച്ചു.

നാർകോട്ടിക് കൺട്രോൾ ബ്യൂറോ, എൻഫോഴ്സ്മെന്റ്, സൈബർ സെൽ, ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥരായി ചമഞ്ഞും തട്ടിപ്പുണ്ട്. മയക്കുമരുന്ന്, കള്ളപ്പണം വെളിപ്പിക്കൽ, ലഹരിമരുന്ന് കടത്ത്, കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ ഓൺലൈനിൽ കാണൽ, തീവ്രവാദം, മനുഷ്യക്കടത്ത് എന്നിങ്ങനെയുള്ള കേസുകളിൽ അറസ്റ്റ് ചെയ്തിരിക്കുന്നെന്നാണ് മിക്ക തട്ടിപ്പുകാരും പറയുക. 'അറസ്റ്റ് മാത്രമല്ല വിചാരണയും' ഓൺലൈനായി നടത്തും.

അന്വേഷണ ഏജൻസികളുടെ യൂണിഫോം ധരിച്ചും തിരിച്ചറിയൽ കാർഡ് കാട്ടിയുമൊക്കെയാവും വിചാരണയും അറസ്റ്റും. മയക്കുമരുന്ന് കടത്ത് അല്ലെങ്കിൽ കള്ളപ്പണം വെളുപ്പിക്കൽ പോലുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു കൊണ്ടുള്ള ഫോൺകോളുകളായിരിക്കും ആദ്യം വരുന്നത്. പിന്നീട് വീഡിയോ കോളിലൂടെ ബന്ധപ്പെടും. ആധികാരികമായി തോന്നിപ്പിക്കുന്നതിനായി അവർ സർക്കാർ ഓഫീസ് ക്രമീകരണങ്ങൾ പോലും അനുകരിക്കും. കേസിൽ നിന്നും രക്ഷപ്പെടാൻ നിശ്ചിത തുക കൈമാറണമെന്ന് ആവശ്യപ്പെടും.

ബാങ്ക് അക്കൗണ്ടുകളിലുള്ള പണം പരിശോധനകൾക്കായി 'സി.ബി.ഐ' നിർദ്ദേശിക്കുന്ന അക്കൗണ്ടുകളിലേക്ക് നൽകണമെന്നും കള്ളപ്പണമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ തിരികെ നൽകുമെന്നും അറിയിക്കും. അക്കൗണ്ട് വിവരങ്ങൾ കൈമാറുന്നതോടെ പണം പിൻവലിക്കപ്പെടും. തട്ടിപ്പുകാരുടെ അക്കൗണ്ടുകളിലേക്ക് പണം മാറ്റപ്പെട്ടാൽ പിന്നീട് ഒരു വിവരവുമുണ്ടാവില്ല. ഒരു തട്ടിപ്പിന് ഉപയോഗിച്ച നമ്പർ ഇവർ ഉപേക്ഷിക്കുകയാണ് പതിവ്. തട്ടിപ്പിന് ഇരയായാൽ എത്രയും വേഗം 1930 നമ്പറിൽ വിവരമറിയിക്കണം. രണ്ടു മണിക്കൂറിനകമാണെങ്കിൽ പണം തിരിച്ചുപിടിക്കാം. ൦൦൦.രൃയലൃ രൃശാല.ഴീ.ശി വെബ്സൈറ്റിലും പരാതിപ്പെടാൻ കഴിയും.

സൈബർ തട്ടിപ്പുകാരുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെയും പരിഭ്രമിക്കാതെയും വിവരം ലോക്കൽ പോലീസിലോ സൈബർ പോലീസിനെയോ അറിയിക്കുകയാണു വേണ്ടത്. അന്വേഷണ ഏജൻസികളോ സർക്കാർ സംവിധാനങ്ങളോ ഔദ്യോഗിക ആശയവിനിമയത്തിന് വാട്സ്ആപ്പ്, സ്കൈപ്പ് എന്നിവ ഉപയോഗിക്കാറില്ല. സംശയാസ്പദമായ അക്കൗണ്ടുകൾ മരവിപ്പിക്കാൻ ഏജൻസികൾക്കാവുമെങ്കിലും പരിശോധനയ്ക്കായി അക്കൗണ്ടിലെ പണം കൈമാറാൻ ആവശ്യപ്പെടില്ല.

പോലീസോ കേന്ദ്ര അന്വേഷണ ഏജൻസികളോ ഓൺലൈനായി ആരെയും അറസ്റ്റ് ചെയ്യാറില്ല. ഇന്ത്യയിൽ ഇങ്ങനെയൊരു നിയമ പ്രക്രിയയില്ല. ഡിജിറ്റൽ അറസ്റ്റ് ഇന്ത്യൻ നിയമ വ്യവസ്ഥയിൽ ഇല്ലാത്തതാണെന്ന കാര്യം പലർക്കുമറിയില്ല. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ എപ്പോഴും ജാഗരൂകരായിരിക്കുകയെന്നതാണു പ്രധാന കാര്യമെന്ന് പോലീസ് പറയുന്നു.

ഏതെങ്കിലും കുറ്റകൃത്യങ്ങളിൽപ്പെട്ടതായുള്ള വെളിപ്പെടുത്തലുമായി അന്വേഷണ ഏജൻസികൾ ഫോൺ വിളിക്കുമ്പോൾ ബാങ്കിംഗ് വിവരങ്ങളോ, പണമിടപാട് നടത്താനോ ആവശ്യപ്പെടില്ല. ഫോണിലോ വീഡിയോ കോളിലോ അജ്ഞാത നമ്പറുകളിൽ നിന്നുള്ള വിളികളിലോ വ്യക്തിഗത, അക്കൗണ്ട് വിവരങ്ങൾ കൈമാറിയാൽ ചതി പറ്റും.



# ‘വോട്ടുചോരി’ യിലും ജനത്തിന്റെ ചേരിയറിയാൻ നെട്ടോട്ടം

തദ്ദേശ തെരഞ്ഞെടുപ്പ് എന്ന ജനമനസ്സിന്റെ തിളങ്ങുന്ന കണ്ണാടിയിൽ നോക്കി മുഖം മിനുക്കുകയാണ് ഇപ്പോൾ രാഷ്ട്രീയ കക്ഷികൾ. മത്സരം ഇത്തവണ വെറും ഉത്സവമല്ല;അങ്കം വെട്ടു തന്നെ! കേരളത്തിന്റെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ ചരിത്രത്തിൽ മുൻപില്ലാത്ത പല സവിശേഷതകളും നിറഞ്ഞ ഒരു തെരഞ്ഞെടുപ്പ് മാമാങ്കം അടുത്തു വരുമ്പോൾ, നന്നായി മേക്കപ്പ് ചെയ്യാതെ മണ്ഡപത്തിൽ കയറാൻ ആരും ഒന്നു മടിക്കും.



അഖിലേന്ത്യാതലത്തിൽ ഭരണകക്ഷിക്ക് നെഞ്ചിടിപ്പ് കൂട്ടി കോൺഗ്രസ് അധ്യക്ഷൻ പുറത്തുവിട്ട ‘വോട്ടുചോരി’ കണക്കുകൾ അന്തരീക്ഷത്തിൽ അണു വിസ്ഫോടനം നടത്തിയതിന് പിന്നാലെയാണ്, താഴെത്തട്ടിൽ നിന്നുള്ള ജനഹിതം അറിയാൻ കൊച്ചു കേരളത്തിലും നിലമൊരുങ്ങുന്നത്. ജയിക്കാനായി എന്തും ചെയ്യും എന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങുന്ന കാഴ്ച. കാശ്മീരിൽ നിന്ന് വരെ ആളെ കൊണ്ടുവന്ന് പാർപ്പിച്ച് വോട്ട് ചെയ്യിക്കുമെന്ന വീരവാദം മുഴങ്ങിയ കേരളം.

തെരഞ്ഞെടുപ്പ് കഴിഞ്ഞു, ഫലപ്രഖ്യാപനവും വന്നു എന്ന മട്ടിൽ, ഞാൻ തന്നെ മുഖ്യമന്ത്രി എന്ന ഭാവത്തിൽ, മാധ്യമങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്ന ഖദർധാരികൾ. കടൽക്കൊള്ളക്കാർ പോലും തോറ്റു പോകുന്ന, കേട്ടുകേൾവിയില്ലാത്ത അഴിമതി ആരോപണങ്ങൾ, അവസാനിക്കാത്ത സീരിയൽ പോലെ വരുമ്പോഴും അതിനെയെല്ലാം ഒരുതരം വൈരുദ്ധ്യാധിഷ്ഠിത മന്ദസ്മിതത്തോടെ നേരിടുന്ന ഉരുക്കു നേതാക്കൾ.

കേരളം ഇന്ത്യയിലല്ല എന്ന മട്ടിൽ, വരുതിക്കു നിന്നില്ലെങ്കിൽ ഉപരോധിച്ചു കളയും എന്നപോലെ, ‘പ്രജകളെ’ വിളിച്ചുവരുത്തി കലുങ്കിലും കാപ്പിക്കടയിലും ഇരുന്ന് ഡയലോഗ് പറയുന്ന അഭിനവ രാഷ്ട്രീയ അവതാരങ്ങൾ. എല്ലാത്തരം അവതാരങ്ങളെയും ഇല്ലാതാക്കുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിലെത്തിയ ഇടതുപക്ഷത്തിന്റെ ഇത്തവണത്തെ തെരഞ്ഞെടുപ്പ് കാല ഭീതി അതേ അവതാരങ്ങളെ ചൊല്ലിയാണ്. ഈ അവതാരങ്ങളുടെ പേരിൽ തുടർഭരണം നഷ്ടപ്പെടുമോ എന്ന ആശങ്ക ചർച്ച ചെയ്യാത്ത ഒരു സഖാവും നാട്ടിലില്ല.

### കൊച്ചു കൊച്ചു യുദ്ധങ്ങൾ

മാർക്സിസ്റ്റ് പാർട്ടിയിലെ കാര്യമെടുത്താൽ, സി.പി.എം സംസ്ഥാന സമിതിയിൽ പോലീസിനും ആഭ്യന്തര വകുപ്പിനുമെതിരെ രൂക്ഷ വിമർശനമുയർന്ന നാളുകളാണ് കഴിഞ്ഞുപോയത്. സർക്കാരിനെ വികൃതമാക്കുന്ന നടപടികൾ പോലീസിൽ നിന്നുണ്ടായി. മുഖ്യമന്ത്രിയെ കൂടാതെ ചില അധികാര കേന്ദ്രങ്ങൾ പോലീസിനെ നിയന്ത്രിക്കുന്നു. ഗുണ്ടാ ആക്രമണങ്ങൾ നേരിടുന്നതിൽ പോലീസ് പരാജയപ്പെട്ടു. തുടർച്ചയായ കൊലപാതകങ്ങൾ ഭീതി പരത്തി. സ്ത്രീ സുരക്ഷയിലും പോലീസിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടു. മാധ്യമങ്ങൾക്ക് എതിരായ പോലീസ് നടപടിയും തിരിച്ചടിയായി. മാധ്യമങ്ങളും സർക്കാരും തമ്മിലുള്ള ബന്ധത്തെ ഇതുലച്ചു. രാഷ്ട്രീയ എതിരാളികൾക്ക് ആയുധം നൽകുന്ന രീതിയിലാണ് ചില ഉദ്യോഗസ്ഥരുടെ പ്രവർത്തനം... സ്വയം വിമർശനം അങ്ങനെ നീണ്ടു.

ശബരിമല വിവാദവും മറ്റും കത്തിക്കാളുന്നതിന് മുൻപായിരുന്നു സംസ്ഥാന സമിതിയിൽ സി.പി.എമ്മിന്റെ ഈ കണ്ണാടി നോട്ടം. കണ്ണൂർ മുഴപ്പിലങ്ങാട് എസ്.ഡി.പി.ഐ കഴിഞ്ഞ തവണ മൗനം പാലിച്ച് സി.പി.എമ്മിനെ രക്ഷിച്ചു എന്നു പറയുന്നതു പോലുള്ള പ്രാദേശിക രാഷ്ട്രീയ ബാന്ധവങ്ങൾ തെരഞ്ഞെടുപ്പിന് അടിയൊഴിക്കായി കണക്കാക്കാം. അത് എല്ലായിടത്തും ഉണ്ട്. ചില പഴയ സഖാക്കൾ തിരഞ്ഞെടുപ്പ് കാലത്ത് പാർട്ടിക്കെതിരെ മത്സരിക്കാൻ ഒരുങ്ങുന്ന അനുഭവം മലപ്പുറത്തും മറ്റും കണ്ടു.

ഭരണം കിട്ടുമെന്ന ഒരു തോന്നൽ പൊതുവേ സൃഷ്ടിക്കപ്പെട്ടതോടെ കോൺഗ്രസുകാർ പതിവുപോലെ ഗ്രൂപ്പ് യുദ്ധവും തുടങ്ങിവച്ചു. ഉറങ്ങിക്കിടക്കുന്ന അണികളെ ഉണർത്താൻ പണ്ട് കരുണാകരന്റെയും ആന്റണിയുടെയും ഗ്രൂപ്പുകൾ ഇന്ധനമായി വർത്തിച്ചുവെങ്കിലും പുതിയകാലത്ത് ഗ്രൂപ്പ് തമ്മിലടി അധികാരത്തിന്റെ ഏഴയലത്ത് പോലും തിരിച്ചെത്താൻ കഴിയാത്തവിധം പാർട്ടിയെ നശിപ്പിക്കുമെന്ന് തിരിച്ചറിയുന്ന ചുരുക്കം നേതാക്കൾ ഇപ്പോഴും കോൺഗ്രസിലുണ്ട്.

തദ്ദേശ തെരഞ്ഞെടുപ്പിന് മുൻപ് കോൺഗ്രസിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കെ.പി.സി.സി പ്രത്യേക സംഘത്തെ നിയോഗിച്ചത് ഈ പശ്ചാത്തലത്തിലാണ്. താഴെത്തട്ടിലെ പരാതികൾ പരിഹരിക്കാൻ നിലവിൽ ജില്ലാതലത്തിൽ കോർ കമ്മിറ്റികളുണ്ട്. ഈ കമ്മിറ്റിയുടെ ഇടപെടലിൽ പരിഹാരമാകാത്ത പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനാണ് പ്രത്യേക സംഘത്തെ നിയോഗിച്ചത്. വിജയ സാധ്യത ഉള്ളിടത്ത് യുവാക്കളെ കൂടുതൽ പരിഗണിക്കണമെന്ന് യൂത്ത് കോൺഗ്രസും ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ തദ്ദേശത്തേക്കാൾ വലുതായി നിയമസഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥി ആരായിരിക്കും എന്നിവിടം വരെ ചർച്ചകൾ എത്തിയപ്പോൾ ഹൈക്കമാൻഡ് ഇടപെട്ടു.

അമ്മാതിരി ചർച്ചകൾ ഒന്നും ഇപ്പോൾ വേണ്ടെന്ന് കേരള നേതാക്കളെ ശാസിച്ചു. എത്രയായാലും പഠിക്കില്ലെന്ന് ഉറപ്പിച്ചിട്ടുള്ള ഗ്രൂപ്പ് മാനേജർമാർ തൽക്കാലം ഒന്നടങ്ങി. അതിനിടെ മലബാർ പ്രദേശത്ത് മുസ്ലിംലീഗിനെ കൂടി വേണ്ടപോലെ പരിഗണിക്കേണ്ട സ്ഥിതി ഇപ്പോഴും കോൺഗ്രസിനുണ്ട്.

ശശി തരൂരിനെ പോലെ വിശ്വപൗരൻ ഇമേജ് സ്വന്തമായുള്ള ഒരു നേതാവിന് ഈ തെരഞ്ഞെടുപ്പ് കാലത്ത് പാർട്ടി അഖിലേന്ത്യാ നേതൃത്വത്തിനെതിരെ പോലും പത്രത്തിൽ ലേഖനം എഴുതേണ്ടി വന്നത് കോൺഗ്രസിനുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളുടെ വ്യാപ്തി എത്ര വലുതാണെന്ന് ബോധ്യപ്പെടുത്തുന്നതാണ്.

തിരുവനന്തപുരം കോർപ്പറേഷനിൽ ശബരീനാഥിനെ പോലുള്ള ആളുകളെ നേരത്തെ പ്രഖ്യാപിച്ച് തദ്ദേശ തെരഞ്ഞെടുപ്പിൽ ഒരു മുഴം മുന്നിലാണ് തങ്ങളെന്ന് തെളിയിക്കാൻ കോൺഗ്രസിനായി. പലരും സ്വന്തം നിലയ്ക്ക് പോസ്റ്റർ അടിച്ചു ഒട്ടിച്ചു കഴിഞ്ഞു.

ബി.ജെ.പിയുടെ ഇത്തവണത്തെ കേരള സ്വപ്നം തൃശ്ശൂർ ഉൾപ്പെടെയുള്ള ഏതാനും വലിയ നഗരസഭകളുടെ ഭരണം പിടിച്ചടക്കുക എന്നതാണ്. സംസ്ഥാന ഭരണം എന്ന മോഹം ഇപ്പോഴും അവർക്ക് കൈയെത്തുന്ന ദൂരത്തല്ല. എന്നാൽ ആഭ്യന്തര കലഹത്തിന് അവരും പിന്നിലല്ല.

ചില ജില്ലകളിലെ ഊമക്കത്ത് വിവാദം ഉൾപ്പെടെ പാർട്ടിക്ക് തലവേദന സൃഷ്ടിക്കുന്ന പ്രാദേശിക ഘടകങ്ങൾ കോൺഗ്രസിലേതു പോലെ അവിടെയുമുണ്ട്. സുരേഷ് ഗോപിയുടെ തുറന്ന ഇടപെടലുകളും നിലപാടുകളും പലപ്പോഴും പാർട്ടിയുടെ ഔദ്യോഗിക ഭാഷ്യം അല്ല. മന്ത്രി പദം ഇല്ലെങ്കിലും പ്രശ്നമില്ല സിനിമ ഉണ്ടല്ലോ എന്നൊരു ലൈൻ സുരേഷ് ഗോപിയും വെച്ചുപുലർത്തുന്നു.

ക്രൈസ്തവ സഭകളുമായി നോർത്തിന്ത്യയിൽ പുലർത്തുന്ന അകലം കേരളത്തിൽ ബി.ജെ.പി പ്രകടിപ്പിക്കുന്നില്ല എന്നത് പാർട്ടിക്ക് ചില പോക്കറ്റുകളിൽ ഗുണം ചെയ്തേക്കാം. ഇരു മുന്നണികളെയും പരീക്ഷിച്ച് മടുത്ത ഒരു ജനതയ്ക്ക് പ്രത്യേകിച്ച് യുവാക്കൾക്ക് ബി.ജെ.പി എന്ന പ്രസ്ഥാനത്തോട് പകയോ വിദ്വേഷമോ ഇല്ല എന്നതും കാണണം. വർഗീയ കാർഡ് കളിയിൽ യുവതലമുറ കാര്യമായി കൊത്തുന്നില്ല.

ഇതിനെല്ലാം പുറമേ കേരളത്തിൽ, എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് രൂപം കൊണ്ട 20 ട്വന്റി പ്രസ്ഥാനത്തെയും തീർത്തും അവഗണിച്ചു കൂടാ. കൊച്ചി കോർപ്പറേഷൻ ഉൾപ്പെടെ തദ്ദേശസ്ഥാപനങ്ങളിലേക്ക് ഒരു രാഷ്ട്രീയ കക്ഷിയുടെ എല്ലാ സന്നാഹങ്ങളോടെയും അവർ ഇത്തവണ മത്സരിക്കുകയാണ്. അവരുടെ വോട്ട് ചോർത്തുന്നത് ആരുടേത് ആയിരിക്കും എന്ന് മുന്നണികൾക്ക് ആശങ്ക ഇല്ലാതില്ല.

പി.വി. അൻവറിന്റെ തൃണമൂലിനെ തൃണവൽക്കരിക്കാൻ കഴിയില്ലെന്ന് പറയുന്നതുപോലെയാണ് ഇതും.

ജനത്തിന്റെ മനസ്സ് തദ്ദേശത്തിൽ എങ്ങോട്ട് തിരിഞ്ഞാലും അതിന്റെ തുടർച്ചയാവണം പിന്നാലെ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പ് ഫലം എന്ന് ഒരു രാഷ്ട്രീയ വിദ്യാർത്ഥിയും അബദ്ധത്തിൽ പോലും ചിന്തിക്കില്ല. ആ നിലയ്ക്ക് മുന്നണികളും ചെറുകക്ഷികളും എല്ലാം വോട്ടർമാരുടെ മനസ്സ് ചോർത്താൻ ഇനിയും രാപകൽ പണിയെടുക്കേണ്ടി വരും. തീർച്ച.

◗ *പ്രിജിത്ത് രാജ്*




## നോവലിസ്റ്റ് സതീഷ് കച്ചേരിക്കടവ് നിര്യാതനായി



കച്ചേരിക്കടവ് തൈപ്പറമ്പിൽ പരേതരായ കൃഷ്ണൻ കുട്ടപ്പന്റെയും ലക്ഷ്മിയുടെയും മകൻ നോവലിസ്റ്റ് സതീഷ് കച്ചേരിക്കടവ് (68) നിര്യാതനായി.

സംസ്കാരം നവംബർ 06 വ്യാഴാഴ്ച്ച വൈകിട്ട് 4ന് മുനിസിപ്പൽ വൈദ്യുത ശ്മശാനത്തിൽ

സഹോദരങ്ങൾ: വത്സമ്മ തങ്കപ്പൻ (മറിയപ്പള്ളി), കോമളവല്ലി ഗോപാലൻ (അതിരമ്പുഴ), പൊന്നമ്മ ചന്ദ്രഭാനു (മറിയപ്പള്ളി), ലതികമ്മ ചെല്ലപ്പൻ (അഞ്ചേരി), റ്റി.കെ. അനിൽകുമാർ (ശ്രീകൃഷ്ണ ഓട്ടോപ്പാർട്സ്, തെക്കുംഗോപുരം)

# അധ്യായം 5

# ചുടു ചുംബനത്തിന്റെ മായാത്ത മുദ്ര പതിഞ്ഞ നഗരം

ന്യൂയോർക്ക് ഒരു അസാധാരണ പട്ടണമാണ്. അന്തമില്ലാത്ത വാഹനപ്രവാഹം. അത് നഗരജീവിതത്തിന്റെ ആകെ ത്തുകയാണ്. റോഡിലെ തിരക്കുകാരണം ജോർജ് ലൂക്കാസിന്റെ കാറിന് ഒരു ഇഞ്ചുപോലും ചലിക്കാനാകാതെ ഗതി മുട്ടിക്കിടക്കുകയാണ്. റോബിൻസ് തന്റെ പത്രാധിപരുടെ അടുത്തിരുന്നുകൊണ്ട് വാച്ചിൽ നോക്കി എന്നിട്ട് പറഞ്ഞു:

'നമുക്ക് തിരിച്ചു പോകാനും കഴിയില്ലല്ലോ..?'

'തിരിച്ചുപോകാനോ... എന്തിന് അദ്ദേഹം അവിടെത്തന്നെ കാണും.'

സാവധാനത്തിൽതെല്ല്പ്രയാസപ്പെട്ട് ബ്രൂക്കിലിൻ പാലത്തിൽക്കൂടി തങ്ങൾക്ക് ചെന്നെത്തേണ്ട ബ്രൂക്ക്ലിനിലെ സെക്കഡ് അവന്യുവിലേയ്ക്ക് കാർ തിരിച്ചു.

'അങ്ങ് ജെമേയ്ക്കായ്ക്കപ്പുറത്തുള്ള ചതുപ്പു നിലങ്ങൾ മുതൽ ക്വീൻസിലുള്ള മണിമേടകൾ വരെ, സ്റ്റാറ്റൽ ദ്വീപിലെ ആഡംബരം മുതൽ ഹാർലത്തിലെ ഇടുങ്ങിയ തെരുവുകൾ വരെ, ന്യൂയോർക്ക് ലോകത്തുള്ള വ്യത്യസ്ത മനുഷ്യരുടെ ചെറുപതിപ്പാണ്. സകലമാന ഭാഷകളും സമ്മിശ്രമായി സംസാരിക്കപ്പെടുന്ന ഒരു പ്രദേശം.

അവിടെ ലോകത്തുള്ള എല്ലാ നരവർഗങ്ങളും, മതങ്ങളും പ്രതിനിധീകരിക്കപ്പെടുന്നുണ്ട്. ആ നഗരത്തിലെ ജനസംഖ്യാകണക്ക് ഊഹത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ആഫ്രിക്കൻ വൻകരയുടെ പടിഞ്ഞാറു ഭാഗത്തുള്ള നൈജീരിയായുടെ തലസ്ഥാനമായലാഗോസിലുള്ളതിനേക്കാൾ കൂടുതൽ നീഗ്രോകൾ ന്യൂയോർക്കിലുണ്ട്. ജെറുസലേമിലും ഹയ്ഫായിലും ടെൽഅവീവിലും കൂടി ഉള്ളതിനേക്കാൾ ജൂതന്മാരും ഇവിടുണ്ട്.'

അയാൾ റോബിൻസിനെ നോക്കിക്കൊണ്ട് തുടർന്നു:

'നിന്റെ നാടായ ഇന്ത്യയിൽ സിന്ധുനദിതട നാഗരീകത ഉന്നതിയിൽ നിൽക്കുമ്പോൾഅമേരിക്കആരാലുംഅറിയപ്പെടാതെ ഒറ്റപ്പെട്ടിരുന്ന നാടാണ്. 1600 കളിൽ മുഗൾ ചക്രവർത്തിമാർ ഫത്തേപ്പൂർ സിക്രിയും ആഗ്രാഫോർട്ടും റെഡ് ഫോർട്ടും മോടിപിടിപ്പിക്കുമ്പോൾ അമേരിക്കയിൽ കുടിയേറ്റക്കാർ വിർജീനിയായിലെ ജെയിംസ് ടൗണിൽ വെറും തടികൊണ്ടുള്ള കൂരകളിൽ തണുത്തുവിറച്ചു കിടക്കുകയായിരുന്നു.

ഫലഭൂയിഷ്ഠമായ ഭൂമിയും ജലസമ്പത്തും വേണ്ടത്ര ധാതുക്കളും ലോഹങ്ങളും കൊണ്ട് നിറഞ്ഞ അമേരിക്ക രണ്ട് ലോകയുദ്ധം കൊണ്ട് അജയ്യശക്തിയായി മാറി. അണുബോംബടക്കമുള്ള മാരകായുധങ്ങൾ കണ്ടുപിടിച്ച് മൊത്തക്കച്ചവടം നടത്തുന്ന അമേരിക്കയുടെ മുന്നിൽ ഭൂമുഖത്തെ മുഴുവൻ രാഷ്ട്രങ്ങളും മുട്ടുമടക്കി നിൽക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേവലം 350 വർഷംകൊണ്ടുമാത്രം നേടിയെടുത്തതാണിവയെല്ലാം.'

ഇതെല്ലാം കേട്ട് അന്തം വിട്ടിരുന്ന ആ മലയാളി യുവാവ് പൊടുന്നനെ ചോദിച്ചു:

'സാർ...രണ്ടാം ലോകമഹായുദ്ധം ജയിച്ച ദിവസം ന്യൂയോർക്കിൽ നടന്ന ആഹ്ലാദപ്രകടനവും വിജെ ഡേ ഇൻ ടൈംസ് സ്വയർ എന്ന ചുംബന ഫോട്ടോഗ്രാഫും പ്രസിദ്ധമാണല്ലോ..?'

'അതേയതേ..!, 1945ൽ ലോകം ആറു വർഷത്തോളം നീണ്ട ഭീകര യുദ്ധത്തിൽ നിന്ന് മോചിതമായി. ഏറെപ്പേർ കൊല്ലപ്പെട്ടു, പട്ടിണിയും എവിടേയും

**കഥ ഇതുവരെ**

കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് കടലിൽ വീണു. അതിനെ ചുറ്റിപ്പറ്റി ന്യൂയോർക്കിലെ ദി വേൾഡ് ടൈംസ് എന്ന ന്യൂസ് പേപ്പറിന്റെ ഓഫീസിൽ നടക്കുന്ന കാര്യങ്ങൾ.

അതിനിടെ ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിന് മലയാളിയായ റിപ്പോർട്ടർ റോബിൻസ് നിയോഗിക്കപ്പെടുന്നു.

തുടർന്നു വായിക്കുക

നാശനഷ്ടങ്ങൾ..! യുദ്ധം അവസാനിച്ചു എന്നു കേട്ടപ്പോൾ ലോകം ഒന്നടങ്കം സന്തോഷിച്ച നിമിഷം. അതുവഴി വന്നൊരു നേഴ്സിനെ വാരിപ്പുണരുന്ന നാവീകൻ..! അയാളുടെ ചുടുചുംബനം ആഹ്ലാദത്തിന്റെ, ആശ്വാസത്തിന്റെ, സമാധാനത്തിലേക്കുള്ള മടക്കയാത്രയുടെ പ്രതീകമായി ജനം കണ്ടു. അതൊരു സ്വാതന്ത്ര്യപ്രകടനം കൂടിയായിരുന്നു. ആ ചുംബനത്തിന്റെ ആർക്കും മായ്ക്കാനാകാത്ത മുദ്ര പതിഞ്ഞു കിടക്കുന്ന നഗരം.

അപ്പോഴേക്കും മനോഹരമായ വീടിന്റെ മോടിപിടിപ്പിച്ച പുൽത്തകിടിയോട് ചേർന്നു കാർ നിന്നു.

ഡ്രൈവിംഗ് സീറ്റിലിരിക്കുന്ന ജോർജ് ലൂക്കാസിനെ കണ്ട ഉടൻ പുൽത്തകിടിയിലെ സിമന്റ് ചെയറിൽ നിന്ന് വായിച്ചുകൊണ്ടിരുന്ന പുസ്തകം ചെയറിൽ ഇട്ട് ആർച്ചർ ലീ ഫാക്ക് എഴുന്നേറ്റുകൊണ്ടു പറഞ്ഞു:

'ആഹാ... മിസ്റ്റർ ലൂക്കാസ്.. വരൂ.. വരൂ...'

'ഞാൻ ഇറങ്ങുന്നില്ല ആർച്ചർ.. അറിയാമല്ലോ എന്താ ട്രാഫിക്...! ഇപ്പോൾ തന്നെ സമയം ഏറെ വൈകി.'

അപ്പോഴേക്കും റോബിൻസ് കാറിൽ നിന്നും ഇറങ്ങി ആർച്ചർ ലീ ഫാക്കിനു നേരെ നടന്നു. പിന്നെ ഹസ്തദാനം നൽകി.

'ഞങ്ങളുടെ എംഡി മിസ്സിസ് സൂസൻ ക്ലാർക്ക് പറഞ്ഞ കക്ഷി ഇതാണ്. താങ്കൾ ഇവനെ നന്നായി കൈകാര്യം ചെയ്തുകൊള്ളു. ഓക്കെ, ബൈ.' കാർ തിരിച്ച് പുറത്തേക്ക് ഓടിച്ചു പോയി.

'നമുക്കകത്തിരുന്നു സംസാരിക്കാം.' എന്നു പറഞ്ഞ് ആർച്ചർ റോബിൻസിനേയും കൂട്ടി അകത്തേക്കുപോയി.

*****

ഫ്ളീറ്റ് സ്ട്രീറ്റിലെ ജെയിംസ് ബോണ്ട് എന്നറിയപ്പെടുന്ന ഹരോൾഡ് ഇവാൻസിന്റെ ഒപ്പം യുകെയിൽ ദി സൺഡേ ടൈംസിൽ പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് ആർച്ചർ ലീ ഫാക്ക്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച പത്രപ്രവർത്തകരിൽ ഒരാൾ കൂടിയായിരുന്നു ഇദ്ദേഹം. ഇരുവരും മാധ്യമചക്രവർത്തി റൂബർട്ട് മർഡോക്കിനോട് മല്ലടിച്ചവർ. അടുപ്പമുള്ളവർ ഹരോൾഡ് ഇവാൻസിനെ 'ഹാരി' എന്നു വിളിച്ചു. ആർച്ചറും അങ്ങിനെ തന്നെ വിളിക്കുന്നു.

1981 ബ്രിട്ടണിലെ മൂന്നു ടൈംസ് പത്രങ്ങളും മർഡോക്ക് സ്വന്തമാക്കിയതോടെ പത്രലോകത്തു നിന്നും തോംസൺ കുടുംബം പതിയെ പിന്മാറി.

വികസ്വര രാജ്യങ്ങളിലെ പത്രപ്രവർത്തകരെയും ആശയവിനിമയ ടീമുകളെയും പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1962ൽ സ്ഥാപിതമായ ആദ്യത്തെ ചാരിറ്റബിൾ ഫൗണ്ടേഷൻ കൂ




ടിയായിരുന്നുവല്ലോ തോംസൺ ഫൗണ്ടേഷൻ. ടൈംസിന്റേയും സൺഡേ ടൈംസിന്റേയും എഡിറ്റോറിയൽ നയങ്ങളും പാരമ്പര്യവും മർഡോക്കിന്റെ കീഴിൽ പാടെ മാറിമറിഞ്ഞു.

യുകെയിലെ ആ പ്രധാനപ്പെട്ട പത്രങ്ങൾ അതുവരെ അനുഭവിച്ചുപോന്ന വിലപ്പെട്ട സ്വാതന്ത്ര്യം ഇല്ലാതായി. അതോടെ ഹാരിയും ആർച്ചറും രാജിവച്ചു. ആ രണ്ടു പത്രങ്ങളേയും പിന്നീട് ശക്തമായ രാഷ്ട്രീയ ആയുധമാക്കി മർഡോക്ക് മാറ്റിയത് ചരിത്രം.

ആർച്ചർ ലീ ഫാക്ക് മുഖവുരയായി റോബിൻസിനോട് പറഞ്ഞതിന്റെ ചുരുക്കം ഇതായിരുന്നു. അപ്പോഴേക്കും ഒരു പരിചാരിക ആവി പറക്കുന്ന കാപ്പിയും സ്നാക്സുമായി എത്തി. ഇരുവരും കാപ്പി കുടിക്കുന്നതിനിടയിൽ ആർച്ചർ തുടർന്നു.

'അതായത് ഞാൻ പറഞ്ഞുവന്നത് മറ്റൊന്നുമല്ല. ഒരു പത്രം സ്വന്ത നിലയിൽ പോരാട്ടങ്ങൾ നടത്തുമ്പോഴാണ് ജനം അതിനെ ശ്രദ്ധിച്ചു തുടങ്ങുകയെന്ന തിരിച്ചറിവോടെ പ്രവർത്തിച്ച പത്രപ്രവർത്തകരായിരുന്നു ഞങ്ങളൊക്കെ. എൺപതുകളിൽ ഹാരി അമേരിക്കയിലെത്തി. ഞാനാകട്ടെ മധ്യ ആഫ്രിക്കൻ രാജ്യങ്ങളിൽ ചുറ്റിത്തിരിഞ്ഞ് ഒടുവിൽ കെനിയായിൽ താവളമുറപ്പിച്ചു. അവിടെ കുറച്ചുകാലം ഞാൻ ഉണ്ടായിരുന്നു കേട്ടോ... അതുകൊണ്ടാണ് മിസ്സിസ് ക്ലാർക്ക് നിന്നോട് എന്നെ വന്നു കാണാൻ പറഞ്ഞത്.

നീ തെരഞ്ഞെടുത്ത വിഷയത്തിന് പറ്റിയ ഇടം കെനിയ തന്നെയാണ്. വൈരുദ്ധ്യങ്ങളുടെ നാടെന്നാണ് കെനിയായെ പറയുന്നത്.'

'സാർ...ഈ കെനിയ എന്ന വാക്കിന്റെ അർത്ഥമെന്താണ്..?' റോബിൻസ് ചോദിച്ചു:

'സബാഷ്...! ഒരു പത്രപ്രവർത്തകൻ ഇങ്ങനെയായിരിക്കണം. ഒരു രാജ്യത്തിന്റെ പേരിൽ നിന്നു തന്നെയാണ് തുടങ്ങേണ്ടത്.

ഏറെ വർഷങ്ങൾക്ക് മുമ്പ്, കൃത്യമായി പറഞ്ഞാൽ 1849ൽ കെനിയായിലെത്തിയ പരിവേഷകരായിരുന്നു ജോഹന്നാസ് ഹെബ്മാനും ജോഹൻ ലുഡ്വിഗും. അവിടെ സമുദ്രനിരപ്പിൽ നിന്നും പതിനേഴായിരം അടി ഉയരത്തിൽ കെനിയ പർവ്വതം തലയുയർത്തി നിൽക്കുന്നു. പർവ്വതത്തിലെമ്പാടും മഞ്ഞുശിഖരങ്ങൾ...പർവ്വതത്തിന്റെ താഴ്വാരത്തിൽ താമസിക്കുന്ന കിക്കുയുക്കികളും എംബു, മേരു, കമ്പ ഗോത്രക്കാരും അതിശയത്തോടെയാണെന്നും പർവ്വതത്തെ നോക്കിക്കാണുന്നത്.

പരിവേഷകരായെത്തിയ ആ രണ്ടു പേരും അത്ഭുതത്തോടെ പച്ചക്കറി ഇനത്തിൽപെട്ട 'ചുരക്ക' പിടിച്ചു നിൽക്കുന്ന ഗോത്രവർഗക്കാരിൽ ഒരാളോട് പർവ്വതത്തെ ഉദ്ദേശിച്ചു ചോദിച്ചു. ഇതെന്താണെന്ന്..?

തന്റെ കൈയിലിരിക്കുന്ന ചുരക്കയെക്കുറിച്ചാണ് ചോദ്യമെന്നു കരുതി അയാൾ ചുരക്കയുടെ പേരായ 'കീനിയ' എന്നുപറഞ്ഞുവത്രെ..! ബ്രീട്ടീഷുകാരൻ അതിനെ 'കെനിയ' എന്നു ഉച്ചരിക്കുകയും അത് നാടിന്റെ പേരായി തീരുകയും ചെയ്തു എന്നാണ് ചരിത്രം..!'

അക്കഥ കേട്ട് ചിരിച്ചുപോയി റോബിൻസ്. ആർച്ചർ വീണ്ടു പറഞ്ഞു തുടങ്ങി:

'ആധുനിക സൗകര്യങ്ങളോടു കൂടിയ തലസ്ഥാന നഗരിയായ നെയ്റോബിയിൽ നീ പോയാൽ, യൂറോപ്പിലെ ഏതെങ്കിലും നഗരത്തിലാണെന്നേ തോന്നൂ. എന്നാൽ നഗരത്തിൽ നിന്നും നാലു മൈൽ പിന്നിട്ടാൽ സിംഹവും പുലിയും ഊളിയിട്ടു നടക്കുന്ന കൊടുംകാട് കാണാനാകും. വളരെക്കാലം ഒരു ബ്രിട്ടീഷ് കോളനിയായിരുന്നു ആ രാജ്യം. പശ്ചിമയൂറോപ്പിലെ പല ആചാരങ്ങളും അവിടെ കണ്ടാൽ നീ അതിശയിക്കരുത്. എന്നാൽ ശുദ്ധ ആഫ്രിക്കൻ സംസ്ക്കാരത്തിന്റെ ഒന്നാന്തരം മാതൃകകളും നമുക്ക് അവിടെ കാണാം. മറ്റേതൊരു ആഫ്രിക്കൻ രാജ്യങ്ങളെയും അപേക്ഷിച്ച് കൂടുതൽ ഏഷ്യക്കാരും യൂറോപ്യൻമാരും അവിടെയുണ്ട്.

പിന്നൊരു കാര്യം അവിടെ എത്തിയാൽ നീ നിർബന്ധമായും കാണേണ്ട ഒരു വനിതയാണ് വംഗാരി മാതായി. ഗ്രീൻ ബെൽറ്റ് പ്രസ്ഥാനത്തിന്റെ നായികയാണവർ. കെനിയ വ്യാപകമായ വനനശീകരണവും തൊഴിലില്ലായ്മയും അഭിമുഖീകരിച്ചപ്പോഴാണ് പ്രതിവിധിയുമായി വാംഗാരി മാതായ് പൊതുരംഗത്തിറങ്ങുന്നത്.

ഞാൻ അവരോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. മനോഹരമായി എഴുതാൻ കഴിവുള്ള സ്ത്രീ ആണവർ. തീർന്നില്ല, ആഫ്രിക്കയിൽ നിന്നും ഡോക്ടറേറ്റ് നേടുന്ന ആദ്യ സ്ത്രീയാണ്. നീ കണ്ടോ, ഇന്നല്ലെങ്കിൽ നാളെ നിശ്ചയമായും അവർക്കൊരു നോബേൽ സമ്മാനം കൊടുക്കേണ്ടിവരും.

അവരുടെ ഒരു അർത്ഥ സഹോദരിയുണ്ട്. മിടുക്കിയാണ്. 'മറിയം വഞ്ചിറൂ' എന്നാണവളുടെ പേര്. നീ ഈ പേര് ഓർത്തുവച്ചോ.'

റോബിൻസ്ഓർത്തോളാംഎന്നഅർത്ഥത്തിൽ തലയാട്ടി. ആ നിമിഷം അവന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു.

ഡാനിയേൽ ജോൺ എന്ന സെക്യൂരിറ്റി ഓഫീസറുടെ ഫോൺ ആയിരുന്നു അത്. ഇതിനകം റോബിൻസിന്റെ ഉറ്റ ചങ്ങാതിയായി മാറിയിരുന്നു ആ മനുഷ്യൻ. ആർച്ചറോട് അനുവാദം വാങ്ങി അവൻ ഫോൺ എടുത്ത് മുറിയുടെ പുറത്തേക്കിറങ്ങി.

'ഹാലോ..പറയു..., എന്തുണ്ട് വിശേഷം.' മറുതലയ്ക്കൽ നിന്നും ഡാനിയേൽ ജോൺ അടക്കിപ്പിടിച്ച സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: വളരെ കോൺഫിഡൻഷ്യൽ ആയി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. ഇനി ഞാൻ പറയുന്ന ആ സ്ത്രീയെ പോയി കാണണം. അവൾ ചില കാര്യങ്ങൾ പറയും.'

'ശരി...ശരി.. ആരാണവള്. എവിടെയാണ് താമസം...? ' വീണ്ടും ഫോൺ ശബ്ദിച്ചു.

സിറ്റിചേംബേഴ്സ്സ്ട്രീറ്റിൽസൂസീസ് ഡൈനറിയിൽ ചെല്ലണം. അവിടെ കൗണ്ടറിലിരിക്കുന്ന ഇരുണ്ട സുന്ദരിയായ ലിസ ബോണറ്റിനെ കാണുക. അവൾ നിനക്കു അറിയേണ്ടതെല്ലാം പറഞ്ഞുതരും. തീർച്ചയായും ഈ കൂടിക്കഴ്ച നിനക്ക് ഗുണമായി ഭവിക്കട്ടെ എന്ന് ആശംസിക്കുന്നു, ഞാൻ ഫോൺ കട്ടു ചെയ്യുകയാണ്. (തുടരും)

# സൗദി ഇ–വിസ ഈസിയായി കിട്ടും! ഈ നാല് കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി

സൗദി അറേബ്യയുടെ വിസ വേഗത്തിൽ ലഭിക്കാൻ പുതിയൊരു പ്ലാറ്റ്ഫോമിന്റെ രൂപം പുറത്തിറക്കിയിരിക്കുകയാണ്. ഇതുവഴി ഇലക്ട്രോണിക് വിസയ്ക്ക് അപേക്ഷിക്കാം. സൗദിയിലുള്ള കുടുംബത്തെയും സുഹൃത്തുക്കളെയും സന്ദർശിക്കാൻ ഇനി വേഗത്തിൽ സാധിക്കും എന്നതാണ് ഇതിന്റെ ഗുണം.

കൂടുതൽ വിദേശികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നീങ്ങുന്ന സൗദിയുടെ പുതിയ സംവിധാനം സന്ദർശകരുടെ എണ്ണം വർധിപ്പിക്കുമെന്നാണ് പ്രതീക്ഷ.

കെഎസ്എ വിസ പ്ലാറ്റ്ഫോം എന്ന് പേരിട്ടിരിക്കുന്ന പുതിയ പദ്ധതി സൗദി വിദേശകാര്യ മന്ത്രാലയമാണ് വികസിപ്പിച്ചത്. വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാനും ഉംറ ചെയ്യാനുമെല്ലാം ഇ-വിസ വഴി സാധിക്കും. വിസ സംബന്ധിച്ച വിവരങ്ങൾ, അപേക്ഷ എന്നിവയെല്ലാം ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. സിംഗിൾ എൻട്രി വിസയും മൾട്ടിപ്പിൾ എൻട്രി വിസയുമുണ്ട്. സിംഗിൾ എൻട്രിവിസയുടെ കാലാവധി 90 ദവസമണ്. മൾട്ടിപിൾ എൻട്രി വിസയുടേത് ഒരു വർഷമാണ്.

മൾട്ടിപ്പിൾ എൻട്രി വിസയിൽ ഒരു തവണ സൗദിയിൽ പ്രവേശിച്ചാൽ 90 ദിവസം തങ്ങാം. വീണ്ടും പുറത്തുപോയി തിരിച്ചുവരാം. ഒരു വർഷം ഈ വിസയ്ക്ക് കാലാവധിയുണ്ടാകും. ഓൺലൈൻ വഴി വിസ അപേക്ഷ സാധ്യമാകുന്നു എന്നതാണ് ഇ-വിസയുടെ നേട്ടം. മൂന്ന് ദിവസത്തിനകം വിസയുടെ നടപടികൾ പൂർത്തിയാക്കാൻ സാധിക്കും. വെരിഫിക്കേഷൻ എളുപ്പമായാൽ അതിന് മുമ്പേ നടപടികൾ തീരും.




വിസ ഫീസ് 80 ഡോളർ ആണ്. ഇത് റീഫണ്ട് ചെയ്യാവുന്നതാണ്. 10.50 ഡോളർ ആണ് ഡിജിറ്റൽ വിസ സർവീസ് ഫീസ് ആയി വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കുന്നത്. അത്ര തന്നെ തുക ഡിജിറ്റൽ ഇൻഷുറൻസ് സർവീസ് ഫീസും വേണം. അതായത് മൊത്തം 101 ഡോളർ. എത്ര കാലം സൗദിയിൽ താമസിക്കും എന്നതിന് അനുസരിച്ചാകും ആരോഗ്യ ഇൻഷുറൻസ് ഫീസ്. ഈ തുക റീഫണ്ട് ലഭിക്കില്ല.

### നിബന്ധനകളും യോഗ്യതയും അറിയാം

ഇതിനായി കെഎസ്എ വിസ പോർട്ടൽ വഴി പണം അടയ്ക്കാൻ സാധിക്കും. ആർക്കൊക്കെയാണ് ഇ-വിസ അനുവദിക്കുക എന്ന് സൗദി അറേബ്യ വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത രാജ്യക്കാർക്ക് മാത്രമേ വിസ കിട്ടൂ എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഷെങ്കൻ വിസയുള്ളവർക്കും അമേരിക്കയുടെയും ബ്രിട്ടന്റെയും വിസയുള്ളവർക്കും നടപടികൾ എളുപ്പമാണ്. ജിസിസി രാജ്യങ്ങളിലെ തമസക്കാർക്കും സൗദി ഇ-വിസ കിട്ടും.

വിസ സർവീസ് ഓഫീസുകൾ വഴിയും സൗദി എംബസികൾ വഴിയും അപേക്ഷ സമർപ്പിക്കാം. 18 വയസ് തികഞ്ഞിരിക്കണം. അല്ലെങ്കിൽ രക്ഷിതാവ് കൂടെയുണ്ടാകണം. ആറ് മാസം കാലാവധിയുള്ള പാസ്പോർട്ട് ആവശ്യമാണ്. സൗദിയിൽ താമസിക്കുന്ന കാലത്ത് ആരോഗ്യ ഇൻഷുറൻസ് ഉണ്ടായിരിക്കണം. സാമ്പത്തിക ഭദ്രത ആവശ്യമാണ്. സൗദി നിയമം അനുസരിക്കണം തുടങ്ങിയ നിബന്ധനകളും ഉണ്ട്.

ബന്ധുക്കളെയും സുഹൃത്തുക്കളെയും കാണാം, ടൂറിസ്റ്റ് സ്ഥലങ്ങൾ സന്ദർശിക്കാം, പരിപാടികളിൽ പങ്കെടുക്കാം, ഉംറ ചെയ്യാം എന്നിവയാണ് ഇവിസയിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ. ഇ-വിസയിൽ എത്തിയവർക്ക് ഹജ്ജ് ചെയ്യാൻ അനുമതിയുണ്ടാകില്ല. ഹജ്ജ് സീസൺ അല്ലാത്ത വേളയിലുള്ള ഉംറ വിസയാണ് ഇ-വിസയിൽ ലഭിക്കുക.









## സൈന്യത്തിന് ജാതിയോ മതമോയില്ല; രാഹുൽ ഗാന്ധി അരാജകത്വം സൃഷ്ടിക്കുന്നുവെന്ന് രാജ്നാഥ് സിംഗ്

ന്യൂഡൽഹി: സൈന്യത്തിന് മതമോ ജാതിയോ ഇല്ലെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. രാജ്യത്തെ ജനസംഖ്യയുടെ 10 ശതമാനം ആളുകളുടെ (ഉന്നത ജാതിക്കാർ എന്ന് വിളിക്കപ്പെടുന്നവരുടെ) നിയന്ത്രണത്തിലാണ് സൈന്യം എന്ന് രാഹുൽ ഗാന്ധി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇതിന് മറുപടിയായാണ് രാജ്നാഥ് സിംഗിന്റെ പ്രസ്താവന. കോൺഗ്രസ് എം.പി സായുധ സേനയെ വിഭജിക്കാൻ ശ്രമിക്കുകയാണെന്ന് പ്രതിരോധ മന്ത്രി ആരോപിച്ചു. ബിഹാറിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയായിരുന്നു ഈ പരാമർശം.

പ്രതിരോധസേനയിൽസംവരണംആവശ്യപ്പെട്ട് രാഹുൽ ഗാന്ധി അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ''സംവരണം ഉണ്ടാവണം. ഭാരതീയ ജനതാ പാർട്ടി സംവരണത്തെ പിന്തുണയ്ക്കുന്നവരാണ്. പക്ഷേ നമ്മുടെ സൈനികർക്ക് ഒരു മതമേയുള്ളൂ, 'സൈന്യ ധർമ്മം',' സൈനിക പെരുമാറ്റച്ചട്ടത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

സൈന്യ ധർമമല്ലാതെ മറ്റൊരു മതവുമില്ല. സൈന്യത്തെ രാഷ്ട്രീയത്തിലേക്ക് വലിച്ചിഴക്കരുത്. ഈ രാജ്യം ഒരു പ്രതിസന്ധി നേരിട്ടപ്പോഴെല്ലാം, സൈനികർ ധീരത പ്രകടിപ്പിച്ചതുകൊണ്ട് ഇന്ത്യയുടെ തല ഉയർന്നു തന്നെയാണ് നിന്നിട്ടുള്ളത്.

## മകൾക്കൊപ്പം തൂങ്ങി മരിക്കാനൊരുങ്ങിയ യുവാവിനെ രക്ഷിച്ച് പോലീസ്

മംഗ്ളൂരു: നാലു വയസുള്ള മകൾക്കൊപ്പം തൂങ്ങി മരിക്കാനൊരുങ്ങിയ യുവാവിനെ പോലീസ് രക്ഷിച്ചു. കാവൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ അംബിക നഗറിലാണ് സംഭവം. ഭാര്യയുമായി പിണങ്ങിയാണ് രാജേഷ്(35) എന്നയാൾ മകളെ കൊന്ന് ജീവനൊടുക്കാൻ തീരുമാനിച്ചത്. ഏഴ് വർഷം മുമ്പ് വിവാഹിതനായ രാജേഷ് കഴിഞ്ഞ ദിവസം ഭാര്യയുമായി വഴക്കിട്ട രാജേഷ് മകളേയും എടുത്ത് വീടുവിട്ടു. തണ്ണീർഭവി കടൽത്തീരത്തേക്കാണ് ആദ്യം പോയത്.

രാജേഷ് 'നമുക്ക് രണ്ടുപേർക്കും മരിക്കാം' എന്ന് പറയുന്ന വീഡിയോ റെക്കോർഡ് ചെയ്ത് ബന്ധുക്കളുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിട്ടു. കടൽത്തീരത്തേക്ക്നടക്കുമ്പോൾതുളുവിൽസംസാരിക്കുന്ന ആ വീഡിയോയിൽ 'നമുക്ക് മരിക്കണ്ടപ്പാ..' എന്ന് മകൾ പറയുന്നത് കേൾക്കാം. ഈ വീഡിയോ പിന്നീട് പണമ്പൂർ പോലീസിന്റെ കൈവശമെത്തി. സൈബർ ക്രൈം പോലീസിന്റെ സഹായത്തോടെ മൊബൈൽ ടവർ പിന്തുടർന്ന് രാജേഷ് കാവൂരിലെ ശാന്തിനഗറിലാണെന്ന് കണ്ടെത്തി.

പണമ്പൂർ പോലീസ് ഉദ്യോഗസ്ഥർ സ്ഥലം തിരിച്ചറിഞ്ഞ് വീട്ടിൽ എത്തിയെങ്കിലും വാതിൽ അകത്തു നിന്ന് പൂട്ടിയിരുന്നു. പോലീസ് വാതിൽ പൊളിച്ച് അകത്തുകടന്നപ്പോൾ കുരുക്കുകൾ കഴുത്തിലിടാൻ ഒരുങ്ങുകയായിരുന്നു രാജേഷ്. തുടർന്ന് ഇരുവരെയും രക്ഷപ്പെടുത്തി കാവൂർ പോലീസിന് കൈമാറി. രാജേഷിന് കൗൺസിലിംഗ് നൽകി വീട്ടലേക്ക് അയച്ചു. സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

# ഹരിയാനയിൽ രാഹുൽഗാന്ധിയുടെ വക ഹൈഡ്രജൻ ബോംബ്



ന്യൂഡൽഹി: ഹരിയാനയിൽ ബി.ജെ.പി സർക്കാർ ഭരണത്തിലെത്തിയത് വ്യാപക വോട്ടുക്കൊള്ളയിലൂടെയാണെന്ന് തെളിവുകൾ നിരത്തി വാദിച്ച പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, തിരഞ്ഞെടുപ്പ് കമ്മിഷനെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചു. 'വോട്ടുചോരിയുടെ' രണ്ടാംപതിപ്പായ 'ഓപ്പറേഷൻ സർക്കാർ ചോരിയിലൂടെ' ശേഖരിച്ച വിവരങ്ങൾ രാഹുൽ ഇന്നലെ ഡൽഹിയിൽ വാർത്താസമ്മേളനം നടത്തി പുറത്തുവിട്ടു. 'വോട്ട് ചോരി എച്ച് ഫയൽസ് എന്ന പേരിൽ പവർപോയിന്റ് പ്രസന്റേഷൻ നടത്തി ഹൈഡ്രജൻ ബോംബ് പൊട്ടിക്കുകയായിരുന്നു. ബ്രസീലിയൻ ഫോട്ടോഗ്രാഫർ മത്തേയുസ് ഫെരേരോ പകർത്തിയ ഒരു മോഡലിന്റെ ചിത്രം ഉപയോഗിച്ച് ഹരിയാന റായ് നിയമസഭാ മണ്ഡലത്തിലെ 10 ബൂത്തുകളിലായി 22 കള്ളവോട്ടുകൾ ചേർത്തത് രാഹുൽ ചൂണ്ടിക്കാട്ടി. സ്വീറ്റി, പിങ്കി, സീമ, സരസ്വതി, ദർശന തുടങ്ങിയ പേരുകളിലാണിത്.

ബീഹാർ നിയമസഭയിലേക്കുള്ള ആദ്യഘട്ട വോട്ടെടുപ്പ് ഇന്ന് നടക്കാനിരിക്കേയാണ് ഒരു വർഷം മുമ്പ് ഹരിയാന തിരഞ്ഞെടുപ്പിൽ വോട്ടുകൊള്ളയിലൂടെ ജനവിധി അട്ടിമറിച്ചെന്ന് രാഹുൽ വാദിക്കുന്നത്. 2 കോടി വോട്ടുകളിൽ 25 ലക്ഷത്തിൽപ്പരം മോഷ്ടിക്കപ്പെട്ടു. അതായത് എട്ടിലൊന്ന് കള്ള വോട്ടായിരുന്നു. എക്സിറ്റ് പോളുകൾ അടക്കം ഹരിയാനയിൽ കോൺഗ്രസിന് വൻവിജയം പ്രവചിച്ചിരുന്നു. എന്നാൽ വെറും 22,779 വോട്ടുകൾക്ക് കോൺഗ്രസിന് അധികാരം നഷ്ടപ്പെട്ടു. പൽവാലിലെ ബി.ജെ.പി പ്രാദേശിക നേതാവ് ഉമേഷിന്റെ മേൽവിലാസത്തിൽ 66 വോട്ടുകളുണ്ടെന്ന് തെളിവുസഹിതം രാഹുൽ ചൂണ്ടിക്കാട്ടി.

രണ്ടു ബൂത്തുകളിൽ 223 വോട്ടുകൾക്ക് ഒരേ സ്ത്രീയുടെ ചിത്രം. മറ്റൊരിടത്ത് ഒരു സ്ത്രീയുടെ ഫോട്ടോ ഉപയോഗിച്ച് 100 വോട്ടുകൾ. ഹോഡൽ നിയമസഭാ മണ്ഡലത്തിലെ വീട്ടുനമ്പർ 265ൽ 501 വോട്ടുകൾ. റായ് മണ്ഡലത്തിലെ ഹൗസ് നമ്പർ 1904ൽ 108 വോട്ട്.

വ്യാജ വോട്ടർമാർ - 24,47,970, വ്യാജ മേൽവിലാസം - 93174, മുഖം വ്യക്തമാകാത്ത തരത്തിൽ - 124,177 വോട്ടുകൾ, രണ്ടു ബൂത്തുകളിൽ ഒരേ സ്ത്രീയുടെ ചിത്രം ഉപയോഗിച്ച് - 223 വോട്ടുകൾ, മറ്റൊരിടത്ത് വേറൊരു സ്ത്രീയുടെ ഫോട്ടോ ഉപയോഗിച്ച് 100 വോട്ടുകൾ, ബാദ്ഷാപൂരിൽ ശശാങ്ക് ഗിരി എന്ന പേരിൽ 14 വോട്ട്, രുദ്രാഭിഷേക് ജെയിൻ, നമൻ ജെയിൻ എന്നിവരുടെ പേരുകളിൽ 18 വോട്ടുകൾ വീതം, ഹോഡൽ നിയമസഭാ മണ്ഡലത്തിലെ വീട്ടുനമ്പർ 265ൽ 501 വോട്ടുകൾ, റായ് മണ്ഡലത്തിലെ ഹൗസ് നമ്പർ 1904ൽ 108 വോട്ട്

### കമ്മിഷനെതിരെ ഗുരുതര ആരോപണങ്ങൾ

വോട്ടുക്കൊള്ള കേന്ദ്രീകൃത ഓപ്പറേഷനാണെന്ന് രാഹുൽ ആരോപിച്ചു. 2024 ഒക്ടോബറിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് വിജയിക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷൻ അവസരമൊരുക്കി കൊടുത്തു. വോട്ടെടുപ്പിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവിട്ടാൽ തട്ടിപ്പ് പുറത്താകുമെന്നതു കൊണ്ടാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ അവ ഒളിച്ചുവയ്ക്കുന്നത്. ഇരട്ടവോട്ടുകൾ നീക്കാൻ സംവിധാനമുണ്ടായിട്ടും എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല?

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് മൂന്നരലക്ഷം വോട്ടുകൾ നീക്കം ചെയ്തു.






# വജ്രത്തിളക്കമുള്ള മോതിരം ! വിജയ് അണിയിച്ച മോതിരം കാണിച്ച് രശ്മിക



തെലുങ്ക് താരങ്ങളായ രശ്മികാ മന്ദാനയും വിജയ് ദേവരകൊണ്ടയും തമ്മിലുള്ള വിവാഹനിശ്ചയം നടന്നത് കഴിഞ്ഞയാഴ്ചയാണ്. അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും മാത്രം പങ്കെടുത്ത, ഹൈദരാബാദിൽ നടന്ന തീർത്തും സ്വകാര്യമായ ചടങ്ങിലാണ് വിവാഹനിശ്ചയം നടന്നത്. അടുത്തവർഷം ഫെബ്രുവരിയിലാകും വിവാഹമെന്നും റിപ്പോർട്ടുകളുണ്ടായിരുന്നു.തന്റെ പുതിയ ചിത്രമായ 'ദി ഗേൾഫ്രണ്ട്' പ്രൊമോട്ട് ചെയ്യുന്നതിനായി ജഗപതി ബാബുവിന്റെ ജനപ്രിയ ടോക്ക് ഷോയായ 'ജയമ്മു നിശ്ചയമ്മു റാ'യിൽ നടി രശ്മിക മന്ദാന അടുത്തിടെ പങ്കെടുത്തിരുന്നു.തന്റെ പുതിയ ചിത്രമായ 'ദി ഗേൾഫ്രണ്ട്' നെ കുറിച്ച് നടി സംസാരിച്ചപ്പോൾ, എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചത് അവരുടെ വിരലിലെ തിളങ്ങുന്ന മോതിരമായിരുന്നു. ആ നിമിഷം പെട്ടെന്ന് എപ്പിസോഡിന്റെ ഹൈലൈറ്റായി മാറി, അവതാരകനിൽ നിന്ന് രസകരമായ കളിയാക്കലുകളും പ്രേക്ഷകരിൽ നിന്ന് ആവേശകരമായ പ്രതികരണങ്ങളും ഉണ്ടായി.പിന്നീട് ജഗപതി ബാബു തന്ത്രപരമായ ചോദ്യമാണ് രശ്മികയോട് ചോദിച്ചത്. 'വിജയ് ദേവരകൊണ്ടയുമായുള്ള സൗഹൃദം, വിജയ് സേതുപതിയോടുള്ള ആരാധന, ദളപതി വിജയുടെ എക്കാലത്തേയും ആരാധിക. ഒടുവിൽ വിജയിനേയും സ്വന്തമാക്കി അല്ലേ?' എന്നാണ് ജഗപതി ബാബു പറഞ്ഞത്. പൊട്ടിച്ചിരിയായിരുന്നു രശ്മികയുടെ മറുപടി. ഒപ്പം സദസ്സിനെ നോക്കി കുസൃതിയോടെ കണ്ണിറുക്കി കാണിക്കുകയും ചെയ്തു.ഗീതാ ഗോവിന്ദം, ഡിയർ കോമ്രേഡ് എന്നീ സിനിമകളിൽ ഇരുവരും ഒരുമിച്ച് അഭിനയിച്ചിട്ടുണ്ട്. ഇപ്പോൾ സംവിധായകൻ രാഹുൽ സംകൃത്യന്റെ താത്കാലികമായി 'വിഡി 14' എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിനായി വീണ്ടും ഒന്നിക്കാൻ ഒരുങ്ങുകയാണ് ഇരുവരും.



# വിവേക് ഒബ്റോയി–പ്രിയങ്ക ആൽവ മെഹന്തി ചിത്രങ്ങൾവൈറൽ

നടൻ വിവേക് ഒബ്റോയിയും ഭാര്യ പ്രിയങ്ക ആൽവയും 15 വർഷമായി ഒരുമിച്ചാണ് ജീവിക്കുന്നത്, ജനശ്രദ്ധയിൽ നിന്ന് മാറി മനോഹരമായ ഒരു ജീവിതം കെട്ടിപ്പടുക്കുന്നു. നിലവിൽ രണ്ട് കുട്ടികളോടൊപ്പം ദുബായിൽ താമസിക്കുന്ന ഈ ദമ്പതികൾ പലപ്പോഴും തങ്ങളുടെ സന്തോഷകരവും സമാധാനപരവുമായ കുടുംബജീവിതത്തിന്റെ ചില ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവെക്കാറുണ്ട്.അടുത്തിടെ, സെലിബ്രിറ്റി മെഹന്തി ആർട്ടിസ്റ്റ് ഉഷാ ഷാ ഒരു പോസ്റ്റ് വഴി ആരാധകർക്ക് അവരുടെ വിവാഹ ആഘോഷങ്ങളുടെ ഒരു അപൂർവ കാഴ്ച നൽകി. വിവേക് ഒബ്റോയിയുടെയും പ്രിയങ്ക ആൽവയുടെയും മെഹന്തി ചടങ്ങിൽ നിന്നുള്ള ഇതുവരെ കാണാത്ത ഫോട്ടോകളാണ് ഉഷാ ഷാ പങ്കുവച്ചത്. ചിത്രങ്ങളിൽ, നടൻ പ്രിയങ്കയുടെ കൈകളിൽ മൈലാഞ്ചി ഇടുന്നതും ദമ്പതികൾ ഊഷ്മളമായി പുഞ്ചിരിക്കുന്നത് കാണാം. തന്റെ വിവാഹത്തെക്കുറിച്ച് കഴിഞ്ഞ വർഷം അഭിമുഖത്തിൽ വിവേക് പറഞ്ഞതിങ്ങനെയാണ്, ''കഴിഞ്ഞ 14 വർഷമായി ഞാൻ എന്റെ ഭാര്യയുമായി ഭ്രാന്തമായി പ്രണയത്തിലാണ്. ഇന്നും, അവൾ മേക്കപ്പ് ഇടുമ്പോൾ, ഞാൻ അവളെ അഭിനന്ദിക്കുന്നു- ആ അംഗീകാരബോധം ഒരു സ്ത്രീയെ സ്ത്രീത്വമുള്ളവളാക്കി മാറ്റുന്നു.''

# പ്രണയം വെളിപ്പെടുത്തി ജനിഫർ അനിസ്റ്റൺ



കഴിഞ്ഞ കുറച്ച് മാസങ്ങളായി പ്രചരിച്ചുകൊണ്ടിരുന്ന പ്രണയവാർത്തകൾക്ക് ഒടുവിൽ അവസാനം. ജനിഫർ അനിസ്റ്റൺ തന്റെ പ്രണയം ഇൻസ്റ്റാഗ്രാമിൽ ഔദ്യോഗികമാക്കി. പ്രശസ്ത ഹോളിവുഡ് നടിയും ഫ്രണ്ട്സ് താരവുമായ ജനിഫർ അനിസ്റ്റൺ, എഴുത്തുകാരനും ലൈഫ് കോച്ചുമായ ജിം കർട്ടിസിനോടുള്ള ബന്ധം ഇപ്പോൾ ഔദ്യോഗികമായി സ്ഥിരീകരിച്ചു.ജിമിന്റെ ജന്മദിനത്തോടനുബന്ധിച്ച് ജനിഫർ തന്റെ ഇൻസ്റ്റാഗ്രാം പേജിലൂടെ ഒരു പോസ്റ്റ് പങ്കുവച്ചിരുന്നു. ഇതിലാണ് താരം തന്റെ പ്രണയം തുറന്ന് പറഞ്ഞത്. ജനിഫർ, തന്റെ കാമുകനുമായി ചേർന്ന് നിൽക്കുന്ന ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രവും താരം പങ്കുവച്ചു. 'Happy birthday my love", 'Cherished '' എന്നാണ് താരം ചിത്രത്തിനൊപ്പം കുറിച്ചത്. താരത്തിന്റെ ആരാധകർ ഏറെ സന്തോഷത്തോടെ ആണ് ഈ വാർത്ത സ്വീകരിച്ചത്. അതേസമയം ഇത് പെട്ടെന്ന് ഉണ്ടായ ഒരു ബന്ധമല്ല, ഇരുവരും ഏറെ കാലം സുഹൃത്തുക്കൾ ആയിരുന്നു. ഈ ബന്ധം ആണ് പിന്നീട് പ്രണയമായി വളർന്നത്. ജനിഫർ മുൻപ് രണ്ടുപ്രാവശ്യം വിവാഹം ചെയ്തിട്ടുണ്ട്.

# 'കൊടുമൺ പോറ്റിയെ സ്നേഹത്തോടെ സ്വീകരിച്ചർക്ക് അവാർഡ് സമർപ്പിക്കുന്നു'; മമ്മൂട്ടി

സംസ്ഥാന ചലച്ചിത്ര പുരസ്കാര നേട്ടത്തിൽ പ്രതികരണവുമായി മമ്മൂട്ടി. ഭ്രമയുഗം പോലെയൊരു സിനിമ തനിക്ക് സമ്മാനിച്ച ടീമിനോടും മമ്മൂട്ടി നന്ദി അറിയിച്ചു.കൊടുമൺ പോറ്റിയെ വളരെയധികം സ്നേഹത്തോടെ സ്വീകരിച്ച പ്രേക്ഷകർക്ക് ഈ അംഗീകാരം വിനയപൂർവ്വം സമർപ്പിക്കുന്നുവെന്നും ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പിൽ മമ്മൂട്ടി പറയുന്നു.ഭ്രമയുഗം എന്ന ചിത്രത്തിലെ കൊടുമൺ പോറ്റി എന്ന കഥാപാത്രത്തെ അവിസ്മരണീയമാക്കിയ പ്രകടനത്തിനായിരുന്നു മമ്മൂട്ടിക്ക് ഇത്തവണത്തെ മികച്ച നടനുള്ള സാസംഥാന പുരസ്കാരം. ഫെമിനിച്ചി ഫാത്തിമ എന്ന ചിത്രത്തിലെ പ്രകടനത്തിന് ഷംല ഹംസ മികച്ച നടിയായും തിരഞ്ഞെടുക്കപ്പെട്ടു.



# മക്കാർട്ട്നിയുടെ തുറന്നുപറച്ചിൽ ബീറ്റിൽസിൽ നിന്നും പിരിഞ്ഞശേഷം തന്റെ ജീവിതത്തിൽ സംഭവിച്ചത്?



ലോകം മുഴുവൻ ആരാധകരെ സ്വന്തമാക്കിയ ബീറ്റിൽസ് എന്ന ഇതിഹാസ സംഗീതബാൻഡ് 1970-ൽ ആണ് ഔദ്യോഗികമായി പിരിഞ്ഞത്. മ്യൂസിക് ഇതിഹാസമായ ബീറ്റിൽസ് ഗ്രൂപ്പിൽ നിന്നും പിരിഞ്ഞതിന് ശേഷമുള്ള കാലയളവിൽ പോൾ മക്കാർട്നി താൻ നേരിട്ട അപ്രതീക്ഷിത വെല്ലുവിളികൾക്കെയും ഒടുവിൽ കണ്ടെത്തിയ പുതുവഴികളിലേക്കുള്ള യാത്രയെയും തുറന്ന് പറയുന്നു. അദ്ദേഹത്തിന്റെ പുതിയ ബുക്ക് 'Wings: The Story of a Band on the Run" ലൂടെ ആണ് തന്റെ അനുഭവങ്ങൾ അദ്ദേഹം വിശദമായി തുറന്നു പറഞ്ഞത്.ബീറ്റിൽസ് ഗ്രൂപ്പിൽ നിന്നും പിരിഞ്ഞതിന് പിന്നാലെ ഉണ്ടായ മാറ്റങ്ങൾ ആണ് അദ്ദേഹം വിശദീകരിക്കുന്നത്. ഇതിന് പിന്നാലെ മക്കാർട്നിക്ക് തന്റെ സുഹൃത്തുക്കളുമായുള്ള ബന്ധത്തിൽ പ്രശ്നങ്ങൾ ഉണ്ടായി എന്നും  നിയമ പോരാട്ടങ്ങൾ ഉണ്ടായെന്നും അദ്ദേഹം പറയുന്നു.ഈ പിരിയലിന് ശേഷം തനിക്ക് ഈ രംഗത്ത് തന്റേതായ ഇടം കണ്ടെത്താനായില്ല എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. പിന്നീട് മക്കാർട്നി 1971-ലാണ് തന്റെ ഭാര്യ ലിന്റ മക്കാർട്നിയും ഗിറ്റാറിസ്റ്റ് ഡെന്നി ലൈനിയും ചേർന്ന് വിങ്സ് ബാൻഡ് ആവിഷ്കരിച്ചത്.അദ്ദേഹം ബുക്കിൽ തന്റെ ഭാര്യ ജീവിതത്തിൽ ചെലുത്തിയ സ്വാധീനവും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഭാര്യ ലിൻഡ മക്കാർട്ട്ണിയെക്കുറിച്ചുള്ള പ്രാധാന്യം വളരുന്നത്. ബാൻഡിൽ നിന്നും പിരിഞ്ഞ ശേഷം അവർ പുതിയ ബാൻഡ് തുടങ്ങുകയും ഒരുമിച്ചു സ്കോട്ട്ലണ്ടിലെ ഗ്രാമപ്രദേശത്തേക്ക് മാറി താമസിക്കുകയും ചെയ്തു. അവിടെ അവർ ഒരു കർഷകൻ പോലെ, ശാന്തമായ, സാധാരണ ജീവിതം നയിക്കുകയായിരുന്നു. അവിടെ തനിക്ക് കുടുംബത്തോടൊപ്പം സത്യസന്ധമായ സമയം ലഭിച്ചു എന്നും ഇത് തനിക്ക് പുതുജീവൻ പകർന്നു എന്നും മക്കാർട്നി പറയുന്നു.1971-ൽ, ഭാര്യ ലിൻഡയും ഗിറ്റാരിസ്റ്റ് ഡെന്നി ലെയ്നും ചേർന്ന് പുതിയ ബാൻഡ് Wings ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ ആരും അത് ബീറ്റിൽസ് നിലവാരത്തിലെത്തുമെന്ന് വിശ്വസിച്ചില്ല. പക്ഷേ മക്കാർട്ട്നിയുടെ സ്ഥിരതയും ആത്മവിശ്വാസവും ണശിഴനൈ ഉയർത്തി, പിന്നീട് ലോകം എന്നും ആസ്വദിക്കുന്ന ഹിറ്റുകൾ ജനിച്ചു.

# താൻ വിഷമിക്കുന്നത് മറ്റുള്ളവർ കാണുന്നത് ഇഷ്ടമല്ലെന്ന് ഭാവന

താൻ വിഷമിക്കുന്നത് മറ്റുള്ളവർ കാണുന്നത് ഇഷ്ടമല്ലെന്ന് വ്യക്തമാക്കി നടി ഭാവന. താൻ വിഷമിക്കുന്നത് മറ്റുള്ളവർ അറിയേണ്ട എന്നാണ് താൻ ചിന്തിക്കാറുള്ളതെന്നും വിഷമം വരുമ്പോൾ ഭർത്താവായ നവീനോട് പോലും പറയാറില്ലെന്നും ആണ് താരം പറയുന്നത്.

അതേസമയം മുറിയിൽ ഒറ്റയ്ക്ക് അടച്ചിരിക്കുകയും കരഞ്ഞ് വിഷമം തീർക്കുകയുമാണ് തന്റെ പതിവെന്നും ഭാവന പറയുന്നു. ഒരു യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു ഭാവന. ‘‘എന്തെങ്കിലും വിഷമം വരുമ്പോൾ ഞാൻ എല്ലാവരിൽ നിന്നും കട്ട് ഓഫ് ചെയ്യും. അത് നല്ലൊരു സ്വഭാവം അല്ല. ഞാൻ വിഷമിക്കുന്നത് മറ്റൊരാൾ അറിയേണ്ട എന്ന ചിന്ത എന്നിലുണ്ട്. അത് ബ്രേക്ക് ചെയ്യാൻ എനിക്കിതുവരെ പറ്റിയിട്ടില്ല. അമ്മയോ നവീനോ ഞാൻ വിഷമിക്കുന്നത് അറിയേണ്ട, ഞാൻ വിഷമിക്കുന്നത് കണ്ട് അവർക്ക് വിഷമമാകരുതെന്നാണ് ഞാൻ ആലോചിക്കുക. നീ എന്തുണ്ടെങ്കിലും പറയണം എന്ന് പറയുന്ന ആൾക്കാരാണെങ്കിൽ പോലും എന്തോ അങ്ങനെയാണ്.’’ എന്നാണ് താരം



പറഞ്ഞത്. ‘‘എല്ലാ കമ്മ്യൂണിക്കേഷനും കട്ട് ചെയ്യും വാട്സ് ആപ്പ് ഒഴിവാക്കും. എന്റെ റൂമിൽ ഒറ്റയ്ക്ക് ഇരിക്കും. എന്നിട്ട് ഞാൻ തന്നെ റിക്കവർ ആകും. ചിലപ്പോൾ സമയമെടുക്കുമായിരിക്കും. അല്ലെങ്കിൽ ഒരു ദിവസമോ രണ്ട് ദിവസമോ മൂന്ന് ദിവസമോ ആയിരിക്കും. കുറേ കഴിഞ്ഞ് ഞാനിങ്ങനെ ആലോചിച്ച് കരഞ്ഞത് കൊണ്ട് എന്താണ് മാറാൻ പോകുന്നതെന്ന് ചിന്തിക്കും. പക്ഷെ കുറേ കരയുമ്പോൾ ഒരു ആശ്വാസമാണ്.’’ എന്നും ഭാവന കൂട്ടിച്ചേർത്തു.



# ഗർഭിണിയാണെന്ന അഭ്യൂഹങ്ങൾക്ക് മറുപടിയുമായി ആര്യ

ഗർഭിണിയാണോ എന്ന തരത്തിലുള്ള ചോദ്യങ്ങളോട് പ്രതികരണവുമായി നടിയും അവതാരകയുമായ ആര്യ ബഡായ് രംഗത്ത്. ഇൻസ്റ്റഗ്രാം സ്റ്റോറിയിലൂടെ ആരാധകരുമായി സംസാരിക്കുന്നതിനിടെയാണ് ആര്യ പ്രഗ്നൻസിയുമായി ബന്ധപ്പെട്ടു പ്രചരിക്കുന്ന അഭ്യൂഹങ്ങൾക്ക് താരം മറുപടി നൽകിയത്.’’എന്റമ്മേ എന്താ നിങ്ങൾ ഇങ്ങനെ. ബഡായി ബംഗ്ലാവ് ചെയ്യുന്ന സമയത്ത് നിങ്ങൾ എന്നെ പിഷാരടിയുടെ ഭാര്യയാക്കി. ഇപ്പോഴും അങ്ങനെ വിശ്വസിക്കുന്ന ഒരുപാട് പേരുണ്ട്. ഇപ്പോൾ എന്നെ പ്രെഗ്നന്റ് ആക്കി. ക്യാരക്ടറാണ് സുഹൃത്തുക്കളേ. ആ പരമ്പരയിൽ ധർമ്മജൻ ബോൾഗാട്ടിയുടെ ഭാര്യ ആയിട്ടാണ് എത്തുന്നത്. ആ ലേഡി ക്യാരക്ടർ പ്രെഗ്നന്റാണ്. അതാണ് നിങ്ങൾ കാണുന്നത്. ആ ഒരു ഷോയിൽ മാത്രം ഞാൻ അങ്ങനെ വരുന്നതാണ്. എന്റെ ഗർഭം അങ്ങനെയല്ല. നഹീന്ന് പറഞ്ഞാൽ നഹീ’’ എന്നാണ് ആര്യ പറയുന്നത്.അടുത്തിടെയാണ് നടിയും അവതാരകയുമായ ആര്യ ബാബുവും കൊറിയോഗ്രാഫറും ഡി.ജെയുമായ സിബിൻ ബെഞ്ചമിനും വിവാഹിതയായത്. ഇരുവരുടെയും രണ്ടാം വിവാഹമായിരുന്നു.

# മൂന്നുതവണ ഓസ്കർ നാമനിർദേശം ലഭിച്ച നടി ഡയാൻ ലാഡ് അന്തരിച്ചു

ഹോളിവുഡ് നടി ഡയാൻ ലാഡ് (89) അന്തരിച്ചു. കാലിഫോർണിയയിലെ ഒജായിയിൽ തിങ്കളാഴ്ചയായിരുന്നു അന്ത്യം. അഭിനയമികവിന് മൂന്നുതവണ ഓസ്കർ നാമനിർദേശം ലഭിച്ച താരമാണ് ഡയാൻ ലാഡ്. വൈൽഡ് അറ്റ് ഹാർട്ട്', 'റാംബ്ലിങ് റോസ്', മാർട്ടിൻ സ്കോർസെസെയുടെ 'ആലിസ് ഡസിന്റ് ലിവ് ഹിയർ എനിമോർ' എന്നിവയിലെ അഭിനയത്തിനാണ് ഡയാൻ ലാഡിന് ഓസ്കർ നാമനിർദേശം ലഭിച്ചത്.'റാംബ്ലിങ് റോസി'ലെ പ്രകടനത്തിന് ഡയാനിനൊപ്പം മകൾ ലോറാ ഡോണും ഓസ്കറിന് നാമനിർദേശം ചെയ്യപ്പെട്ടു. മികച്ചനടിക്കുള്ള പുരസ്കാരത്തിനായിരുന്നു അത്.200-ലധികം സിനിമകളിലും ടെലിവിഷൻ പരിപാടികളിലും ഡയാൻ അഭിനയിച്ചു. ചൈനാ ടൗൺ (1974), പ്രൈമറി കളേഴ്സ് (1998), ഗോസ്റ്റ് ഓഫ് മിസിസിപ്പി (1996) തുടങ്ങിയവയാണ് മറ്റ് ശ്രദ്ധേയചിത്രങ്ങൾ.താരത്തിന്റെ മരണ കാരണം സ്ഥിരീകരിച്ചിട്ടില്ല. ലാഡിന് ഗുരുതരമായ ശ്വാസകോശ സംബന്ധമായ അസുഖം പ്രത്യേകിച്ച് ഇഡിയൊപാത്തിക് പൾമണറി ഫൈബ്രോസിസ് (ഐപിഎഫ്) ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. മൂന്ന് മാസം മുമ്പാണ് ലാഡിന്റെ ഭർത്താവ് റോബർട്ട് ചാൾസ് ഹണ്ടർ (പെപ്സികോ ഫുഡ് സിസ്റ്റംസിന്റെ മുൻ സിഇഒ) അന്തരിച്ചത്.



## രാജമൗലി–മഹേഷ്ബാബു ചിത്രത്തിന്റെ പേര് 'വാരണാസി' എന്നോ?



മഹേഷ് ബാബു, പ്രിയങ്ക ചോപ്ര, പൃഥ്വിരാജ് സുകുമാരൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എസ്.എസ്. രാജമൗലി സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ പേര് ഒടുവിൽ സ്ഥിരീകരിച്ചതായിറിപ്പോർട്ട്.'എസ്.എസ്.എം.ബ 129' എന്ന് താൽക്കാലികമായി വിളിക്കപ്പെടുന്ന ഈ ബിഗ് ബജറ്റ് പ്രോജക്റ്റ് സമീപ വർഷങ്ങളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഇന്ത്യൻ ചിത്രങ്ങളിൽ ഒന്നാണ്. നവംബർ 15 ന് ഹൈദരാബാദിൽ നടക്കുന്ന ഒരു മഹത്തായ ലോഞ്ച് ചടങ്ങിൽ ഔദ്യോഗിക പ്രഖ്യാപനം പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, ചിത്രത്തിന്റെ പേര് 'വാരണാസി' ആണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.കഥാതന്തുവിന്റെ വിശദാംശങ്ങൾ രഹസ്യമായി വച്ചിട്ടുണ്ടെങ്കിലും, പുരാതന നഗരത്തിന്റെ സാംസ്കാരികവും ആത്മീയവുമായ പ്രാധാന്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് 'വാരണാസി' എന്ന പേര് സിനിമയുടെ ആഖ്യാനവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അണിയറപ്രവർത്തകർ സൂചന നൽകുന്നു. ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റിയിൽ നടക്കാനിരിക്കുന്ന ലോഞ്ച് ഇവന്റ് ഒരു പ്രധാന കാഴ്ചയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു, അഭിനേതാക്കളും അണിയറപ്രവർത്തകരും പ്രധാന പ്രഖ്യാപനങ്ങൾ നടത്തും.ലോകമെമ്പാടുമുള്ള ആരാധകർക്ക് ഈ പരിപാടിയുടെ ലൈവ് സ്ട്രീമിംഗ് ജിയോ ഹോട്ട്സ്റ്റാറിൽ ഉണ്ടാകുമെന്നാണ് റിപ്പോർട്ട്.

## ബോക്സ് ഓഫീസ് പ്രണവ് 'തൂക്കി'; ത്രില്ലടിപ്പിച്ച് ഡീയസ് ഈറെ



പ്രണവ് മോഹൻലാലിനെ നായകനാക്കി രാഹുൽ സദാശിവൻ സംവിധാനം ചെയ്ത 'ഡീയസ് ഈറെ' ക്ക് മികച്ച പ്രേക്ഷക പ്രതികരണം. ഹൊറർ ജോണറിൽ എത്തിയ ചിത്രത്തിന് മികച്ച പ്രേക്ഷക- നിരൂപക പ്രശംസകളായിരുന്നു കിട്ടികൊണ്ടിരിക്കുന്നത്. പ്രണവിന്റെ കരിയറിലെ തന്നെ ഏറ്റവും മികച്ച കഥാപാത്രമാണ് ഡീയസ് ഈറെയിലെ രോഹൻ എന്നാണ് പ്രേക്ഷകർ ഒന്നടങ്കം അഭിപ്രായപ്പെടുന്നത്. അതേസമയം കളക്ഷനിലും വമ്പൻ കുതിപ്പാണ് ചിത്രം നടത്തുന്നത്. റിലീസ് ചെയ്ത് അഞ്ച് ദിവസങ്ങൾക്കുള്ളിൽ ഇന്ത്യയിൽ നിന്ന് മാത്രം 22.36 കോടി രൂപ നേടിയെന്നാണ് പ്രമുഖ ട്രാക്കർമാരായ സാക്നിൽക് റിപ്പോർട്ട് ചെയ്യുന്നത്. അതേസമയം ആഗോള കളക്ഷനായി ചിത്രം 44 കോടിയോളം രൂപ സ്വന്തമാക്കിയെന്നും റിപ്പോർട്ടുകളുണ്ട്. കളക്ഷനിൽ ഈ മുന്നേറ്റം തുടർന്നാൽ പ്രണവിന്റെ കരിയറിലെ മൂന്നാം 50 കോടി ചിത്രമായി ഡീയസ് ഈറെ മാറും. നേരത്തെ വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത ഹൃദയം, വർഷങ്ങൾക്കു ശേഷം എന്നീ ചിത്രങ്ങളിലൂടെ 50 കോടി ക്ലബ്ബിൽ പ്രണവ് ഇടം നേടിയിരുന്നു.

## ബ്രാഡ് പിറ്റോ അതോ ഷാരൂഖോ? കോപ്പിയടിച്ചത് ആര്?



ബ്രാഡ് പിറ്റ് അഭിനയിച്ച 'എ1' എന്ന റേസിംഗ് ചിത്രം 2024-ൽ ഹോളിവുഡിലെ ഏറ്റവും വലിയ ഹിറ്റുകളിൽ ഒന്നായിരുന്നു. ചിത്രത്തിലെ നടന്റെ പ്രകടനവും ലുക്കും വളരെയധികം പ്രശംസിക്കപ്പെട്ടു. ബ്രാഡ് പിറ്റിന്റെ ഈ ലുക്കിന് സമാനമാണ് 'കിംഗ്' സിനിമയിൽ ഷാരൂഖ് ഖാന്റേത് എന്നാണ് നെറ്റിസൺസിന്റെ കണ്ടെത്തൽ.ഷാരൂഖ് ഖാന്റെ 60-ാം ജന്മദിനത്തോടനുബന്ധിച്ചാണ് 'കിംഗ്' എന്ന സിനിമയുടെ ട്രെയിലർ പുറത്തിറങ്ങിയത്. ട്രെയിലറിൽ, നീല ഡെനിം ഷർട്ടും ടാൻ ജാക്കറ്റും ബാഗും ധരിച്ച ഷാരൂഖിനെ കാണാം. ഈ ലുക്ക് ബ്രാഡ് പിറ്റിൽ നിന്ന് പകർത്തിയതാണോ എന്നതാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ ഉയരുന്ന ചോദ്യം.സമാനതകൾ ചൂണ്ടിക്കാട്ടി നിരവധി ട്രോളുകളും പ്രചരിക്കുന്നുണ്ട്. ട്രോളുകൾ വൈറലായപ്പോൾ, കിംഗിന്റെ സംവിധായകൻ സിദ്ധാർത്ഥ് ആനന്ദ് ചിരിക്കുന്ന ഇമോജി പങ്കിട്ടുകൊണ്ടാണ് മറുപടി നൽകിയത്.അതേസമയം, 2017ൽ റിലീസ് ആയ ഇംതിയാസ് അലിയുടെ 'ജബ് ഹാരി മെറ്റ് സേജൽ' എന്ന ചിത്രത്തിലും ഷാരൂഖ് ഈ കളർ കോംപിനേഷനിലുള്ള ഒരു കോസ്റ്റ്യൂം ആണ് ധരിച്ചിരുന്നത് എന്നാണ് ആരാധകർ ചൂണ്ടിക്കാട്ടുന്നത്. അങ്ങനെയെങ്കിൽ ബ്രാഡ് പിറ്റ് ഇന്ത്യൻ സൂപ്പർ താരത്തെയല്ലേ കോപ്പിയടിച്ചതെന്നും ഇവർ ചോദിക്കുന്നു.



## 120 കോടി ബജറ്റിൽ ബാഹുബലി: ദി എറ്റേണൽ വാർ': പാർട്ട് 1 ടീസർ പുറത്ത്

സിനിമയുടെ രണ്ട് ഭാഗങ്ങളെയും സംയോജിപ്പിച്ച് ബാഹുബലി ദി എപ്പിക്ക് എന്ന പേരിൽ ഒരു പുതിയ വേർഷൻ ഇപ്പോൾ പുറത്തിറങ്ങിയിട്ടുണ്ട്. ഇപ്പോഴിതാ ബാഹുബലിയുടെ അടുത്ത ഭാഗം പുറത്തിറങ്ങാൻ പോകുകയാണ്.'ബാഹുബലി ദി എറ്റേർണൽ വാർ' എന്ന അനിമേഷൻ സിനിമയാണ് ബാഹുബലിയുടെ തുടർച്ചയായി ഇനി പുറത്തിറങ്ങാൻ പോകുന്നത്.സിനിമയുടെ ടീസർ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. മഹേന്ദ്ര ബാഹുബലിയുടെ മരണശേഷമുള്ള കഥയാണ് ഈ അനിമേഷൻ ചിത്രം പറയുന്നത്. 127 കോടിയോളം മുതൽമുടക്കിൽ നിർമിച്ചിരിക്കുന്ന ഈ സിനിമയുടെ സംവിധായകൻ ഇഷാൻ ശുക്ലയാണ്. ബാഹുബലിയുടെ സൃഷ്ടാവായ എസ്എസ് രാജമൗലിയാണ് ഈ സിനിമ പ്രെസെന്റ് ചെയ്യുന്നത്.ഈ അനിമേഷൻ ചിത്രം 3D യിലാണ് പുറത്തിറങ്ങാൻ പോകുന്നത്. 2027 ൽ ഈ ചിത്രം പുറത്തിറങ്ങും. ഇഷാൻ ശുക്ലയും സൗമ്യ ശർമ്മയും ചേർന്നാണ് സിനിമയുടെ കഥ ഒരുക്കുന്നത്. ഷോബു യാർലഗദ്ദ, പ്രസാദ് ദേവിനേനി ചേർന്നാണ് നിർമാണം.അതേസമയം, മികച്ച പ്രതികരണമാണ് ബാഹുബലി ദി എപ്പിക്കിന് ലഭിക്കുന്നത്.
3 മണിക്കൂർ 45 മിനിറ്റ് ദൈർഘ്യമുള്ള പതിപ്പാണ് പുറത്തിറങ്ങിയത്. ഇതിൽ ആദ്യ പകുതി ഒരു മണിക്കൂർ 42 മിനിറ്റും രണ്ടാം പകുതി രണ്ട് മണിക്കൂർ എട്ട് മിനിറ്റുമാണ് നീളം. ആദ്യ പകുതിയിൽ ബാഹുബലി ഒന്നാം ഭാഗവും രണ്ടാം പകുതിയിൽ സിനിമയുടെ രണ്ടാം ഭാഗവുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതുവരെ 40 കോടിയാണ് സിനിമയുടെ കളക്ഷൻ. ഇന്ത്യയിൽ ഒരു റീ റിലീസ് സിനിമ നേടുന്ന ഏറ്റവും വലിയ കളക്ഷൻ ആണിത്.



# എലോയിസിൽ വില്ലനായി റയാൻ റെയ്നോൾഡ്സ് തിരിച്ചെത്തുന്നു

1950കളിലെ കുട്ടികളുടെ പുസ്തക പരമ്പരയായ എലോയിസിനെ അടിസ്ഥാനമാക്കി നെറ്റ്ഫ്ലിക്സിന്റെ ലൈവ്-ആക്ഷൻ അഡാപ്റ്റേഷനായ എലോയിസിൽ വില്ലനായി ഹോളിവുഡ് നടൻ റയാൻ റെയ്നോൾഡ്സ് തിരിച്ചെത്തുന്നു. മേ ഷെങ്കാണ് ടൈറ്റിൽ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. 2024-ലെ സൂപ്പർഹീറോ ബ്ലോക്ക്ബസ്റ്ററിന് ശേഷം റെയ്നോൾഡ്സിന്റെ തിരിച്ചുവരവാണിത്.നെറ്റ്ഫ്ലിക്സ് പറയുന്നതനുസരിച്ച്, ഗിൽമോർ ഗേൾസ്, ദി മാർവലസ് മിസിസ് മൈസൽ എന്നിവയിലൂടെ പ്രശസ്തയായ ആമി ഷെർമാൻ-പല്ലാഡിനോയാണ് ഈ പ്രോജക്റ്റ് സംവിധാനം ചെയ്യുന്നത്. ഹന്ന മാർക്സിനും ലിൻഡ്‌വൂൾവർട്ടണിനുമൊപ്പം തിരക്കഥ എഴുതുന്നു.1950-കളിൽ ആദ്യമായി പ്രസിദ്ധീകരിച്ച എലോയിസ് കഥകൾ, ന്യൂയോർക്ക് നഗരത്തിലെ പ്ലാസ ഹോട്ടലിൽ അവളുടെ നാനി, പഗ് വീനി, ആമ സ്കിപ്പർഡീ എന്നിവരോടൊപ്പം താമസിക്കുന്ന ഒരു ഉത്സാഹഭരിതയായ പെൺകുട്ടിയെ ചുറ്റിപ്പറ്റിയാണ്.ഈ പരമ്പരയിൽ നാല് പ്രധാന പുസ്തകങ്ങൾ ഉൾപ്പെടുന്നു - എലോയിസ്: എ ബുക്ക് ഫോർ പ്രെകോഷ്യസ് ഗ്രോൺ-അപ്സ്, എലോയിസ് ഇൻ പാരീസ്, എലോയിസ് അറ്റ് ക്രിസ്മസ് ടൈം, എലോയിസ് ഇൻ മോസ്കോ.എലോയിസിന്റെ നിർമ്മാണം ഈ മാസം ആരംഭിക്കും. നെറ്റ്ഫ്ലിക്സ് ഇതുവരെ റിലീസ് തീയതിയോ മറ്റ് അഭിനേതാക്കളെയോ പ്രഖ്യാപിച്ചിട്ടില്ല. 49 കാരനായ റെയ്നോൾഡ്സ് അന്തരിച്ച ഹാസ്യനടൻ ജോൺ കാൻഡിയെക്കുറിച്ചുള്ള ജോൺ കാൻഡി: ഐ ലൈക്ക് മി എന്ന ഡോക്യുമെന്ററിയും നിർമ്മിക്കുന്നുണ്ട്.

## 'ദി മമ്മി' സീക്വൽ; ബ്രണ്ടൻ ഫ്രേസറും റേച്ചൽ വീസും വീണ്ടും ഒന്നിക്കുന്നു

യൂണിവേഴ്സലിന്റെ 'ദി മമ്മി' ഫ്രാഞ്ചൈസിയുടെ സീക്വലിൽ അഭിനേതാക്കളായ ബ്രെൻഡൻ ഫ്രേസറും റേച്ചൽ വീസും വീണ്ടും ഒന്നിക്കുന്നു. റേഡിയോ സൈലൻസ് ആണ് സംവിധാനം. 1999 നും 2008 നും ഇടയിൽ പുറത്തിറങ്ങിയ 'ദി മമ്മി' സിനിമകൾ വലിയ ബോക്സ് ഓഫീസ് വിജയങ്ങളായിരുന്നു, കൂടാതെ ഫ്രേസറിനെയും വീസിനെയും ആക്ഷൻ-സാഹസിക സിനിമയിലെ മുൻനിര വ്യക്തികളായി ഇത് മാറ്റി. ഫ്രേസറിന്റെയും വീസിന്റെയും തിരിച്ചുവരവ് യൂണിവേഴ്സലിന് ഒരു സുപ്രധാന നീക്കമാണ്, പുതിയ പ്രോജക്റ്റ് കഥ തുടരുമെന്ന് പ്രതീക്ഷിക്കുന്നു. മാറ്റ് ബെറ്റിനെല്ലി-ഓൾപിൻ, ടൈലർ ഗില്ലറ്റ് എന്നിവർ ചേർന്ന് രചിച്ച റേഡിയോ സൈലൻസ്, സംവിധാനത്തിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. 'സ്ക്രീം' ഫ്രാഞ്ചൈസിയെ പുനരുജ്ജീവിപ്പിച്ചതിനും 'റെഡി ഓർ നോട്ട്' എന്നതിലെ അവരുടെ പ്രവർത്തനത്തിനും ഈ ടീം അംഗീകരിക്കപ്പെട്ടിരിക്കുന്നു.'ദി വെയിൽ' എന്ന ചിത്രത്തിലെ ഓസ്കാർ പുരസ്കാര ജേതാവായ പ്രകടനത്തോടെയാണ് ബ്രണ്ടൻ ഫ്രേസറിന്റെ കരിയറിലെ പുതിയ ഉയർച്ച ആരംഭിച്ചത്. ആ കാലഘട്ടത്തിലാണ് 'ദി മമ്മി' ഫ്രാഞ്ചൈസിയിലേക്ക് മടങ്ങിവരുന്നതിനെക്കുറിച്ച് യൂണിവേഴ്സൽ ഫ്രേസറുമായി ചർച്ചകൾ ആരംഭിച്ചതെന്ന് റിപ്പോർട്ടുണ്ട്.യഥാർത്ഥ ട്രൈലോജിയുടെ നിർമ്മാതാവായ ഷോൺ ഡാനിയേൽ, പ്രോജക്റ്റ് എക്സ് എന്റർടൈൻമെന്റിലെ വില്യം ഷെറാക്ക്, ജെയിംസ് വാൻഡർബിൽറ്റ്, പോൾ നീൻസ്റ്റീൻ എന്നിവരോടൊപ്പം പുതിയ ചിത്രം നിർമ്മിക്കാൻ തിരിച്ചെത്തും.ഡേവിഡ് കോഗ്ഗെഷാൾ തിരക്കഥ എഴുതും.'ദി മമ്മി' ഫ്രാഞ്ചൈസി ആഗോളതലത്തിൽ ×422.5 മില്യണിലധികം വരുമാനം നേടി. ഈ പരമ്പര ഒരു പ്രീക്വൽ, 'ദി സ്കോർപിയൻ കിംഗ്', ഒരു ആനിമേറ്റഡ് സീരീസ്, ഒരു തീം പാർക്ക് റൈഡ് എന്നിവയ്ക്ക് പ്രചോദനമായി. തുടർഭാഗത്തിന്റെ കൂടുതൽ കാസ്റ്റിംഗ് വിശദാംശങ്ങൾ സ്ഥിരീകരിച്ചിട്ടില്ല.



## രജനിക്കൊപ്പം സിനിമകൾ! നാല് തവണ നിരസിച്ച ഒരേ ഒരു നടി!

ഇന്ത്യയിലുടനീളം ഒരു സൂപ്പർസ്റ്റാറാണ് രജനീകാന്ത്. 74 വയസ്സുള്ളപ്പോഴും അദ്ദേഹം ഹിറ്റുകൾ സമ്മാനിക്കുന്നു. ഏതൊരു നായികയും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടും, പക്ഷേ ഈ നടി നാല് തവണ അദ്ദേഹത്തോടൊപ്പമുള്ള അവസരം നിഷേധിച്ചു. കാരണമെന്ത്?1999-ൽ പുറത്തിറങ്ങിയ രജനീകാന്തിന്റെ 'നരസിംഹ' (പടയപ്പ) എന്ന ചിത്രത്തിലെ ഒരു വേഷം അവർക്ക് ആദ്യം വാഗ്ദാനം ചെയ്യപ്പെട്ടു, പക്ഷേ അത് നിരസിച്ചു. ബോളിവുഡിൽ തിരക്കിലായ അവർ 'ബാബ'യും നിരസിച്ചു. പിന്നീട് മനീഷ കൊയ്രാള ആ വേഷം ഏറ്റെടുത്തു.'ചന്ദ്രമുഖി'യിലേക്ക് ആദ്യം പരിഗണിച്ചത് അവരെയായിരുന്നു, പക്ഷേ നടി ആ വേഷം നിരസിച്ചു, അതിനാൽ ജ്യോതികയെ തിരഞ്ഞെടുത്തു. 'ശിവാജി' എന്ന കഥാപാത്രവും അവർ നിരസിച്ചു, പിന്നീട് ശ്രിയ ശരണിന് ആ വേഷം ലഭിച്ചു. ഐശ്വര്യ റായ് ആണ് നായിക. അതായത് ഐശ്വര്യ റായ് രജനീകാന്തിന്റെ നാല് ചിത്രങ്ങൾ നിരസിക്കുകയും ഒടുവിൽ ശങ്കറിന്റെ 'റോബോ' (എന്തിരൻ) എന്ന ചിത്രത്തിൽ അഭിനയിക്കുകയും ചെയ്തു. ആ ചിത്രം ഒരു ബ്ലോക്ക്ബസ്റ്ററായിരുന്നു.

# വേടന്റെ വിയർപ്പ് തുന്നിയിട്ട കുപ്പായവും ഇലക്ഷൻ കാലത്ത് സർക്കാർ എടുത്തണിയുന്ന പളപളപ്പൻ വേഷങ്ങളും...



കേരളാ വിൻഡോ



ആന്റണി ചടയംമുറി

ഗാനരചനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ഇത്തവണ വേടനാണ്. വിയർപ്പ് തുന്നിയിട്ട കുപ്പായം എന്നു തുടങ്ങുന്ന മഞ്ഞുമ്മൽ ബോയ്സിലെ ഗാനത്തിനാണ് അവാർഡ്. പക്ഷെ, വിയർപ്പ് തുന്നിയിട്ട കുപ്പായമെല്ലാം ഉപേക്ഷിച്ച് പളപളപ്പൻ കോട്ടും സ്യൂട്ടുമായി കേരളം ഇപ്പോൾ ചെത്ത് സ്റ്റൈലിൽ നിൽക്കുന്നതായിട്ടാണ് പി.ആർ.ഡി. പരസ്യങ്ങളെല്ലാം തന്നെ. അതിദരിദ്രരില്ലാത്ത കേരളം ഇക്കഴിഞ്ഞ നവബർ ഒന്നിന് പിറന്നതായിട്ടുള്ള പരസ്യം ശ്രദ്ധിച്ചുവോ? എന്താ, നമ്മുടെ മുഖ്യന്റെ ഗമ? ഭരണകർത്താവെന്നാൽ ഇങ്ങനെ വേണം.

പാവങ്ങളെ താങ്ങി ഒരു പരുവത്തിലാക്കിയ കണക്ക് മന്ത്രി എം.ബി.രാജേഷ് പത്രസമ്മേളനം വിളിച്ചറിയിക്കുകയായിരുന്നു. അത്താഴപ്പട്ടിണിക്കാരുണ്ടോ എന്ന് ശബ്ദം താഴ്ത്തി വിളിച്ചു ചോദിച്ച് അത്താഴമുണ്ണാൻ ശ്രമിക്കുന്ന ഒരു വിഭാഗക്കാരെക്കുറിച്ച് മീശമാധവൻ എന്ന സിനിമയിൽ പരാമർശമുള്ളത് ഇവിടെ ഓർമ്മിക്കാം. ഒടുവിൽ ഉണ്ണികൃഷ്ണനാണ് ഈ കഥാപാത്രത്തെ അവതരിപ്പിച്ചത്. വളരെ ഞെരുക്കത്തിൽ കഴിയുന്ന പാവം പോലീസുകാരനെയാണ് ഒടുവിലാൻ ഈ സിനിമയിൽ അവതരിപ്പിച്ചത്. ഏതായാലും, ഒടുവിലാൻ പതിഞ്ഞ സ്വരത്തിൽ വിളിച്ചു ചോദിച്ച് തടിവട്ടമാക്കുന്ന മര്യാദ പോലും മന്ത്രി രാജേഷിന്റെ ഭാഗത്തു നിന്നുണ്ടായില്ല. ഇനി, ഈ സംസ്ഥാനത്ത് ദാരിദ്ര്യമോ? എന്ന മട്ടിലായിരുന്നു മന്ത്രിയുടെ ഭാവപ്രകടനങ്ങൾ. ഇനി ദാരിദ്ര്യമെന്ന പദപ്രയോഗത്തിന് സർക്കാർ പള്ളി വിലക്കുണ്ടാകുമോയെന്ന് ഭയപ്പെടണം.

## വേടന്റെ ഗാനവും സോഷ്യൽ മീഡിയയും

'കുതന്ത്രം' എന്ന പേരിലുള്ള വേടന്റെ റാപ്പ് ഗാനമാണ് മഞ്ഞുമ്മൽ ബോയ്സിൽ സംവിധായകൻ ഷൈജു ഖാലിദ് ഉപയോഗിച്ചത്. പെൺ സൗന്ദര്യത്തിന്റെയോ പ്രകൃതി ഭംഗിയുടെയോ ആകാശക്കാഴ്ചകളുടെയോ കാൽപ്പനികത തൊണ്ടുതീണ്ടിയിട്ടില്ലാത്ത ഈ പാട്ട് ഒരർത്ഥത്തിൽ സമൂഹത്തിൽ പുഴുക്കളെപ്പോലെ ഇഴയുന്നവരുടെ പാട്ട് എന്ന് വിശേഷിപ്പിക്കാമെന്നാണ് ചിലരുടെ വാദഗതി. വേടനെ തുണച്ചും തേച്ചും സോഷ്യൽ മീഡിയയിൽ പലരും രംഗത്തെത്തി. സമൂഹത്തിലെ അലക്കിത്തേച്ച് അവതരിപ്പിക്കുന്ന ഇവന്റ് മാമാങ്കങ്ങളുടെ അടപ്പ് തെറിപ്പിക്കുന്ന വരികളാണ് വേടന്റേത്.

ഹിരൺദാസ് മുരളിയെന്ന ആദിവാസി യുവാവിന്റെ ഈ പാട്ട് ഒരർത്ഥത്തിൽ ഇടതുമുന്നണിയുടെ പുതിയ ചങ്ങാത്തമുതലാളിത്തത്തിന് എതിരാണ്. എന്തുകൊണ്ടോ, കാണ്ടാമൃഗത്തിന്റെ തോലെടാ എന്ന പദപ്രയോഗം ചെളിയിൽ മറിയുന്ന ആ മൃഗത്തിന്റെ പ്രതീകകാഴ്ചയായി ചിലർ അവതരിപ്പിക്കുമ്പോൾ, ഇപ്പോൾ കേരളത്തിൽ അതിദരിദ്രരില്ലെന്ന് വാദിക്കുന്നവർ കാണ്ടാമൃഗത്തിന്റെ ഒന്നും ഏശാത്ത കട്ടിത്തൊലിയുള്ളവരാണെന്ന് ആരെങ്കിലും എഴുതിപ്പിടിപ്പിക്കുമോ ആവോ? ഏതായാലും യൂട്യൂബിൽ പലരും ഇപ്പോൾ തെരയുന്നത് വേടന്റെ പാട്ടുകളാണ്. ഇതിനിടെ ഈ യുവഗായകന് എതിരെയുള്ള പീഡന പരാതികൾ ഉയർത്തിക്കാണിച്ചുകൊണ്ടുള്ള ചില കമന്റുകളും യൂട്യൂബിലുണ്ട്. ഒരർത്ഥത്തിൽ, പണ്ട് സച്ചിദാനന്ദന്റെയും ഒ.വി.വിജയന്റെയും അയ്യപ്പന്റെയും അയ്യപ്പപ്പണിക്കരുടെയും മറ്റും രചനകൾ തള്ളിപ്പറഞ്ഞ വരേണ്യവർഗം, അതേ സ്വരത്തിലും കാർക്കശ്യത്തിലുമാണ് വേടനെ തള്ളിപ്പറയുന്നത്. നാളെ ഇതേ വിമർശകർ വേടന് കൈയടിക്കില്ലെന്നതിന് എന്താണുറപ്പ്?

സിനിമാഗാനങ്ങളുടെ രൂപമാറ്റം സ്വാഭാവികമായി സംഭവിക്കേണ്ടതല്ലേ? പഴയ മാടത്തരുവിക്കേസോ, വടക്കൻ വീരഗാഥയോ ആകാശദൂതോ ന്യൂഡെൽഹിയോ ബോയിംഗ് ബോയിംഗോ ഒന്നുമല്ല ഇപ്പോഴത്തെ സിനിമ. മമ്മൂട്ടിയും പെട്ടിയും കുട്ടിയും എന്ന മട്ടിൽ സിനിമയെടുത്തിരുന്ന കാലവുമല്ല അത്. ഭ്രമയുഗവും പ്രണവിന്റെ ഡിയറെ ഇറെയുമെല്ലാം പുതിയ സിനിമകളിൽ നിന്നിറങ്ങിവരുന്ന പുതു തെയ്യങ്ങളാണ്. അവയ്ക്ക് അനുസൃതമായ ഗാനങ്ങളായിരിക്കും ആ സിനിമകൾക്ക് വേണ്ടത്. അതുകൊണ്ടുതന്നെ, ഈ കാലഘട്ടത്തിനനുസരിച്ച മാറ്റം സിനിമാപ്പാട്ടിലുമുണ്ടാകും.

അന്നത്തെ ആശ്രയ പുതിയ രൂപത്തിൽ ഏ.കെ.ആന്റണി മുഖ്യമന്ത്രിയായിരിക്കെയാണ് സമൂഹത്തിലെ അതിദരിദ്രർക്കായി ഐ.എ.എസുകാരായ വിജയാനന്ദും ടി.കെ. ജോസും കൂടി ആശ്രയ എന്ന പേരിൽ ഒരു ക്ഷേമ പദ്ധതിയാരംഭിക്കുന്നത്. സംസ്ഥാനത്തെ ജനസംഖ്യയുടെ 2.5% പേർ അതിദരിദ്രരാണെന്ന് അന്ന് കണ്ടെത്തുകയുണ്ടായി. ഇവരിൽ 2 ശതമാനം പേരും ലക്ഷം വീടുകളിൽ കഴിയുന്നവരായിരുന്നു. ഉമ്മൻചാണ്ടിയുടെ കാലത്തും അതിദരിദ്രരെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കി. കേരളത്തിൽ ഇന്നുള്ളത് (2011 ലെ സെൻസസ് പ്രകാരം) 1.16 ലക്ഷം ആദിവാസി കുടുംബങ്ങളാണ്. ആദിവാസികളുടെ എണ്ണമാകട്ടെ 4.55 ലക്ഷവും. ഇവരിൽ നിന്ന് വെറും 4.5% മാത്രമാണ് പുതിയതായി തയ്യാറാക്കിയ പട്ടികയിലുള്ളത്. ഇവരുടെ തലയെണ്ണമാകട്ടെ, വെറും 6400 ആദിവാസി കുടുംബങ്ങളും!

## വടികൊടുത്ത് അടി വാങ്ങുകയാണോ നാം?

കേരളം അമേരിക്കയെക്കാൾ പുരോഗതി പ്രാപിച്ചുവെന്ന ലോക തള്ള് പല രംഗങ്ങളിലും മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന പി.ആർ.വിരുദന്മാർ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ, തങ്ങളുടെ നാട്ടിൽ നക്സലിസം വേരറ്റു പോയിട്ടില്ല അതുകൊണ്ട് 20 കോടി രൂപ തരു എന്ന് മുഖ്യമന്ത്രി കേന്ദ്രമന്ത്രി അമിത് ഷായുടെ വീട്ടിൽ പോയി ചോദിച്ചിട്ടും, ഇന്റലിജെൻസ് റിപ്പോർട്ടിൽ കേരളത്തിൽ നക്സൽ പ്രവർത്തനമില്ലെന്നു പറഞ്ഞ് കേന്ദ്രമന്ത്രി നമ്മുടെ മുഖ്യനെ മടക്കിയയയ്ക്കുകയായിരുന്നു. ഇനി രണ്ട് മേഖലകളിൽ കൂടി കേരളത്തിന് അർഹമായും ലഭിക്കേണ്ട ധനസഹായം കേന്ദ്രം തടയാനുള്ള സാധ്യതകൾ തെളിഞ്ഞുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം, പഴയ കേന്ദ്ര സർക്കാരുകൾകൊണ്ടുവന്ന ജനസംഖ്യാനിയന്ത്രണം കേരളം ഊർജ്ജിതമായി നടപ്പാക്കിയതിന്റെ പ്രത്യാഘാതമെന്നോണം നമ്മുടെ ജനസംഖ്യയിൽ സാരമായ കുറവുണ്ടായിട്ടുണ്ട്.

കേരളത്തിൽ 18% കത്തോലിക്കർ ഉണ്ടായിരുന്നതായി 2011ലെ സെൻസസ് രേഖകളിലുണ്ട്. കുട്ടികളുടെ എണ്ണം കുറച്ചതും, വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റവും ചേർന്ന് ഇന്ന് കത്തോലിക്കരുടെ എണ്ണത്തിൽ വൻകുറവാണുള്ളത്. പുതിയ സാമ്പത്തിക നയമനുസരിച്ച്, ഓരോ സംസ്ഥാനത്തെയും ജനസംഖ്യയ്ക്കനുസരിച്ച് സംസ്ഥാനങ്ങൾക്കുള്ള സാമ്പത്തിക വിഹിതം പുനർനിർണയിക്കാനുള്ള നീക്കത്തിലാണ് കേന്ദ്രം. അങ്ങനെ തീരുമാനിച്ചാൽ കേരളത്തിനുള്ള സാമ്പത്തിക വിഹിതം കേന്ദ്രം വെട്ടികുറയ്ക്കും.

## അരിക്കലത്തിൽ മണ്ണ് വാരിയിട്ടോ?

ഇന്ത്യയിൽ ഇതാദ്യമായാണ് അതിദരിദ്രരില്ലാത്ത സംസ്ഥാനമായി സ്വയം ഒരു സംസ്ഥാനം തന്നെ പ്രഖ്യാപിക്കുന്നത്. ഇന്ത്യ പല രംഗങ്ങളിലും നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ നാം എവിടെ വരെയെത്തി എന്നു ചിന്തിക്കേണ്ടതുണ്ട്. ദേശീയ തലത്തിൽ ഇന്നും കുടിവെള്ളത്തിന്റെ ഗുണമേന്മയുടെ കാര്യത്തിൽ നമ്മുടെ രാജ്യം 120 സ്ഥാനത്താണത്രെ. ഇതിനെല്ലാം വിപരീതമായി കേരളം ഇന്ത്യയ്ക്കു മാത്രമല്ല, ലോകത്തിനു തന്നെ മാതൃകയായി മാറുന്നുവെന്ന പ്രചരണം കേൾക്കാൻ സുഖമുണ്ട്. 850 പഞ്ചായത്തുകളിൽ 50 പേർ വീതമുള്ള സംഘത്തെ നിയോഗിച്ചാണ് അതിദാരിദ്ര സ്കെയിൽ അളന്നു തീർത്തതെന്ന മന്ത്രി രാജേഷിന്റെ വാദം എത്ര ബാലിശമാണെന്ന് പ്രൊഫ. ആർ. വി.ജി. മേനോനെ പോലെയുള്ള പ്രഗത്ഭർ പറയുമ്പോൾ ആ ചോദ്യത്തിന് വസ്തുതാപരമായ മറുപടി നൽകേണ്ടതിനു പകരം ഡോ തോമസ് ഐസക്കിനെ പോലെയുള്ളവരെ കൊണ്ട് ഇടതുമുഖപത്രത്തിൽ ലേഖനമെഴുതിച്ചാൽ മതിയോ?

അതിദരിദ്രരില്ലെന്ന അവകാശവാദത്തിനെതിരെ ആദ്യം ഒപ്പുവെച്ചിരിക്കുന്നത് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും മറ്റും മുഖ്യ സംഘാടകരിൽ ഒരാളായ പ്രൊഫ. ആർ.വി.ജി. മേനോനാണ്. ഡോ തോമസ് ഐസക് പ്രൊഫ. മേനോനെ പോലെയുള്ളവരെ ആ ലേഖനത്തിൽ പച്ചയ്ക്ക് പുച്ഛിച്ചിരിക്കുകയാണ്. വിജ്ഞാന കേരളം എന്ന പേരിൽ ഔദ്യോഗിക അംഗീകാരമില്ലാത്ത ഒരു പ്രോഗ്രാമിനായി 1 ലക്ഷം രൂപ വീതം പൊതുഖജനാവിൽ നിന്ന് പണംപറ്റിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ ലേഖനത്തിലെ പദപ്രയോഗങ്ങൾക്ക് കവല പ്രസംഗങ്ങളുടെ അന്തസ് പോലുമില്ലെന്നത് ഖേദകരമാണ്.

പുതിയ ദാരിദ്രരഹിതകേരളമെന്ന രണ്ടാം മുണ്ട് പഴയ ജന്മിമാർക്കൊത്ത ഹുങ്കിൽ സംസ്ഥാനം തോളത്തണിഞ്ഞതോടെ, നമുക്ക് സൗജന്യ റേഷൻ അരിവിഹിതം കേന്ദ്രം വെട്ടിക്കുറച്ചേക്കുമെന്നതാണ് പട്ടിണിപ്പാവങ്ങളെ അലട്ടുന്ന മറ്റൊരു ഭീതി. മാത്രമല്ല റേഷൻ അരി സംബന്ധിച്ച ഒരു കുംഭകോണ വാർത്ത ഈയിടെ മനോരമയിൽ കണ്ടു. സി.പി.ഐ. ഭരിക്കുന്ന ഭക്ഷ്യ വിതരണ വകുപ്പിലെ ഈ അഴിമതി പെട്ടെന്ന് വാർത്തയായി അവതരിച്ചതിനു പിന്നിലെ പക പോക്കൽ രാഷ്ട്രീയവും ചർച്ചയായിട്ടുണ്ട്.

അതിദരിദ്രരില്ലാത്ത സംസ്ഥാനത്തിന് എന്തിന് സൗജന്യ റേഷൻ നൽകണമെന്ന ചോദ്യം കേന്ദ്രത്തിൽ നിന്നുണ്ടാകാം. ഈ പ്രഖ്യാപന കോലാഹലത്തിനു പിന്നിൽ വേറെയും ഒളിച്ചുവയ്ക്കലുകളുണ്ട്.

2002ൽ ഏ.കെ.ആന്റണി തുടക്കമിട്ട ആശ്രയ പദ്ധതിയെക്കുറിച്ചോ ഇതേ പദ്ധതി വിജയകരമായി നടപ്പാക്കിയതിന് കേന്ദ്രം അന്നത്തെ കേരളാ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന് 2007ൽ നൽകിയ പുരസ്ക്കാരത്തെക്കുറിച്ചോ മിണ്ടുന്നതേയില്ല. പകരം 2021ൽ തുടങ്ങിയ പദ്ധതിയെക്കുറിച്ച് സർക്കാർ തട്ടുപൊളിപ്പൻ ഡയലോഗാണ് കാച്ചിവിടുന്നത്. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവർക്കുള്ള മഞ്ഞ കാർഡുടമകളുടെ എണ്ണം 6 ലക്ഷമാണ്. അന്ത്യോദയ അന്ന യോജന പദ്ധതിയിൽപെടുത്തിയാണ് ഇവർക്കായി കേന്ദ്രം സൗജന്യ റേഷൻ നൽകിവരുന്നത്. വയനാട്ടിലെ ജനസംഖ്യയിൽ 45 ശതമാനം ആദിവാസികളാണ്. ഇവരിൽ ഭൂരിലക്ഷവും സൗജന്യ റേഷൻ കൊണ്ട് ജീവിക്കുന്നവരാണ്. അവരുടെ വയറ്റത്തടിക്കലാകുമോ ഈ പ്രഖ്യാപനം?

## പ്രണവ് മോഹൻലാൽ അച്ഛന്റെ മോൻ...

രാഹുൽ സദാശിവന്റെ ഡീയെസ് ഇറെ എന്ന സിനിമ പ്രേക്ഷകരെ ഭയപ്പെടുത്തിക്കൊണ്ട് കളക്ഷനിൽ മുന്നേറുകയാണ്. ലത്തീൻ പദമാണ് ഡീയെസ് ഇറെ. കത്തോലിക്കാ വിശ്വാസമനുസരിച്ച് അന്ത്യവിധിനാളിനുവേണ്ടി, പതിമൂന്നാം നൂറ്റാണ്ടിൽ രചിച്ച ഗാനം പിൽക്കാലത്ത് ബീഥോവനെ പോലെയുള്ളവർ പോലും പ്രത്യേക ഈണം നൽകി അവതരിപ്പിച്ചിട്ടുണ്ട്. എന്തായാലും ഈ സിനിമയിൽ കിട്ടിയ അവസരം പ്രണവ് മുതലാക്കിയിട്ടുണ്ട്. ഒരു സംവിധായകൻ എങ്ങനെയാണ് ഒരു നടനെ തന്റെ സിനിമയ്ക്കുള്ള ടൂളായി ഉപയോഗിക്കുന്നതെന്ന ടെക്സ്റ്റ് ബുക്ക് വെർഷൻ ഈ സിനിമയിൽ കൃത്യമായി കാണാനാകും. ഉലകം ചുറ്റും വാലിബനെന്നു മാത്രം അറിയപ്പെട്ടിരുന്ന പ്രണവ് ഇനിയും നമ്മെ വിസ്മയിപ്പിക്കാൻ വരട്ടെ എന്ന വരണം.



# വോട്ടുകൊള്ള എന്ന തീവെട്ടിക്കൊള്ള..!

ഡൽഹി ഡെർബാർ

**ഒരേ ഫോട്ടോ ഉപയോഗിച്ച് രണ്ട് ബൂത്തുകളിലായി 223 വോട്ടുകൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്രീകൃതമായി വ്യാപക വോട്ട് കൊള്ള നടക്കുന്ന ഒരു രാജ്യത്ത് കോടികൾ മുടക്കി എന്തിനിങ്ങനെയൊരു തെരഞ്ഞെടുപ്പു മാമാങ്കം നടത്തുന്നു..?**

രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളിലും ഒരു തരം മരവിപ്പ് അനുഭവപ്പെടുന്ന തരംകൊള്ള!, പകൽക്കൊള്ള..!, തീവെട്ടിക്കൊള്ള..! നീതിമാനും നിഷ്പക്ഷമതിയുമായിരിക്കേണ്ട തെരഞ്ഞെടുപ്പു കമ്മീഷൻ, ഭരിക്കുന്ന പാർട്ടിക്കുവേണ്ടി ചുടുചോറ് മാന്തുന്ന കുട്ടിക്കുരങ്ങനായിമാറുന്ന കാഴ്ച എത്രമാത്രം അപലപനീയമാണ്. പ്രതിപക്ഷനേതാവ് 'രാഹുൽ ഗാന്ധിയുടെ ഈ ഗുരുതരമായ ആരോപണങ്ങൾ തിരഞ്ഞെടുപ്പു കമ്മിഷൻ തയാറാക്കിയ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ പട്ടികയിലെ എണ്ണിയെണ്ണി പറയുന്ന കാര്യങ്ങൾ അടിസ്ഥാനമില്ലാത്തതെന്നു പറഞ്ഞ് തള്ളിക്കളയാൻ കമ്മിഷനു സാധിക്കില്ല.

അല്പമെങ്കിലും അഭിമാനമുണ്ടെങ്കിൽ, ജനാധിപത്യത്തിന്റെ ഒരു കണികയെങ്കിലും ഈ മനുഷ്യനിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ഈ വിഴിപ്പുകെട്ട് വലിച്ചെറിഞ്ഞ് രാജിവെച്ചൊഴിയുകയാണ്. അതുണ്ടാകുമെന്ന് ആരും കരുതുന്നില്ല. പിന്നിലെ ബി.ജെ.പി എന്ന ആലിന്റെ തണലിലാണല്ലോ വാസം. 25 ലക്ഷം വോട്ടുകളുടെ അട്ടിമറിയാണ് ഹരിയാനയിൽ നടന്നിരിക്കുന്നത്. ഒരു സംസ്ഥാനത്തെ തെരഞ്ഞെടുപ്പിനെ തന്നെ മൊത്തമായി അട്ടിമറിക്കുകയാണ് ചെയ്തത്. ഒന്നോർക്കുക, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹരിയാനയിൽ കോൺഗ്രസ് വലിയ തിരിച്ചുവരവ് നടത്തുമെന്ന് എക്സിറ്റ് പോളുകൾ ഒന്നടങ്കം പ്രവചിച്ചിരുന്നു. ആകെയുള്ള 90 സീറ്റിൽ 46 സീറ്റാണ് കേവല ഭൂരിപക്ഷത്തിനു വേണ്ടിയിരുന്നത്. 50-60 സീറ്റുകളാണ് കോൺഗ്രസിന് മിക്ക സർവേകളും പ്രവചിച്ചത്. എൻ.ഡി.ടി.വി, ടൈംസ് നൗ, ന്യൂസ് 24 ചാണക്യ, റിപ്പബ്ലിക് ടി.വി പി മാർക്, ന്യൂസ് 18 തുടങ്ങി എല്ലാ പ്രധാന സർവേകളും കോൺഗ്രസിന് വിജയമാണ് പ്രവചിച്ചിരുന്നത്.




പത്ത് വർഷം തുടർച്ചയായി ഭരിച്ച എൻ.ഡി.എക്കെതിരെ സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരം ഉണ്ടെന്നായിരുന്നു എന്നത് തികച്ചും വാസ്തവമായിരുന്നു..! കർഷകസമരവും ഗുസ്തിതാരങ്ങളുടെ സമരവും ദലിതരടക്കമുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളുമെല്ലാം തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ചർച്ചയായിരുന്നു. ഇതെല്ലാം ബി.ജെ.പിക്ക് എതിരായിരുന്നു. വോട്ടെണ്ണലിന്റെ തുടക്കത്തിൽ വരെ കോൺഗ്രസിന് മേൽക്കൈ ഉണ്ടായിരുന്നു.

മിക്ക മാധ്യമങ്ങളും കോൺഗ്രസ് വിജയത്തിലേക്ക് എന്ന നിലയിലാണ് ആദ്യഘട്ടത്തിൽ വാർത്തകളും പുറത്ത് വിട്ടിരുന്നു. എന്നാൽ ഫലം വന്നപ്പോൾ കാര്യങ്ങളെല്ലാം തകിടം മറിയുന്ന കാഴ്ചയാണ് കണ്ടത്. 90ൽ 48 സീറ്റ് നേടിയാണ് എൻ.ഡി.എ അധികാരം പിടിച്ചത്. കോൺഗ്രസിന് 37 സീറ്റുകളാണ് ലഭിച്ചത്.

അവിടെ കോൺഗ്രസിന്റെ വിജയം തടയാൻ ബി.ജെ.പി അട്ടിമറി നടത്തിയെന്നത് പകൽ പോലെ വ്യക്തമായിരിക്കുന്നു. രാഹുൽ ഗാന്ധി ഈ പുതിയ വെളിപ്പെടുത്തലുകളെ ഹരിയാന ഹൈഡ്രജൻ ബോംബെന്നാണ് വിശേഷിപ്പിച്ചത്. അക്ഷരാർത്ഥത്തിൽ അത് സത്യവുമാണ്.

ഒരേ ആളുടെ ചിത്രം ഉപയോഗിച്ച് നിരവധി പേരുകളിലും വിലാസങ്ങളിലുമായി വോട്ട് ചെയ്തുവെന്ന് രാഹുൽ പറയുമ്പോൾ നമുക്ക് മരവിച്ചിരിക്കാനേ കഴിയൂ..! ഇതിന്റെ തെളിവുകളും അദ്ദേഹം നിരത്തി. ബ്രസീലിയൻ മോഡലിന്റെ ചിത്രം ഉപയോഗിച്ച് പത്ത് ബൂത്തുകളിലായി 22 തവണ വോട്ട് ചെയ്തെന്ന് രാഹുൽ പറയുമ്പോൾ ആ ബൂത്തിൽ ബി.ജെ.പിയുടെ പ്രവർത്തകരല്ലാതെ മറ്റാരുമുണ്ടായിരുന്നില്ലേ എന്നൊരു ചോദ്യം ഉയർന്നേക്കാം. അതിലും തട്ടിപ്പു നടന്നിട്ടുണ്ടെങ്കിൽ അതും അന്വേഷിക്കേണ്ട കാര്യമാണ്. മറ്റൊരു സ്ത്രീയുടെ ഫോട്ടോ ഉപയോഗിച്ച് 100 തവണ വോട്ട് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം തെളിവുകൾ നൽകിക്കൊണ്ട് വിശദീകരിക്കുമ്പോഴാണ് ഈ സംശയം ബലപ്പെടുന്നത്.

ഒരേ ഫോട്ടോ ഉപയോഗിച്ച് രണ്ട് ബൂത്തുകളിലായി 223 വോട്ടുകൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്രീകൃതമായി വ്യാപക വോട്ട് കൊള്ള നടക്കുന്ന ഒരു രാജ്യത്ത് കോടികൾ മുടക്കി എന്തിനിങ്ങനെയൊരു തെരഞ്ഞെടുപ്പു മാമാങ്കം നടത്തുന്നു..?

കർണാടകയിലും മറ്റും വോട്ടുചേർക്കലിലും നീക്കം ചെയ്യലിലും കണ്ടെത്തിയ ക്രമക്കേടുകൾ മുൻപു ചൂണ്ടിക്കാട്ടിയതോടെ ഹരിയാനയിൽ സമാന വിവരങ്ങൾ കമ്മിഷൻ ലഭ്യമല്ലാതാക്കിയിരിക്കുകയാണെന്നും ആ കണക്കുകൾകൂടി കിട്ടിയിരുന്നെങ്കിൽ തട്ടിപ്പിന്റെ ആഴവും വ്യാപ്തിയും ഇതിലുമേറെയാകുമായിരുന്നെന്നും രാഹുൽ ഗാന്ധി പറയുന്നുണ്ട്. സ്വദേശികൾക്കു മാത്രമല്ല, വിദേശികൾക്കു പോലും ഒരു വോട്ട് അല്ല, എത്രതവണ വേണമെങ്കിലും വോട്ടു ചെയ്യാവുന്ന അവസ്ഥയുണ്ടാക്കിവച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പു കമ്മിഷന്റെ തന്നെ വോട്ടർപട്ടികയെ അടിസ്ഥാനമാക്കിയാണ് രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾ.

തെളിവുകൾ നിസ്സാരമല്ലെന്നിരിക്കെ, അവ അന്വേഷിക്കാൻ ധാർമികമായി ബാധ്യതയുള്ള തിരഞ്ഞെടുപ്പു കമ്മിഷൻ, എന്തുകൊണ്ടു നേരത്തേ പരാതി ഉന്നയിച്ചില്ലെന്ന തികച്ചും ദുർബലമായ വാദമാണ് ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ ഒരേ തൂവൽപക്ഷികളായ ബി.ജെ.പിയും കക്ഷിചേർന്ന് പതിവുപോലെ, രാഹുൽ ഗാന്ധി രാജ്യവിരുദ്ധ ശക്തികളുമായി ഒത്തുകളിക്കുന്നു എന്ന പഴകിതുരുമ്പിച്ച ആരോപണം ആവർത്തിക്കുന്നു. തിരഞ്ഞെടുപ്പു കമ്മിഷന്റെയും ഭരണകക്ഷിയുടെയും പ്രതികരണങ്ങൾ പ്രതിപക്ഷ നേതാവിന്റെ ആരോപണങ്ങൾക്കു തെല്ലും വിശ്വസനീയമായ മറുപടി ആകുന്നതേയില്ല.

നീതിയുക്തവും സുതാര്യവുമായി തിരഞ്ഞെടുപ്പുകൾ നടത്തുകയും അതു രാജ്യത്തെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതു തിരഞ്ഞെടുപ്പു കമ്മിഷന്റെ പ്രാഥമിക കർത്തവ്യമാണ്. തെളിവുകൾ ചൂണ്ടിക്കാട്ടി രാഹുൽ ഗാന്ധി ഉന്നയിക്കുന്ന ആരോപണങ്ങളോടു കമ്മിഷൻ പുലർത്തുന്ന നിലപാട് തീർച്ചയായും അപലപനീയമാണ്, ജനാധിപത്യവിരുദ്ധവുമാണ്. പ്രിയ പൗരന്മാരെ ഇത്തരത്തിലുണ്ടാക്കിയെടുത്ത ഭരണത്തിൻ കീഴിലാണല്ലോ നാം ജീവിക്കുന്നത് എന്നത് മറക്കാതിരിക്കുക.

*എമ എൽസ എൽവിൻ*

# എന്തുകൊണ്ട് അഫ്ഗാനിസ്ഥാൻ?

ദക്ഷിണേഷ്യൻ രാജ്യമായ അഫ്ഗാനിസ്ഥാനെ പ്രകൃതിദുരന്തം വീണ്ടും പിടിച്ചുലച്ചിരിക്കുന്നു. മസാർഇ ഷെരീഫ് നഗരത്തിന് സമീപം നവംബർ 3 ന് പുലർച്ചെ 6:3 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ ഏഴ് പേർ കൊല്ലപ്പെടുകയും 150 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു. ഓഗസ്റ്റ് അവസാനം 2200ൽ അധികം ആളുകൾ കൊല്ലപ്പെട്ട ഭൂകമ്പത്തിന്റെ ആഘാതം മാറും മുൻപാണ് പുതിയ ദുരന്തം എത്തിയത്.

യുദ്ധത്താൽ തകർന്ന ഒരു രാജ്യത്ത് എന്തുകൊണ്ടാണ് ഇടയ്ക്കിടെ ഭൂചലനങ്ങൾ അനുഭവപ്പെടുന്നത്, കാരണങ്ങളും കണക്കുകളും

ഭൂകമ്പങ്ങൾ അഫ്ഗാനിസ്ഥാനിൽ സാധാരണമാണോ എന്ന ചോദ്യം പ്രസക്തമാകുകയാണ്. പരുക്കൻ പർവതങ്ങളാൽ ചുറ്റപ്പെട്ട അഫ്ഗാനിസ്ഥാൻ നിരവധി പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുള്ള ഒരു രാജ്യമാണ്. എങ്കിലും ഏറ്റവും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്നത് ഭൂകമ്പങ്ങളാണ്. ഇവ പ്രതിവർഷം ശരാശരി 560 പേരുടെ മരണത്തിനും 80 മില്യൺ ഡോളർ വാർഷിക നാശനഷ്ടങ്ങൾക്കും ഇടയാക്കുന്നു.

1990 മുതൽ 5.0 ൽ കൂടുതൽ തീവ്രതയുള്ള 355 ൽ അധികം ഭൂകമ്പങ്ങളെങ്കിലും ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്തുകൊണ്ടാണ് അഫ്ഗാനിസ്ഥാൻ ഭൂചലനങ്ങൾക്ക് സാധ്യതയുള്ളത് എന്ന ചോദ്യത്തിനുള്ള ഉത്തരം, അഫ്ഗാനിസ്ഥാന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം തന്നെയാണ് ഇതിന് പ്രധാന കാരണം എന്നതാണ്. ഇതൊരു യുറേഷ്യൻ ടെക്റ്റോണിക് പ്ലേറ്റിന്റെ അരികിലാണ് സ്ഥിതി ചെയ്യുന്നത്.



ഇന്ത്യൻ പ്ലേറ്റുമായി ഒരു ലംഘന മേഖല (Collision Zone) ഇത് പങ്കിടുന്നുണ്ട്. അതായത് ഇന്ത്യൻ പ്ലേറ്റും യുറേഷ്യൻ പ്ലേറ്റും പരസ്പരം കൂടിച്ചേരുകയോ കടന്നുപോകുകയോ ചെയ്യുന്നു. തെക്ക് ഭാഗത്തുള്ള അറേബ്യൻ പ്ലേറ്റിന്റെ സ്വാധീനവും ഈ മേഖലയിൽ ശക്തമാണ്. ഈ ഘടകങ്ങളെല്ലാം ചേർന്ന് ലോകത്തിലെ തന്നെ ഏറ്റവും ടെക്റ്റോണിക് സജീവമായ പ്രദേശങ്ങളിലൊന്നാക്കി അഫ്ഗാനിസ്ഥാനെ മാറ്റുന്നു. ഇന്ത്യൻ ഫലകത്തിന്റെ വടക്കോട്ടുള്ള ചലനവും യുറേഷ്യൻ ഫലകത്തിനെതിരായ അതിന്റെ അമർത്തലുമാണ് അഫ്ഗാനിസ്ഥാനിലെ നിരവധി ഭൂകമ്പങ്ങൾക്ക് സാധാരണയായി കാരണമാകുന്നതെന്നാണ് വിദഗ്ധർ പറയുന്നത്.

### അപകട സാധ്യതയുള്ള മേഖലകൾ

കിഴക്കൻ, വടക്കുകിഴക്കൻ അഫ്ഗാനിസ്ഥാൻ ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങളാണ്. പ്രത്യേകിച്ച് ഉസ്ബക്കിസ്ഥാൻ, താജിക്കിസ്ഥാൻ, പാകിസ്ഥാൻ എന്നിവയുമായുള്ള അതിർത്തി പ്രദേശങ്ങൾ വളരെയധികം അപകടകരമാണ്.

കാബൂൾ: ജനസാന്ദ്രതയുള്ള തലസ്ഥാനമായ കാബൂളും അപകട സാധ്യതയുള്ള മേഖലയിൽ ഉൾപ്പെടുന്നു. ഭൂകമ്പങ്ങൾ മൂലമുള്ള ഏറ്റവും ഉയർന്ന ശരാശരി നാശനഷ്ടം കാബൂളിലാണെന്ന് ഒരു പഠനം പറയുന്നു. ഇത് ഓരോ വർഷവും 17 മില്യൺ ഡോളറാണ്.

മണ്ണിടിച്ചിൽ ഭീഷണി: അഫ്ഗാനിസ്ഥാനിലെ പർവത പ്രദേശങ്ങളിൽ ഭൂകമ്പങ്ങൾ പ്രത്യേകിച്ച് അപകടകരമാണ്. അവിടെ അവ വലിയ മണ്ണിടിച്ചിലിന് കാരണമാവുകയും ജീവഹാനിയും സ്വത്ത് നഷ്ടവും വർധിപ്പിക്കുകയും ചെയ്യും. 1900 മുതൽ അഫ്ഗാനിസ്ഥാനിൽ ഏകദേശം 100 ഓളം നാശമുണ്ടാക്കുന്ന ഭൂകമ്പങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

### രാജ്യത്തിന് എങ്ങനെ പ്രതിരോധ ശേഷി വളർത്തിയെടുക്കാൻ കഴിയും?

യുദ്ധത്തിന്റെയും രാഷ്ട്രീയ അരക്ഷിതാവസ്ഥയുടെയും ഈ ഘട്ടത്തിൽ, ഭൂകമ്പ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ രാജ്യം താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് പഠനങ്ങൾ ശുപാർശ ചെയ്യുന്നു.

ഭൂകമ്പത്തെ പ്രതിരോധിക്കുന്ന നിർമ്മാണം: പുതിയ ഘടനകൾ ഭൂകമ്പത്തെ പ്രതിരോധിക്കുന്ന രീതിയിൽ നിർമ്മിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ തകർച്ച കുറയ്ക്കുന്നതിന് പുതുക്കിപ്പണിയുകയും ചെയ്യണം.

മെച്ചപ്പെട്ട നിരീക്ഷണ സംവിധാനങ്ങൾ: കൂടുതൽ സമയബന്ധിതമായ മുന്നറിയിപ്പുകൾക്കായി മികച്ച നിരീക്ഷണ, മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കണം.

ഫോൾട്ട് ലൈൻ മാപ്പിംഗ്: ദുർബല പ്രദേശങ്ങളിലെ ആളുകളെ മാറ്റിപ്പാർപ്പിക്കാൻ സഹായിക്കുന്നതിന് ജിയോസ്പേഷ്യൽ, റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഫോൾട്ട് ലൈനുകൾ കൃത്യമായി മാപ്പ് ചെയ്യണം.

പ്രകൃതിയുടെയും മനുഷ്യ നിർമ്മിത യുദ്ധങ്ങളുടെയും ഇരയായി മാറിയ അഫ്ഗാനിസ്ഥാൻ, ഭൂകമ്പങ്ങളുടെ ആവർത്തനത്തിലൂടെ വലിയ വെല്ലുവിളിയാണ് നേരിടുന്നത്. ടെക്റ്റോണിക് പ്ലേറ്റുകളുടെ നിരന്തരമായ സമ്മർദ്ദം ഈ ദുരന്തങ്ങളെ ഒഴിവാക്കാനാവാത്തതാക്കുന്നു.

എങ്കിലും, ശാസ്ത്രീയമായ നിർമ്മാണ രീതികളും, ആധുനിക മുന്നറിയിപ്പ് സംവിധാനങ്ങളും വഴി നാശനഷ്ടങ്ങൾ കുറയ്ക്കാൻ സാധിക്കും. രാജ്യത്തിന്റെ നിലനിൽപ്പിനും ജനങ്ങളുടെ സുരക്ഷയ്ക്കും, ഭൂകമ്പ പ്രതിരോധ ശേഷി വളർത്തേണ്ടത് അഫ്ഗാനിസ്ഥാന് ഒരു തന്ത്രപരമായ ആവശ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു.

# ’എസ്എം 18’ ടാറ്റൂ! സ്മൃതി മന്ദാനയ്ക്ക് പ്രതിശ്രുത വരന്റെ സ്നേഹ സമ്മാനം






